വൃത്തിന്റെ മേൽ ചന്ദ്രക്കല ് സർവ്വത്ര എഴുതുന്നതു് ആയാസകരമാകയാൽ അതിന്റെ പിന്നിൽ സ്വരം വരുന്നേടത്തും അർത്ഥത്തിൽ സംശയമുള്ളേടത്തും മാത്രം ഈ ചിഹ്നം എഴുതിയാൽ മതി എന്നു വിദ്വജ്ജനങ്ങൾ ഒരു വ്യവസ്ഥ ചെയ്യുന്നതു നന്നു. ചെയ്യു, ചെയ്യ്, ചെയ്യു ഇവ തമ്മിലുള്ള അർത്ഥഭേദങ്ങളെ പരീക്ഷിക്കുക.

55. ട, ണ, ര, ല, റ, ള എന്നിവയുടെ മുമ്പിൽ നില്ക്കുന്ന ഇകാരത്തെ എകാരമായും ഉകാരത്തെ ഒകാരമായും വികല്പേന ഉച്ചരിക്കുമെങ്കിലും പ്രായേണ എഴുതാറില്ല.

ഇടം — എടം; ഇണ — എണ; ഇര — എര; ചില — ചെല.

ഉടൽ — ഒടൽ; തുണ — തൊണ; ഉറക്കം — ഒറക്കം; ഉല — ഒല.

56. 1. അർ, ഇർ, ഉർ എന്ന പദാംശങ്ങളെ പണ്ടുപണ്ടേ ഋകാരമായുച്ചരിക്കുന്നതു കൊണ്ടു് ഋകാരത്തെ ഭാഷാസ്വത്തായി വിചാരിക്കാം.

അതൃപിണക്കം, എതൃമുഴത്തു, (രാമചരിതം), മധൃത്തു, കളൃത്തു, തൃപ്പാദം.

2. ശ്രീ മാറി തിരു, തൃ എന്നാകും. സ്വരശിഥിലവർണ്ണങ്ങളുടെ മുമ്പിൽ തിരുവും ശേഷം വർണ്ണങ്ങളുടെ മുമ്പിൽ തൃവും വരും.

a. തിരു + ഓണം = തിരുവോണം, തിരുമനസ്സു, തിരുനാൾ.

b. തൃ, — തൃക്കൈ, തൃച്ചരണം, തൃത്താലി, തൃപ്പാദം, തൃശ്ശിവപേരൂർ.

57. ആ, ഈ, ഊ എന്ന സംസ്കൃതസ്ത്രീലിംഗപ്രത്യയങ്ങളെ ഭാഷയിൽ ഹ്രസ്വമാക്കും. എന്നാൽ സമാസപൂർവ്വപദാന്തത്തിൽ ഹ്രസ്വം എഴുതരുതു. കാരണം, നിമിത്തം, മൂലം, ഹേതു എന്നീ ഗതികൾ പരമായാൽ ഹ്രസ്വം എഴുതും.

i. സംസ്കൃതം കഥാ, ലതാ, നദീ, സതീ, വധൂ, ചമൂ.

ii. ഭാഷാ കഥ, ലത, നദി, സതി, വധു ചമു.

iii. സമാസം; കഥാവസ്തു, നദീവേഗം, സതീരത്നം, വധൂവരന്മാർ.

iv. ഗതികൾ. കഥമൂലം ആജ്ഞ കാരണം, സമാസം. കഥാമൂലം ആജ്ഞാകാരണം. ഇവ തമ്മിലുള്ള ഭേദം ഗ്രഹിക്ക.

v. ധീ, ഭീ, ശ്രീ, സ്ത്രീ, ഹ്രീ, ഭൂ, ഭ്രൂ ഇവയിലെ സ്വരം ഹ്രസ്വമാകയില്ല.

vi. സംസ്കൃതത്തിലെ അവ്യയങ്ങളുടേയും തൃതീയയുടേയും ആകാരം ഹ്രസ്വമാകയില്ല.

a. അവ്യയങ്ങൾ—(i) ക്ത്വാ—കൃത്വാ, ഗത്വാ, നത്വാ, ലബ്ധ്വാ.
(ii) സദാ, യദാ, തഥാ, ഏകധാ, മിഥ്യാ, മൃഷാ.

b. തൃതീയ—(i) ഹരിണാ, ഗുരുണാ, കർത്രാ, പിത്രാ, നദ്യാ, സ്ത്രിയാ, മത്യാ.
(ii) നാമ്നാ, ഗിരാ, ഭിക്ഷാ, മനസാ, വാചാ, കർമ്മണാ.

58. i. എന്തു, എടൊ, എടാ മുതലായ ചില പദങ്ങൾ ഒഴികെ പദാദിയിലെ എകാരത്തെ യകാരമായുച്ചരിക്കുന്നതു കൊണ്ടു യകാരാദിസംസ്കൃതപദങ്ങളെ എകാരാദിയായെഴുതും.

യജമാനൻ—എജമാനൻ, യന്ത്രം—എന്ത്രം, യമൻ—എമൻ.

ii. വന്നു + എങ്കിൽ = വന്നങ്കിൽ, പിന്നെ + ഉം = പിന്നയും ഇത്യാദികളിൽ എകാരത്തിന്നു പകരം അകാരം എഴുതുന്നതു തെററാകുന്നു.

iii. പദാദിയിൽ ഔവും പദാന്തത്തിൽ ഐ, ഒ, ഔ എന്ന സ്വരങ്ങളും വരികയില്ലെന്നു ലീലാതിലകം വിധിക്കുന്നു (III. 1). ഇതിൽ നിന്നു പദാന്തത്തിൽ ഓ മാത്രം വരും എന്നും പദാദിയിലെ ഔകാരം ഉച്ചാരണവൈകല്യത്താൽ ജനിച്ചതെന്നും അനുമാനിക്കാം.

iv. ഐ, ഔ എന്നിവയുടെ ഉച്ചാരണത്തിൽ ദ്രാവിഡഭാഷകളിൽ നല്ല വ്യവസ്ഥ ഇല്ല. ഐകാരത്തെ അയ്, (അയി) എയ് (എയി) എന്നും ഔകാരത്തെ അവ് (അവി) എന്നും ഉച്ചരിക്കും. പദാംഗങ്ങളായ അയ്, അവ് എന്നിവക്കു പകരം ഭാഷയിൽ ഐ, ഔ എന്നീ സ്വരങ്ങളെ എഴുതും.

ഐ—1. അയ്—ഐരാവതം—അയിരാവതം, വൈയാകരണൻ—വയ്യാകരണൻ, വൈയാസകി—വയ്യാസകി.

2. എയ്—ദൈവം—ദെയ്വം.

ദയിത—ദൈയ്യ—ദെയ്യ—ദൈത, ആര്യർ—അയ്യർ—ഐയ്യർ; അഞ്ചു+അർ—ഐവർ അഞ്ചുമൂന്നു=ഐമൂന്നു, ആയമ്പാടി—ഐമ്പാടി.

ചെയ്ധാതുവിന്റെ രൂപമായ കൈ (കരം) എന്നതിന്റെ ആദ്യരൂപം കെയ് (കർണ്ണാടകം, കയി, ഗെയി) ആകയാൽ കയ്വശം, കയ്യിൽ, കയ്യെഴുത്തു മുതലായി ഗുണ്ടർട്ട് കോശത്തിൽ കാണുന്ന സമാസങ്ങളെല്ലാം സാധു തന്നെ.

59. i. കര, പച്ച, വട, കത, കതിര, തല, മഴ, പാള മുതലായ അകാരാന്തകൾ തമിഴിൽ ഐയിലും തുളുകർണ്ണാടകങ്ങളിൽ എയിലും അവസാനിക്കും. ഗംഗാ, രാധാ മുതലായ സംസ്കൃതപദങ്ങൾ ഭാഷയിലും തെലുങ്കിലും അകാരാന്തമായിരിക്കും. 1. തലൈക്കു, 2. തലെയ്ക്കു, 3. തലെക്കു, 4. തലയ്ക്കു, 5. തലക്കു ഈ രൂപങ്ങളുടെ സാധുത്വം ദേശാചാരം കൊണ്ടു തീർച്ചപ്പെടുത്തേണം. ചെയ്യ

വേണം — ചെയ്യേണം — ചെയ്യെണം — ചയ്യണം എന്ന രൂപങ്ങൾ പ്രയോഗിച്ചു കാണുന്നതു കൊണ്ടു് ഇന്നതേ സാധുവെന്നു വൈയാകരണനു വിധിച്ചുകൂടാ. പ്രയോഗപ്രാചുര്യം തന്നെ പ്രമാണം.

ii. "ആനൈ, പൈ, എന്നും മററും ഐകാരാന്തപദം പാണ്ഡ്യഭാഷയാണു; അതു കേരള ഭാഷയല്ല" എന്ന ലീലാതിലക സിദ്ധാന്തത്തിനു വിരുദ്ധമായി "ആരുമൈ (4), അവരൈ (7), നിറൈന്ത (59), പൂന്തഴൈക്കുഴലാൾ, ചീതൈ (73)* മുതലായ രാമചരിതപ്രയോഗങ്ങൾ ഉള്ളതു കൊണ്ടു ഒരിക്കൽ ഭാഷയിൽ പദാന്തത്തിൽ ഐകാരം ഉണ്ടായിരുന്നു എന്നു തോന്നും എങ്കിലും രാമചരിത്രത്തിലെ അക്ഷരവ്യന്യാസം അവ്യവസ്ഥിതമാകയാൽ തിലകത്തെ ഖണ്ഡിച്ചുകൂടാ. നിറൈന്തു എന്നും നിറന്തു എന്നും (70) പാട്ടിൽ തന്നെ കാണുന്നതു കൊണ്ടും ഈ വിധപ്രയോഗങ്ങൾ പാണ്ഡ്യഭാഷാനുകരണങ്ങളെന്നും 'പാട്ടു' എന്ന കാവ്യവിശേഷത്തിൽ പാണ്ഡ്യഭാഷാനുകരണത്തെ അനുവദിച്ചിരിക്കുന്നു എന്നും ലീലാതിലകം പറയുന്നു. അതു കൊണ്ടു് ഐകാരാന്തപദങ്ങൾ ഭാഷയല്ല.

iii. ഗുണ്ടർട്ടിന്റേയും ബെലിയുടേയും കോശങ്ങളിൽ കാണുന്ന അടെക്ക, അടെപ്പു, ഇണെക്ക, മറെക്ക മുതലായ പദങ്ങളിലെ എകാരത്തിനു പകരം തെക്കിൽ ഇപ്പോൾ അയ് നടപ്പാകുന്നു. ആ എകാരം കർണ്ണാടകത്തിന്റെ അനുകരണത്താൽ വടക്കിൽ വന്നതെന്ന വാദത്തെ ബെലികോശം ഖണ്ഡിക്കുന്നു.

60. ഔകാരത്തെ അവ്, അവു എന്നുച്ചരിക്കുന്നതു കൊണ്ടു പദാന്തർഗ്ഗതമായ അവ്, അവു എന്നിവയും ഔകാരമായ്പ്പോരും.

ക്രമുകം — കമുക — കവുങ്ങ — കൌങ്ങ, ഞവരി — ഞൌരി, കവടി = കൌടി, കവുൽ — കൌൽ, ഗവനിക — ഗൌനിക. ഔഷധം — അവുഷധം (അവിഴതം).

61. i. അനുസ്വാരോച്ചാരണം ഭാഷയിൽ ഇല്ല. അതിന്റെ ചിഹ്നത്തെ മകാരത്തിനു പകരം എഴുതും. അനുസ്വാരത്തിന്റെ പിന്നിൽ സ്വരം വന്നാൽ മകാരത്തെ തന്നെ എഴുതും. അതിനു പരം കവർഗ്ഗം, പവർഗ്ഗം, അന്തസ്ഥകൾ, ഊഷ്മാക്കൾ എന്നിവ വന്നാൽ അനുസ്വാരം തന്നെ എഴുതും. ശേഷം വ്യഞ്ജനങ്ങൾ വന്നാൽ വർഗ്ഗീയാനുനാസികം വരും.

a. സ്വരം, ഗുണം ആയി = ഗുണമായി. ദോഷമില്ല. ഫലമുണ്ടു.

b. വരും കാലം, ഗംഗ, ശംഖം, സംഘം, അലംകാരം.

c. വരുംപോൾ, സംപാദ്യം, സംഫുല്ലം, ബിംബം, സംഭാരം.

---

*ഈ അക്കങ്ങൾ പാട്ടിന്റെ സംഖ്യയാകുന്നു.

d. സംയമം, സാരംഭം. സ്വയംവരം, സംവത്സരം.

e. സംശയം, സംഹാരം.

f. സംചാരം — സഞ്ചാരം, സഞ്ജയൻ, ഝഞ്ഝ.

g. കണ്ഠം, ഷണ്ഡം, ഖണ്ഡനം.

h. തന്ത്രം, തന്ത്ര, ചന്ദനം, സന്ധാനം, സന്ന്യാസി, സന്ദർഭം, സന്തതി.

ii. ശങ്ക, സങ്ഗതി, സങ്ഖ്യ, സങ്ഘാതം എന്നിങ്ങനെ ങ്കകാരം സംസ്കൃതത്തിൽ എഴുതുമെങ്കിലും അനുസ്വാരം എഴുതുന്നതിന്നു സൌകൎയ്യം ഉള്ളതു കൊണ്ടു ശംക, സംഗതി എന്നിങ്ങിനെ എഴുതും. ങ്ക = ങ്ങ ആകയാൽ അതിനെ ഉപയോഗിക്കാം. ശങ്ങ. ശാൎങ്ഗം, പങ്ക്തി എന്നിവയിലെ ങകാരത്തിന്നു പകരം അനുസ്വാരവും എഴുതും. ശാംഗം, പാംക്തി.

iii. ങ്ക = ങ്ങ. മ്പ = മ്മ ആകയാൽ കങ്ങം, കമ്മാ എന്നും എഴുതും. എന്നാൽ മാൻകുട്ടി, വൻകര, അൻപു, അമ്പു എങ്ങനെ ഉച്ചാരണപ്രമാണമാക്കി എഴുതണം.

iv. വിസൎഗ്ഗം ഭാഷയിൽ ഇല്ലായ്കയാൽ അന്തഃകരണം അന്തഃപുരം മുതലായവ അന്തപ്പുരവും അന്തക്കരണവും ആയി ചിലർ ഉച്ചരിക്കും.

(b) വ്യഞ്ജനോച്ചാരണ.

62. 1. പദാദിയിലും ദ്വിത്വത്തിലും ഖരങ്ങളെ (i) അഘോഷങ്ങളായും മറ്റുള്ളേടത്തു (ii) മൃദുക്കളായും ഉച്ചരിക്കും.

i. കടം, കാക്ക, ചാമ, ചായിച്ചു, ടപ്പാൽ, പട്ടം, തത്ത, പരിപ്പു.

ii. കാങ്കം, അങ്കം, വാഴ്ക, അഞ്ചു, അച്ചൻ, അതു, വീടു, അന്തം, കണ്ടു.

2. അനുനാസികങ്ങളുടെ പിന്നിൽ ഖരങ്ങളെ മൃദുക്കളായും മൃദുക്കളെ അനുനാസികങ്ങളായും ഉച്ചരിക്കുന്നു.

അംകം	പഞ്ചമം	കണ്ടം	മന്താ	കംപാ
അംഗം	അഞ്ജനം	കാണ്ഡം	മന്ദം	അംബ

3. വട്ടെഴുത്തിൽ മൃദുക്കൾ ഉണ്ടായിരുന്നില്ല. മൃദുക്കളുടേയും പ്രവൃത്തി ഖരങ്ങൾ ചെയ്യേണ്ടി വന്നു. അംകം, അംഗം മുതലായ പദങ്ങളെ ഒന്നു പോലെ ഉച്ചരിച്ചു.

അംകതൻ 112, (അംഗദൻ) അംകലീയം (അംഗുലീയം) 11, പണ്ഡിതൻ

55 (പണ്ഡിതൻ), ചാംപവാൻ (ജാംബവാൻ) 106 എന്ന രാമചരിതപ്രയോഗത്തിൽ നിന്ന് ഉച്ചാരണൈക്യം നിശ്ചയിക്കാം. അംഗം (അങ്ങം) അണ്ഡം (അണ്ടം = അല്ലം) എന്ന ഇപ്പോഴത്തെ ഉച്ചാരണഭേദം അർത്ഥഭേദത്തെക്കാണിപ്പാൻ ഉണ്ടായതാകുന്നു.

ആക്ഷേപകം. കർണ്ണാടകത്തിൽ എട്ടു എന്നർത്ഥത്തിൽ എൺട്ട ent̤u, ഉണ്ട് എന്ന അർത്ഥത്തിൽ ഉൺട്ട unt̤u, സംസ്കൃതത്തിലെ നിഘണ്ട = nighant̤u എന്നീ ഉച്ചാരണങ്ങളെക്കാണിപ്പാൻ ഭാഷയിൽ മാർഗ്ഗമില്ല. ഹിന്ദു ഇപ്പോൾ ഹിന്ദുവായി. ആംഗ്ലേയം ആങ്ങ്ലേയം ആയിട്ടില്ല. ഭാഗ്യം.

63. ന ണ എന്ന യുഗ്മം നകാരണത്തിന്റെ ഉച്ചാരണഭേദം കാണിക്കും. പദാദിയിലും സംയോഗാന്തത്തിലും ദന്ത്യമായ നകാരവും അപദാദിയിലും സംയോഗാദിയിലും ദന്താഗ്ര്യമായ ണകാരവും ആയി ഉച്ചരിക്കും.

ന—നട, നിങ്ങൾ, നേരം, രത്നം, അഗ്നി, പ്രശ്നം, സ്നാനം.

ണ—ആന, പനി, വിമാനം, വൻകര, തിന്മാൻ.

എന്നാൽ, വന്നാൽ, കന്നി, പന്നി, മുതലായവയിലെ നകാരോച്ചാരണം ഗുരുമുഖത്തിൽ നിന്നു ഗ്രഹിക്കേണം.

64. i. ജിഹ്വാഗ്രമദ്ധ്യം കൊണ്ടു ദന്തമൂലങ്ങളെത്തൊടീച്ച് ഓഷ്ഠങ്ങളെ തുറന്നു സൃകപകളെ ദൂരത്താക്കി രേഫത്തെ ഉച്ചരിക്കും. ജിഹ്വാഗ്രമദ്ധ്യംകൊണ്ടു ദന്തമൂലങ്ങളെത്തൊട്ട് അധരഹനു അല്പം താഴ്ത്തി ലകാരം ഉച്ചരിക്കും. ഈ ഉച്ചാരണം തൈത്തിരീയപ്രാതിശാഖ്യത്തിൽ (II. 41-42) വിധിച്ചതാകുന്നു. യകാരസ്പർശലേശത്തോടു കൂടിയ രലകളുടെ ഉച്ചാരണം കേരളത്തെങ്ങും ചോളപാണ്ഡ്യദേശങ്ങളിൽ തൈത്തിരീയശാഖാധ്യയനത്തിലും ഉണ്ടു. മററു പ്രദേശങ്ങളിൽ രേഫത്തെ റകാരമായും ലകാരത്തെ കേവലം ദന്ത്യമായും ഉച്ചരിക്കുന്നതു ഋക്പ്രാതിശാഖ്യാനുസാരമാകുന്നു.

ii. രേഫം സംയോഗത്തിൽ വരുമ്പോൾ മൃദുക്കൾ ഒഴികെയുള്ള വ്യഞ്ജനങ്ങളുടെ ശേഷം അതിനെ റകാരമായി ഉച്ചരിക്കും.

ര-ഗ്രാമം (ഗ്ʼരാമം), വജ്രം (വജ്ʼരം), അദ്രി (അദ്ʼരി), ബ്രഹ്മം (ബ്ʼരഹ്മം)

റ-ക്രമം (ക്റമം), ത്രാണം (ത്ʼറാണം), പ്രകാരം (പ്ʼറകാരം).

iii. സംയോഗാദിയിലും യ, ശ, ഷ, ഹ എന്നിവയുടെ മുമ്പിലും വരുന്നതു രേഫവും അന്യത്ര വരുന്നതു റകാരവും ആകുന്നു.

ര-ധൈര്യം, കർശനം, ഹർഷം, അർഹൻ.

റ-അർക്കൻ, വർഗ്ഗം, തർജ്ജനം, വർണ്ണം, നർത്തനം, നിവൃത്തി.

65. **i.** ആൽ, നാൽ, പാൽ, മുതലായവയിലെ ചില്ലു ലകാരവും, ആൾ, നാൾ, വാൾ മുതലായവയിലെ ചില്ലു ളകാരവും ആകുന്നുവെങ്കിലും ഇവയുടെ രൂപങ്ങൾ തകാരത്തിൽ നിന്നും ടകാരത്തിൽ നിന്നും ഉണ്ടായവ തന്നെ. ഇവയെ സംസ്കൃതപദത്തിലെ തകാരടകാരങ്ങൾക്കു പകരം ഉപയോഗിച്ചപ്പോൾ ഭാഷയിൽ ലളകാരങ്ങളായി ഉച്ചരിച്ചു പോന്നുവെങ്കിലും സംസ്കൃതകൃതികളെ വായിക്കുമ്പോഴും നാഗരിയിൽ പകൎക്കുമ്പോഴും ഈ ഉച്ചാരണം ആധാരമാക്കി പ്രവൃത്തിക്കരുതു. മലയാളമറിയാത്ത പരീക്ഷകന്മാർ കേരളീയപരീക്ഷ്യരുടെ സംസ്കൃതവാക്യങ്ങളിൽ ഉച്ചാരണാനുസാരമായ അക്ഷരവിന്യാസം കണ്ടു് അതു് അശാസ്ത്രീയമെന്നു നിൎണ്ണയിക്കും.

തകാരം-ജഗൽ, മരുൽ, ശരൽ, തസ്മാൽ. ഇവിടെ ൽ = ല്.

ടകാരം-ഷാൾ, വിരാൾ, പരിവ്രാൾ, മധുലിൾ. ഇവിടെ ൾ = ള്

ii. ത് (ദ്), ട് (ഡ്) എന്നിവക്കു സവൎണ്ണമോ അന്തഃസ്ഥയോ സ്വരമോ സവൎണ്ണമോ പരമായാൽ ഇവക്കു സഹജമായ ഉച്ചാരണം ഉണ്ടാകും.

(a) മഹൽ + ത്വം — മഹത്ത്വം, സൽ + ത്താ = സത്താ, തൽ + ദാനം — തദ്ദാനം, മൽ + ധനം = മദ്ധനം. മദ്യം, മുദ, ഉദയം, മരുത്തു, മരുത്തിനു, ജഗത്തിന്റെ.

(b) തൽ + ടീക = തട്ടീക, നാട് + യം — നാട്യം, ഷട്പ, രാഷ്ട്രം, പരിവ്രാട്ടു, വിരാട്ടിന്റെ.

iii. മററു വ്യഞ്ജനങ്ങൾ വന്നു സംയോഗം ഉണ്ടായാൽ ആദ്യതദകാരങ്ങളെ ലകാരവും ആദ്യടഡകാരങ്ങളെ ളകാരമായും ഉച്ചരിക്കും.

ത്-ല്-തൽകാലം തല്പാദം, തൽഫലം, താൽപൎയ്യം, മത്സരം, ആത്മാവു.

ദ്-ല്-പദ്മം (പത്മം), ഉദ്ഭവം (ഉത്ഭവം), സദ്മം (സത്മം), അദ്ഭുതം (അത്ഭുതം).

ഇവിടെ പദ്മം മുതലായി ആദ്യം എഴുതിയവ സംസ്കൃതരീതിയാകുന്നു. ഇതു പോലെ എഴുതുന്നതു് ഉത്തമപക്ഷം. പത്മം മുതലായവ ഭാഷയിലെ നടപ്പു് എങ്കിലും സംസ്കൃതസന്ധിക്കു വിരുദ്ധമാകുന്നതു കൊണ്ടു പരീക്ഷ്യർ സൂക്ഷിക്കേണ്ടതാകുന്നു.

ട്-ഡ്-ഖഡ്ഗം (ഖൾഗം), ഷാഡ്ജം (ഷാൾജം).

iv. ടതകാരാന്തനാമങ്ങളുടെ പിന്നിൽ സ്വരാദിപദം വന്നു സമാസിച്ചാൽ സംസ്കൃതസന്ധിപ്രകാരം ഡദകാരങ്ങൾ വരും.

പരിവ്രാട് + ഈശൻ = പരിവ്രാഡീശൻ, വിരാട് + ആകാരം — വിരാഡാകാരം, ജഗൽ + ഈശൻ = ജഗദീശൻ; മരുൽ + അധിപൻ = മരുദധിപൻ.

v. സംസ്കൃതസംയോഗാദിയായ തകാരങ്ങളെ ലകാരമായുച്ചരിക്കുമെങ്കിലും അവയുടെ സ്ഥാനത്തു ലകാരം എഴുതുന്നതു ന്യായമല്ല.

താൽപര്യം — താല്പര്യം; ഉത്സാഹം — ഉല്സാഹം, ഗദ്ഗദം — ഗല്ഗദം, സദ്ഗുണം — സല്ഗുണം ഇത്യാദികളിൽ ആദ്യത്തേവ സാധു.

vi. വല്ക്കലം, വല്ഗു, അല്പം, മുതലായി സംസ്കൃതത്തിൽ ലകാരാദിസംയോഗങ്ങളിൽ തകാരം എഴുതരുതു. വൽക്കലം, വൽഗു, അൽപം ഇങ്ങനെ എഴുതുന്നതു തെററാകുന്നു.

vii. ബെയിലി ഈദൃശശബ്ദങ്ങളെ സംസ്കൃതരീതിയെ പ്രമാണിച്ചും ഗുണ്ടർട്ട് സാധാരണനടപ്പിനേയും ആധാരമാക്കിയും കോശങ്ങളിൽ ചേർത്തിട്ടുണ്ടു. ഈ കോശങ്ങളിൽ അർത്ഥം പറയാത്ത സംസ്കൃതപദങ്ങളുടെ അർത്ഥം അറിയുവാൻ സംസ്കൃതകോശത്തെ നോക്കേണ്ടി വരുമ്പോൾ സംസ്കൃതരീതി ആവശ്യമാണല്ലോ. ഒരു നിശ്ചിതമായ വ്യവസ്ഥ ചെയ്യുന്നതു സംശയനിവൃത്തിക്ക് അത്യാവശ്യം തന്നെ.

66. ഋഗ്വേദത്തിൽ രണ്ടു സ്വരങ്ങളുടെ ഇടയിലുള്ള ഡകാരത്തെ ളകാരമായുച്ചരിക്കും. ഭാഷയിൽ ചില പദങ്ങളിലേ ഡകാരത്തെ ളകാരമായുച്ചരിക്കും.

i. ഡ—ഇഡ—ഇള; ഗുഡം—ഗുളം; ഗുടിക—ഗുളിക; ജഡം—ജളം; ചോഡം—ചോളം; നാഡിക—നാളിക; വ്രീഡ—വ്രീള; ക്ഷ്വേഡ—ക്ഷ്വേള, ബഡിശം—ബളിശം. എന്നാൽ ഖഡ്ഗം, സമ്രാഡ് മുതലായവയിലെ ളകാരോച്ചാരണം സംസ്കൃതത്തിലില്ല.

ii. ളകാരത്തെക്കുറിച്ചു പാണിനീയത്തിൽ ഒന്നും പറഞ്ഞിട്ടില്ലായ്കയാൽ ലളകൾക്കു ഉച്ചാരണത്തിൽ ഭേദമില്ലെന്നു ചിലർ പറയുന്നുവെങ്കിലും അവർ തന്നെ പദാദിയിലും ലകാരദ്വിത്വത്തിലും ലകാരത്തെ ളകാരമായി ഉച്ചരിക്കാറില്ല. പദമദ്ധ്യത്തിൽ ലകാരത്തെ എപ്പോൾ ളകാരമായി ഉച്ചരിക്കേണം എന്നതു് ഇന്നും തീർച്ചപ്പെടുത്തീട്ടില്ല. ഈ ളകാരം ദ്രാവിഡഭാഷകളുടെ സമ്പർക്കത്താൽ ദാക്ഷിണാത്യരുടെ സംസ്കൃതോച്ചാരണത്തിൽ കടന്നുകൂടിയതാകുന്നു. (ലീലാതിലകപരിഭാഷ 24-ാം പുറം നോക്കുക.)

iii. ചില സംസ്കൃതലകാരത്തെ ഭാഷയിൽ വിഭാഷയായി ളകാരമായി ഉച്ചരിക്കും. ഉത്തരദേശത്തിൽ അച്ചടിച്ച സംസ്കൃതപുസ്തകങ്ങളിൽ എങ്ങും ളകാരം കാണുകയില്ല. ലകാരത്തിന്നു പകരം ളകാരം ഉപയോഗിച്ച പദങ്ങളെ താഴെ കാണിച്ചിരിക്കുന്നു. ഈ സംഗതിയാൽ ദ്രാവിഡഭാഷകൾ തമ്മിൽ യോജിക്കാറില്ല.

അന്തരാളം, അന്ദോളം, അൎഗ്ഗളം, അപതാളം, അളക, അളി, അളിന്ദം, അളീകം, ആന്ദോളം, ആളീ, ആവളി, ഇള, ഈളിതം, ഊഷ്മളം, ഐളവിളി, കങ്കാളം, കജ്ജളം, കദളി, കബളം—കവളം, കംബളം, കരവാളം, കരാളം, കളം, കളങ്കം, കളഞ്ജം, കളത്രം, കളഭം, കളങ്കം, കളിന്ദൻ, കളേബരം, കാകോളം, കാദളം, കാഹളം, കാളം, കാളി, കാളിദാസൻ, കുളിമ, കശ്മളം—കദ്മളം, കുന്തളം, കുളകം, കുളീരം, കേരളം, കേളി, കോമളം, കൌളികൻ, ക്ഷാളനം, ക്ഷേപളം, ഖുരളി, ഗരളം, ഗളം, ഗളിതം, ഗുളിക, ഗുളം, ഗൌളി, ചണ്ഡാളൻ, ചാളുക്യൻ, ചൂളകം, ചൂളിക, ചോളം, ജളം, ജളൂക, തളം, തരളം, താളം, തുളസി, ദന്താവളം, ദളം, ദോഹളം, ദോളം (ധോള, യന്ത്രം), ദ്രമിളം, ധവളം, ധാരാളം, ധൂളനം, ധൂളി, നളം, നളൻ, നളിനം, നാളികേരം, നാളം, നിഗളം, നിഷ്കളം, നേപാളം, പരിമളം, പാതാളം, പാളി, പിംഗളം, പുളകം, പുളിനം, പുളിന്ദൻ, പ്രവാളം, പ്രളയം, ബഹളം, ബളിശം, മംഗളം, മഞ്ജുളം, മണ്ഡളം, മരാളം, മദ്ദളം, മാംസളം, മാളവം, മിളിതം, മുരളി, മൃണാളം, മേളം, യുഗളം, രസാളം, ലളിതം, ലാളനം, വഞ്ചുളം, വഞ്ജുളം, വള്ളി, വള്ളൂരഃ, വിളംബം, വിളാസം, വൃഷളൻ, വേതാളം, വേള, വൈതാളികൻ, വ്യളീകം, വ്യാളം, വ്രീള, ശകുന്തള, ശബളം, ശീതളം, സകളൻ, സമ്മേളനം, സരളം, ഹിന്ദോളം.

iv. ഇവയുടെ സമാസങ്ങളും തദ്ധിതങ്ങളും ഈ ഗണത്തിൽ ചേരേണ്ടവ തന്നെയെങ്കിലും സ്ഥലച്ചുരുക്കം നിമിത്തം അവയെ വിടേണ്ടിവന്നു.

നിൎഗ്ഗളം, അനിൎഗ്ഗളം, രത്നാവളീ, അവിളംബം, ഭാഷാശാകുന്തളം, ലാളിത്യം.

v. കാലം—കാളം. കാലഗതി, കാളമേഘം, സകലം—സകളം മുതലായവയിൽ ലളകാരഭേദത്താലുണ്ടാകുന്ന അൎത്ഥഭേദങ്ങളേയും ഗ്രഹിക്കേണ്ടതാകുന്നു.

vi. ലകാരത്തെ ദന്ത്യമായുച്ചരിക്കുന്നുവെങ്കിലും സംയോഗാന്തത്തിൽ അതിനെ കൎണ്ണാടകത്തിലെ ലകാരം പോലെയോ ളകാരം പോലെയോ ഉച്ചരിക്കും. ഉ— ക്ലേശം, ഗ്ലാനി, പ്ലവം, ശ്ലോകം. മുഹമ്മദീയർ ഈശ്വരവാചകമായി ഉപയോഗിക്കുന്ന Allah, अल्ल, ಅಲ್ಲ എന്നതിന്റെ ഉച്ചാരണം കാണിപ്പാൻ മലയാളത്തിൽ ലിപിയില്ലാത്തതു കൊണ്ടു് അള്ള എന്നു് എഴുതുമെങ്കിലും ഉച്ചാരണം അതല്ല.

67. 1. പദാദിയിൽ സംയോഗങ്ങളുടെ ഉച്ചാരണത്തിലും ഒരു വിശേഷവും ഇല്ലെങ്കിലും അപദാദിയിൽ സംയോഗത്തിന്റെ ആദ്യവ്യഞ്ജനത്തെ ഇരട്ടിച്ചുച്ചരിക്കും.

ഗ്രാമം, അഗ്രം-അഗ്ഗ്രം, പക്ഷം-പക്ക്ഷം.

2. ഹന, ഹമ എന്ന സംയോഗങ്ങളെ ന്ഹ, മ്ഹ എന്നു ഉച്ച രിക്കാം.

മദ്ധ്യാഹ്നം, ആഹ്നികം, ബ്രഹ്മാ.

68. 1. താഴെ കാണിച്ച രൂപങ്ങളുടെ അന്ത്യസ്വരങ്ങൾക്കു പദ്യത്തിൽ ദീർഘം വരുമെങ്കിലും ഗദ്യത്തിൽ വരാൻ പാടില്ല.

i. ദ്വിതീയ, കൃഷ്ണനെ, കുട്ടിയെ.

ii. ഷഷ്ഠി, രാമന്റെ, കുട്ടിയുടെ.

എന്നാൽ എകാരത്തിന്റെ പിന്നിൽ ഉം വന്നാൽ അതു ദീർഘിക്കും.

രാമനേയും, കുട്ടിയേയും, രാമന്റേയും കുട്ടിയുടേയും.

iii. ഭൂതകാലം-ഓടി, മുങ്ങി, എടുത്തു, വന്നു.

iv. നിമന്ത്രണം-കേൾക്കട്ടെ, പഠിക്കട്ടെ.

v. നിഷേധക്രിയാന്യൂനം ചെയ്യാതെ, വരാതെ.

2. ഓടു എന്ന വിഭക്തിപ്രത്യയത്തേയും ഊ എന്ന ഭാവിപ്രത്യയത്തേയും ഗദ്യത്തിൽ ഹ്രസ്വമാക്കാൻ പാടില്ല.

രാമനോടു, ബലത്തോടേ, അറിയിക്കൂ, പോവൂ.

3. ഇല്ല, അല്ല എന്നിവ ഒഴികെയുള്ള നിഷേധരൂപങ്ങളുടെ ആകാരം ഹ്രസ്വമാകരുതു.

കൂടാ, കഴിയാ, വരാ, വയ്യാ, വേണ്ടാ.

4. എനിപാതത്തിനു (i) മാത്രം (ii) അവിടെയുള്ള എന്ന അർത്ഥമാകുമ്പോഴും (iii) ഓനിപാതം ചോദ്യത്തിൽ ഉപയോഗിക്കുമ്പോഴും ദീർഘമായിരിക്കും.

i. ഏ. രാമനേ വന്നുള്ളു. അഞ്ചു കുട്ടികളേ ജയിച്ചുള്ളു.

ii. ഏ. കാട്ടിലേ ആന, നാട്ടിലേ വർത്തമാനം, ഗ്രാമത്തിലേ ഭിക്ഷ.

iii. ഓ. രാമൻ വന്നുവോ? നീ അദ്ദേഹത്തെ കണ്ടുവോ?

iv. എനിപാതത്തിന്റെ പിന്നിൽ വ്യഞ്ജനത്തിനു ദ്വിത്വം വന്നാൽ അതിനെ ഹ്രസ്വവും ആക്കാം.

ജലത്തിലേ പോളകൾ-ജലത്തിലെപ്പോളകൾ.

5. പ്രധാന്യം കാണിപ്പാൻ സ്വരങ്ങളെ നീട്ടിയുച്ചരിക്കാറുമുണ്ടല്ലോ.

വളരേ പറഞ്ഞു, അധികം ധനം.

69. എഴുത്തിൽ ആദരിക്കേണ്ട നിയമങ്ങളെ (ഖ്വാ. 14)ൽ പറഞ്ഞതിനെ ഓർക്കുക:—

വ്യസ്തപദങ്ങളെ വിട്ടു വിട്ടെഴുതേണം. സന്ധിസമാസങ്ങളാൽ ഒന്നിച്ചുകൂടുന്ന പദങ്ങളെ മുറിച്ചെഴുതരുതു. നമ്മുടെ കാൎയ്യസിദ്ധിക്കായി സ്വാഭിപ്രായം എഴുതി അറിയിക്കുന്നതു കൊണ്ടു് എഴുത്തു നന്നായിട്ടില്ലെങ്കിൽ ഉദ്ദിഷ്ടകാൎയ്യം ഫലിക്കുമോ? വായനക്കാരുടെ ക്ലേശങ്ങളെ ലഘൂകരിക്കുന്നതാകുന്നു ബുദ്ധിചാതുൎയ്യം.

പരീക്ഷ 52—69.

1. പാഠപുസ്തകത്തിൽനിന്നു് ഒരു ഭാഗം വായിച്ചു് അതിലെ ഉച്ചാരണവിശേഷങ്ങളെ വിവരിക്കുക. 2. (a) ഭൎത്തൃപാദസേവയല്ലോ പതിമാൎക്കും പരം ധൎമ്മം. അത്ര നിന്റെ ആജ്ഞ കേൾപ്പാൻ ആസ്ഥയാ വാഴുന്നേൻ (b) ആപൂൎണ്ണായുള്ളോരു നിന്നോടു ഞാൻ ആത്മമോദം വാഞ്ഛിച്ചീടുന്നു സാഹൃപദീനം. ഇവയിലെ ഉച്ചാരണങ്ങളെ വിവരിക്കുക. 3. അക്ഷരമാലക്കു് ആവശ്യമായ ലക്ഷണങ്ങൾ പറഞ്ഞു് അവ ഭാഷകൾക്കുണ്ടോ എന്നു നിരൂപിക്കുക. 4. ഭാഷയിൽ ഉച്ചാരണത്തിന്നും അക്ഷരവിന്യാസത്തിന്നും തമ്മിൽ ഭേദം വരാൻ കാരണം എന്തു? 5. ഈ ഭേദം ആശംസനീയമോ?

5. വൎണ്ണവിവൎത്തനം Transliteration.

70. 1. വേദങ്ങൾ മുതലായ സംസ്കൃതഗ്രന്ഥങ്ങളെ ഇംഗ്ലീഷക്ഷരങ്ങളിലെഴുതി പ്രസിദ്ധപ്പെടുത്തീട്ടുണ്ടു. എന്നു തന്നെയല്ലാ ലോകത്തിലെ സൎവ്വഭാഷകളേയും ഇംഗ്ലീഷിൽ എഴുതുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ടു. ഇന്ത്യയിലെ സൎവ്വഭാഷകളുടേയും മാതൃകങ്ങളെക്കൊണ്ടു സ്വരൂപം അറിവാൻ സൎക്കാരിൽനിന്നു ഗ്രീയൎസൻഭാഷാപരിശോധന (Grierson's Linguistic Survey) എന്ന പുസ്തകങ്ങളെ പ്രസിദ്ധപ്പെടുത്തീട്ടുണ്ടു. ഗുണ്ടൎട്ടുകൊശത്തിൽ മിക്കപദങ്ങളുടേയും ഉച്ചാരണം ഇംഗ്ലീഷുലിപിയിൽ കാണിച്ചിട്ടുണ്ടല്ലോ. ഗാൎത്തുവേററു 'വ്യാകരണചോദ്യോത്തരങ്ങളെ' ദ്വിഭാഷാപുസ്തകമായി അച്ചടിപ്പിച്ചിരുന്നു. ലിപിദാരിദ്ര്യത്താൽ ഇംഗ്ലീഷു തന്നെ പഠിപ്പാൻ ശിഷ്യർ കഷ്ടപ്പെടുന്നതു് അനുഭവസിദ്ധമാകയാൽ അന്യഭാഷകളെ ഇംഗ്ലീഷക്ഷരങ്ങളെക്കൊണ്ടു് എഴുതുവാൻ അശക്യം തന്നെ. എങ്കിലും ഒരക്ഷരത്തിന്നു് ഒരുച്ചാരണം ഒരുച്ചാരണം ഒരുച്ചാരണത്തിന്നു് ഒരു അടയാളം എന്ന നിയമത്തെ അടിസ്ഥാനമാക്കി ഉച്ചാരണഭേദം കാണിപ്പാൻ ചില ചിഹ്നങ്ങളെ ഉപയോഗിക്കും. ഹ്രസ്വത്തെ ˘ കൊണ്ടും ദീൎഘത്തെ — കൊണ്ടും കാണിക്കും വ്യഞ്ജനങ്ങളിലുള്ള ഉച്ചാരണഭേദം കുത്തുകൊണ്ടു ദ്യോതിപ്പിക്കും.

സ്വരങ്ങൾ Vowels.

അ, ആ, ഇ ഈ, ഉ, ഊ, ഋ, ൠ, എ, ഏ, ഐ, ഒ, ഓ, ഔ, ം, ഃ
a ā i ī u ū ṛ ṝ e ē ai o ō au ṃ ḥ

വ്യഞ്ജനങ്ങൾ Consonants.

ക്, ഖ്, ഗ്, ഘ്, ങ്, ച്, ഛ്, ജ്, ഝ്, ഞ്.
k kh g gh ṅ c ch j jh ñ
ട്, ഠ്, ഡ്, ഢ്, ൺ, ത്, ഥ്, ദ്, ധ്, ന, ണ.
ṭ ṭh, ḍ ḍh, ṇ t, th, d, dh, n, ṅ.
പ്, ഫ്, ബ്, ഭ്, മ്, യ്, ര്, ല്, വ്.
p, ph, b, bh, m, y, r, l, v.
റ്, ഴ്, ള്, ശ്, ഷ്, സ്, ഹ്. ൻറ, ററ.
ṙ, l, ḷ, ś, ṣ, s, h. n'ta, ṫṫ.

ജ്ഞാപകം. മഹാപ്രാണങ്ങളെക്കുറിപ്പാൻ ഖരങ്ങളോടും മൃദുക്കളോടും h ചേൎക്കും. അനുനാസികങ്ങളെ കാണിപ്പാൻ m n എന്നു അക്ഷരങ്ങളെ ഉപയോഗിക്കും ങ—ṅa ഞ—ña, ണ ṇa, ന na, മ ma. അനുസ്വാരത്തിന്നു പകരം ṃ എഴുതി സംസ്കൃതോച്ചാരണം കാണിക്കും.

സംശയം-Samśayam, സംഹിത-Saṃhita, സംയോഗം-Saṃ-yōgam. വിസൎഗ്ഗത്തിന്നു പകരം ḥ വരും രാമഃ-Rāmaḥ, ദുഃഖം duḥkham. മൂൎദ്ധന്യങ്ങളെയും ദന്ത്യങ്ങളെയും കുറിപ്പാൻ ഒരേ അക്ഷരങ്ങൾ ഉപയോഗിക്കുമെങ്കിലും വിവേചനത്തിന്നായി മൂൎദ്ധന്യങ്ങളുടെ അടിയിൽ ഒരു വിന്ദു കാണും. ഋ ṛ, ൠ ṝ, ട ṭa, ഠ ṭha, ഡ ḍa, ഢ ḍha, ണ ṇa, ള ḷ, ഷ-ṣ. ര എന്നതിന്നു r എഴുതുന്നതു കൊണ്ടും ṛ ഋ ആകകൊണ്ടും റകാരത്തെക്കുറിപ്പാൻ ṙ എന്നതിന്റെ മേൽ വിന്ദു എഴുതും. ല la, ള ḷa, ഴ l̇a എന്നവയെ l കൊണ്ടു എഴുതുമെങ്കിലും ഉച്ചാരണം തീൎച്ചപ്പെടുത്തുവാൻ വിന്ദുവിനെ എങ്ങനെ എഴുതുന്നു എന്നു സൂക്ഷിക്ക.*

---

*In the Sacred Books of the East gutturals and dentals are represented as above, but palatals and linguals are represented by the corresponding Italics. The Theosophical Society dots dentals instead of the lingual. Sacred Books of the East. കരഃ-karaḥ, ചരഃ-*Karaḥ*, ചന്ദ്രൻ-*Kandra*, ഛായാ-*Khāya*, ഗജ-ga*ga*.

Theosophical Society ദന്തം-ḍanṭam, ദണ്ഡം-ḍandam, വന്ദനം-Vanḍanam.

2. ഇംഗ്ലീഷുകാർ തങ്ങളുടെ പേരുകളെ ഒരുവിധം ഉച്ചരിച്ചു മറെറാരുവിധം എഴുതുന്നതു പോലെ നാട്ടുകാരും ഒരു നിയമവും ഇല്ലാതെ തങ്ങളുടെ പേരുകൾ എഴുതുന്നതു് അന്യായം തന്നെ. കൃഷ്ണൻ Crishnan, Krishnan. കിട്ടുണ്ണി Kittunny ആദ്യത്തെ ഇകാരത്ത iയും, അന്ത്യത്തിന്ന yയും എന്തിന്നുപയോഗിക്കുന്നു. രാമയ്യർ Ramier, Ramiayar, Ramaiyyar, Rama Ayyar, Rama Aiyar, Rama Iyer, Rama Iyyer, Rama Iyar, Rama Iyyar. ഇവയിൽ ഏതാണു ഗ്രാഹ്യം?

3. മേൽ കാണിച്ച വ്യവസ്ഥയെ പ്രമാണിച്ചു വിദ്യാൎത്ഥികൾ സംജ്ഞാനാമങ്ങളെ എഴുതുവാൻ ശീലിക്കേണം. a, ā, i, ī മുതലായവയെ ഇംഗ്ലീഷുപേരുകളെക്കൊണ്ടു പറയരുതു. അ, ആ, ഇ, ഈ എന്നിങ്ങനെ ഉച്ചരിക്കേണം. ഒരു പരീക്ഷകൻ ഇന്ദുമതി എന്നതിനെ Indumathi എന്നു എഴുതിയിരിക്കുന്നു. സാരഥിയിലേ ഥി എങ്ങനെ എഴുതും?

ചേതസ്സമാകൎഷകമായിട്ടും നിൻ
C'etas-samākarṣakam-āyiṭum nin'
ഗീതസ്വരത്താൽ ഹൃതനായി ഞാനും
Gīta-svarattāl hṛtan'āyi ṅān'um
സ്ഫീതസ്യദം പൂണ്ട മൃഗത്തിനാലി
Sphītasyadam pūṇḍa mṛgattin'āl-i
ഖ്യാതസ്വനാമാ നൃപനെന്ന പോലേ.
Khyāta-svanāmā nṛpan'enna pōlē.

പ്രഭാതസമയത്തു് നാം പുറത്തിറങ്ങി കിഴക്കോട്ടു നോക്കുമ്പോൾ കാണുന്ന
Prabhāta-samayattu nām purattiraṅṅi kiḻakkoṭṭu nōkkum-pōḷ kāṇunna
അതിതേജസ്സോടു കൂടി ഉദിച്ചു പൊങ്ങുന്ന സൂൎയ്യൻ കാഴ്ചയിൽ ഒരു വലിയ
atitējassōḍu kūḍi udiccu poṅṅunna Sūryan kāḻcayil oru valiya
പപ്പടത്തോളം മാത്രമേ ഉള്ളുവെങ്കിലും, പരമാൎത്ഥത്തിൽ മഹത്തായിരിക്കുന്ന
parppaḍattōḷam mātramē uḷḷuveṅgilum, paramārthattil mahattāy-irikkunna
ഒരു ഗോളമാകുന്നു.
oru gōḷam-ākunnu.

I. Transliterate വൎണ്ണപരിവൎത്തനം ചെയ്ക.

a. 1. ഗുരുജനതോഷം കൊണ്ടിജ്ജന്മം ഗുരുതരഫലമായ്യന്നീടും. 2. മാതൃസമദൈവതം ലോകേ അംബ മഹിതചരിതേ ന ഹി വി ലോകേ. 3. സാധുശീലരോടുള്ള വിരോധങ്ങൾ ആധിഹേതുവെന്നോൎക്ക തപോനിധേ. 4. ഉദ്

ശ്രീകൃതശാപമുപകാരമായ്ത്തീരും. 5. സൎപ്പം ഗരുഡനോടെതിൎപ്പാൻ മതിയാകുമോ? 6. ദൈവഗതിയാരാലും ലംഘിച്ചു കൂടുമോ?

b. 1. Sirasi likhitam ārkkum Siva Siva nīkkīḍāmō? 2. Alasaril kṛpa tava kuladharmam aṙiññālum. 3. C'oḍiccu ninnu pāram kuraccidum kukkyram kaḍicciḍuyayilla asamṣayam. 4. Sāla-nipatanam̃ ceyyum Pavan'an'u tūlanirākaraṇam duṣkaraṇamō. 5. Ākulam kūḍāde vimalarōḍu cērnnu koṇḍēkabhāvena karaṇīyam ucitam. 6. Sajjanasamāgamāl sakalajanaṅṅaḷkkum uṇḍām sajjani-phalam.

II. പാഠപുസ്തകത്തിലേ ഒരു ഭാഗം ഇംഗ്ലീഷുലിപിയിൽ എഴുതുക.

III. പാൎവ്വതി, ചക്രപാണി, സൂൎയ്യനാരായണൻ, കുബേരൻ, നീലകണ്ഠൻ, രാമുണ്ണി, ചാത്തു, ചാമു, കോമൻനായർ, അനന്തൻനമ്പ്യാർ, ദാമോദരൻനമ്പൂരി, തിരുമുൽപാടു, താഴക്കാട്ടുമന ഇവയെ ഇംഗ്ലീഷുലിപിയിലെഴുതുക.

6. സന്ധിപ്രകരണം.

71. 1. വൎണ്ണങ്ങളെ ഒട്ടും നിൎത്താതെ തുടൎന്നുച്ചരിക്കുമ്പോൾ ഉണ്ടാകുന്ന വൎണ്ണസാമ്യമാകുന്നു സംഹിത. അതു നിമിത്തം വൎണ്ണങ്ങൾ മാറുന്ന വിധത്തെ വിവരിക്കുന്ന വ്യാകരണഭാഗമാകുന്നു സന്ധി. അതു് ഉച്ചാരണത്തിന്റെ പ്രപഞ്ചനം (വിസ്താരം) ആകുന്നു.

2. സംഹിതയിൽ സ്വരങ്ങളെ ഉച്ചരിക്കുമ്പോൾ നേരിടുന്ന പ്രയാസത്തെ വിവൃത്തിയെന്നു പറയും.

"നീ + അന്നു + അവിടെ + ഉണ്ടു + ആയി + ഇരുന്നു + ഓ" — എന്ന വാക്യത്തിൽ സംഹിതയിലേ പൂൎവ്വാപരസ്വരങ്ങളെ അടുത്തടുത്തു് ഉച്ചരിക്കുമ്പോൾ ഉണ്ടാകുന്ന പ്രയാസം കൂടാതെ കഴിപ്പാൻ വേണ്ടി അവിടവിടെ നിറുത്തും. അതു പോലെ തന്നെ അ + ഇടെ, ആ + ഇ, പോ + ഇ മുതലായ ഒററപ്പദങ്ങളിലും വിവൃത്തി ഭാഷയിൽ വരികയില്ല.

സംസ്കൃതത്തിൽ തിതഉ, പ്രഉഗം എന്നവയും ഭാഷയിൽ ബാഉ, ബാഉന്നോർ (ഗ്രം. ഡി 941) എന്നിവയിലും വിവൃത്തിയുണ്ടു. വിവൃത്തി പ്രാകൃതത്തിന്റെ ജീവനാണു. ഹിഅഅ (-ഹൃദയ), ഇത്ഥിആ (-സ്ത്രീ). കഥകളിയിൽ ഭാഷാഗുണമായി പ്രാകൃതത്തേ മാററിയതിനാൽ കേരളീയൎക്കു വിവൃത്തിയിഷ്ടമല്ലെന്നു

സ്പഷ്ടം തന്നെ. (ലീ. തി. iii. 1. നോയം നോക്കുക) പദമദ്ധ്യത്തിൽ സന്ധി നിത്യമാകുന്നു (73).

3. അസവൎണ്ണങ്ങളായ വ്യഞ്ജനങ്ങൾ അടുത്തുച്ചരിക്കുമ്പോൾ ഉണ്ടാകുന്ന **വൈഷമ്യം** നീക്കുന്നതു സന്ധി.

കൺ + തു എന്നതിൽ മൂൎദ്ധന്യമായ ണകാരവും ദന്ത്യമായ തകാരവും സംഹിതയിൽ വരുന്നതു കൊണ്ടു തകാരം മൂൎദ്ധന്യമായി മാറും. കൺ + ടു = കണ്ടു. ഈ വിധം വൈഷമ്യങ്ങളെ നീക്കുന്നതു സന്ധിയാകുന്നു.

72. 1. പ്രകൃതികളോടു പ്രത്യയങ്ങൾ ചേൎന്നുണ്ടാകുന്ന സംഹിതാകാൎയ്യങ്ങളെ വിവരിക്കുന്നത് **ആഭ്യന്തരസന്ധിയും** പദങ്ങൾ സമാസങ്ങളും വാക്യങ്ങളുമായി ചേരുമ്പോൾ പൂൎവ്വാപരവൎണ്ണങ്ങൾക്കു സംഭവിക്കുന്ന വികാരങ്ങളെ വിവരിക്കുന്നതു **ബാഹ്യസന്ധിയും** ആകുന്നു.

i. ആഭ്യന്തരസന്ധി — മരം + കൾ = മരങ്ങൾ; മരം + ഇൽ = മരത്ത് + ഇൽ = മരത്തിൽ; വില് + തു = വിററു. മരങ്ങൾ + കു = മരങ്ങൾക്കു.

ii. ബാഹ്യസന്ധി — ചെമ്പു + കൊട്ടി = ചെമ്പോട്ടി, വിട്ടുകള — വിട്ടള, വിട്ടുവെച്ചു — വിട്ടേച്ചു.

2. സംഹിതയിൽ പൂൎവ്വാപരവൎണ്ണങ്ങൾ രണ്ടും സ്വരങ്ങളായാൽ സ്വരസന്ധിയും രണ്ടും വ്യഞ്ജനങ്ങളോ ഒന്നു മാത്രം വ്യഞ്ജനമോ ആയാൽ വ്യഞ്ജനസന്ധിയും ആകും.

ഈ നാലു വിധം സന്ധികളുടേയും കാൎയ്യം **ആഗമം, ലോപം, ആദേശം** എന്നിവ നിൎവ്വഹിക്കും. ദ്വിത്വം സവൎണ്ണാഗമമാകയാൽ പൃഥക്കായി ഗണിക്കേണമെന്നില്ല.

3. പദത്തിലും സമാസത്തിലും സന്ധി ചെയ്തേ കഴിയൂ. വാക്യത്തിൽ വിവക്ഷ പോലെ ആകുന്നു എന്ന സംസ്കൃതനിയമത്തെ* ഭാഷയിലും ആദരിക്കുന്നത് ഉത്തമം.

73. 1. രണ്ടു വൎണ്ണങ്ങളുടെ ഇടയിലോ ഒന്നിന്റെ മുമ്പിലോ വരുന്ന വൎണ്ണത്തിന്നു് **ആഗമം** എന്നു പേർ.

---

*സംഹിതൈകപദേ നിത്യാ നിത്യാ ധാതൂപസൎഗ്ഗയോഃ ।
നിത്യാ സമാസേ വാക്യേ തു സാ വിവക്ഷാമപേക്ഷതേ ॥

മടി + ഇല്ല. എന്നതിൽ 'മടി' എന്നതിലേ ഇകാരത്തിന്റെ പിന്നിൽ 'ഇല്ല' എന്നതിലേ ഇകാരം വന്നുണ്ടാകുന്ന വിവൃത്തി നീക്കാനായിട്ട് ഈ സ്വരങ്ങളുടെ ഇടയിൽ വരുന്ന യകാരം **ആഗമം** ആകുന്നു. **രാശി** എന്നതിനെ ഇരാശി എന്ന് ഉച്ചരിച്ചാൽ രേഫത്തിന്റെ മുമ്പിലേ ഇകാരവും ആഗമമാകും.

2. രേഫലകാരം കൊണ്ടു തുടങ്ങുന്ന സംസ്കൃതപദങ്ങളുടെ ആദിയിൽ പൂർവ്വമലയാളത്തിൽ അ, ഇ, ഉ എന്നിവയിൽ ഒന്നു ചേരുക പതിവായിരുന്നു.

അ. രാക്ഷസർ — അരക്കർ — രാക്ഷ — അരക്ക, രാജൻ — അരചൻ — രംഗം — അരങ്ങു.

ഇ. രാമൻ — ഇരാമൻ, ഇരാവണൻ, ഇ — രാശി, ഇലക്കണൻ, ഇലങ്ക.

ഉ. ലോകം — ഉലകം, രൂപം — ഉരുവം, — രുദ്രാക്ഷം — ഉത്തറാക്കം.

അരാവു, ഇരണ്ടു, ഇരാവുക, ഇരവു, ഉലാവു, ഉലാത്തുക മുതലായ ഭാഷാപദങ്ങളിലേ ആദ്യസ്വരം ലോപിച്ചുപോയി. രാവു, രണ്ടു, രാവു, ലാവുക, ലാത്തുക എന്ന രൂപങ്ങൾ ഉള്ളവയായിരിക്കുന്നു. 'രണ്ടു' എന്ന രൂപം ലീലാതിലകത്തിന്നിഷ്ടമല്ല (iii. 7).

ഉച്ചാരണാർത്ഥം പദാന്തത്തിലും ആഗമം വരും. നീയ്യ്, തീയ്യ്,

3. പദത്തിന്റെ ആദിയിലേ വർണ്ണം ആദ്യവർണ്ണവും അവസാനത്തിലേതു അന്ത്യവർണ്ണവും ആകുന്നു.

74. പ്രയോഗകാലത്തു വർണ്ണങ്ങളെ ഉച്ചരിക്കാതിരിക്കുന്നതു് ആകുന്നു **ലോപം**.

അവിടെ + അവിടെ എന്നതിൽ ഒന്നാം പദത്തിലേ എകാരം ഉച്ചരിക്കാതിരുന്നാൽ അവിട് + അവിടെ എന്നായി. അടുത്തുച്ചരിച്ചാൽ അവിടവിടെ എന്നാകും. ഇതു് അന്ത്യമായ എ ലോപിച്ചുണ്ടായി.

75. ണകാരത്തിന്റെ സ്ഥാനത്തു് എന്നതിന്നു ണകാരത്തെക്കുറിച്ചു് അറിവു (പ്രസംഗം) ഉണ്ടാകുമ്പോൾ എന്നർത്ഥം. സ്ഥാനത്തോടു കൂടിയതു **സ്ഥാനി**. സ്ഥാനിക്കു പകരം വരുന്ന വർണ്ണമാകുന്നു **ആദേശം**. സ്ഥാനിക്കും ആദേശത്തിന്നും **സാവർണ്ണ്യം** (48) ഉണ്ടായിരിക്കേണം.

വെൺ + ചാമരം എന്നതിൽ അന്ത്യമായ ണകാരത്തിന്റെ സ്ഥാനത്തു ഞകാരം ഉപയോഗിച്ചാൽ വെഞ് + ചാമരം—വെഞ്ചാമരം എന്നാകും. അതു

കൊണ്ടു ണകാരം സ്ഥാനിയും, ഞകാരം ആദേശവും ആകുന്നു. ണകാരത്തിന്നു പകരം വന്ന ഞകാരവും അനുനാസികം ആകയാൽ സ്ഥാനിക്കും ആദേശത്തിന്നും നാസിക തുല്യമായ സ്ഥാനം ഉള്ളതു കൊണ്ടു സ്ഥാനത്താൽ സാവൎണ്ണ്യം സിദ്ധിച്ചു.

76. 1. പദത്തിന്റെ ആദി, മധ്യം, അന്തം എന്നിവകൾ ലോപം വരുമ്പോൾ അതിനെ മറക്ക് **ആദ്യലോപം മധ്യലോപം അന്ത്യലോപം** എന്നു പറയും.

i. ആദ്യലോപം — ഇരണ്ടു — രണ്ടു. ഇരാവു — രാവു, ചിറകു — ഇറകു, ചുമ — ഉമ, ചിപ്പി — ഇപ്പി.

ii. മദ്ധ്യലോപം — മകൾ — മോൾ, അവൻ — ആൻ — ഓൻ; അവൾ — ആൾ — ഓൾ.

iii. അന്ത്യലോപം — പായ് + മരം — പാമരം. ഉന്നൽപണി — ഉന്നപ്പണി. കൽകുഴി = കക്കുഴി.

2. സ്ഥാനികൾ പകരം വരുന്ന ആദേശം മൂന്നു വിധമാകുന്നു:— **പരസവൎണ്ണാദേശം, പൂൎവ്വസവൎണ്ണാദേശം, ഉഭയാദേശം.**

3. സംഹിതയിൽ വ്യഞ്ജനങ്ങൾ ഒന്നിച്ചു വന്നാൽ ആദേശസന്ധിക്ക് ഇട കിട്ടും. മുമ്പിലെത്തേ വ്യഞ്ജനം പിമ്പിലേ വ്യഞ്ജനത്തിന്റെ സവൎണ്ണമായ്മാറുന്നതു **പരസവൎണ്ണാദേശവും** പിമ്പിലെത്തേ വ്യഞ്ജനം മുമ്പിലേ വ്യഞ്ജനത്തിന്റെ സവൎണ്ണമായ്മാറുന്നതു **പൂൎവ്വസവൎണ്ണാദേശവും** ആകുന്നു. ഈ രണ്ടു വിധം ആദേശവും ഒരേ പദത്തിൽ പ്രവൃത്തിച്ചാൽ അതു് **ഉഭയാദേശവും** ആകും.

ചെമ് + കളി — ചെങ്ങളി. ഇവിടെ മകാരം പിൻവരുന്ന കവൎഗ്ഗത്തിലേ ങകാരമായ്മാറുന്നതു കൊണ്ടു് അതു പരസവൎണ്ണാദേശം. കൺ + തു = കൺ + ടു = കണ്ടു. ഇവിടെ തു മുമ്പുള്ള ണകാരത്തിന്റെ സവൎണ്ണമായ ടുവാകുന്നതു നിമിത്തം അതു പൂൎവ്വസവൎണ്ണാദേശം ആകുന്നു. മരം + കൾ. പരസവൎണ്ണാദേശത്താൽ മരങ്+കൾ എന്നും അതു പൂൎവ്വസവൎണ്ണാദേശത്താൽ മരങ് + കൾ, എന്നും മാറി മരങ്ങൾ ആയിത്തീരുന്നതുകൊണ്ടു ഇതു ഉഭയാദേശമാകുന്നു.

ജ്ഞാപകം. ണനകാരങ്ങൾക്കു പരം ക, ച, ണ, പ, മ, യ, വ എന്ന വ്യഞ്ജനം വന്നാൽ സന്ധി വരില്ലെന്നു ലീലാതിലകം (III. 13) പറയുന്നതു പ്രായികം തന്നെ. കാൺ + ച = കാച്ചു, കോൺ + കണ്ണൻ — കോങ്കണ്ണൻ.

4. പദങ്ങളിലേ വൎണ്ണങ്ങളുടെ സ്ഥാനം മാറിയുണ്ടാകുന്ന വൎണ്ണവിപൎയ്യയവും ഭാഷയിൽ ഉണ്ടു.

മരതകം എന്ന സംസ്കൃത പദം ഭാഷയിൽ മരകതം എന്നും പ്രയോഗിക്കും.

I. സ്വരസന്ധി.

1. ആഗമസന്ധി.

77. 1. രണ്ടു സ്വരങ്ങളുടെ ഇടയിൽ വരുന്ന ആഗമം യ്, വ്, ൻ എന്ന വ്യഞ്ജനങ്ങളിൽ ഒന്നായിരിക്കും (ലീ. തി. III. 1, 2, 4) താലവ്യസ്വരങ്ങൾക്കു പിന്നിൽ യകാരവും ഓഷ്ഠ്യസ്വരങ്ങൾക്കു ശേഷം വകാരവും വരും.

ഈ ആഗമങ്ങൾ രണ്ടും ബഹുലക്ഷ്യാന്തങ്ങളിൽ കാണുന്നതുകൊണ്ടു് അവയെ വിധിക്കുന്ന വിധിയെ ഉത്സൎഗ്ഗം അല്ലെങ്കിൽ സാമാന്യവിധിയെന്നു പറയും.

യകാരം. വഴി + അരികെ — വഴിയരികെ, കര + ഉടെ — കരയുടെ, തൈ + ഇൽ = തൈയിൽ, തല + ഓടു = തലയോടു, കൈ + ഉടെ = കൈയുടെ (58. V).

വകാരം. തിരു + ആതിര = തിരുവാതിര, ഗുരു + ഇൻ = ഗുരുവിൻ. ഗുരു + ഉം = ഗുരുവും, തിരു + ഓണം = തിരുവോണം, തിരു + ഓലം = തിരുവോലം,

ജ്ഞാപകം. വിധാതൃ + ഉം = വിധാതൃവും.

2. പദ്യത്തിൽ ഭൂതപ്രത്യയമായ ഇകാരത്തിന്നു സ്വരപ്രത്യയം പരമായാൽ നകാരം വികല്പമായ്വരും.

നകാരം. വാടി + അ = വാടിയ, വാടിന; പാടി + ഏൻ = പാടിയേൻ, പാടിനേൻ.

കവിയുടെ ഇഷ്ടംപോലെ യകാരവകാരങ്ങളിൽ ഒന്നിനെ പ്രയോഗിക്കുന്നതു കൊണ്ടു് ഈ വിധി വികല്പമാകുന്നു.

3. സ്വരം കൊണ്ടു തുടങ്ങുന്നതു സ്വരപ്രത്യയവും വ്യഞ്ജനം കൊണ്ടു തുടങ്ങുന്നതു വ്യഞ്ജനപ്രത്യയവും ആകുന്നു.

4. രണ്ടു സ്വരങ്ങളുടെ മദ്ധ്യത്തിൽ പണ്ടു വകാരമായിരുന്നു ആഗമം. പിന്നീടു യകാരവും വന്നുകൂടി.

അ + ഇടം = അവിടം, ഇ + ഇടം = ഇവിടം, പല + ആണ്ടു = പലവാണ്ടു, മുനി + അർ = മുനിവർ, ഐ + അർ = ഐവർ, പല + ഉരു = പലവുരു, മിക്ക + ആറും = മിക്കവാറും, ഇരിക്ക + ഏ = ഇരിക്കവേ, അ + ആൾ = അയാൾ, മാല + അണഞ്ഞു = മാലയണഞ്ഞു.

അ, ഇ എന്ന ചുട്ടെഴുത്തുകൾക്കു സ്വരം പരമായാൽ വകാരാഗമവും അതിന്നു വികല്പമായി ദ്വിത്വവും ലീലാതിലകം (III. 2. 3) വിധിക്കുന്നു.

അ + അഴക = അവഴക = അവ്വഴക, ഇ + ആറു = ഇവാറു = ഇവ്വാറു.

78. ആ, ഈ എന്ന ചുട്ടെഴുത്തുകൾക്കും ആ, ഓ എന്ന നിപാതങ്ങൾക്കും സ്വരമപരമായാൽ ഇപ്പോൾ സന്ധി ഇല്ല. സന്ധി വരാതിരിക്കുന്നതു പ്രകൃതിഭാവം.

അതാ ആൾ, ഇതോ അണ്ണാൻ, ഏതോ ഒരു ആൾ, ഇതാ ഉണ്ണി.

ആ ആടു, ഈ ഉണ്ണി.

എന്നാൽ അമ്മയ്യായെന്നു മുതലായ ആഗമങ്ങൾ പദ്യത്തിലും ഉണ്ടു താനും.

2. ആകാരാന്തങ്ങൾക്കു സ്വരം പരമായാൽ യവകളിൽ ഒന്നു ആഗമം വരും.

യകാരം. ചിനാ + ഇൻ = ചിനായിൽ, ചിനാവിൽ, അമേരിക്കാ + ഉടെ = അമേരിക്കായുടെ, വരാ + എന്നു = വരായെന്നു.

വകാരം. പിതാ + ഉ് = പിതാവു്. രാജാ + ഉ് = രാജാവു്. ആ + ഉന്നു = ആവുന്നു. എന്നാൽ — ആ + ഇ = ആയി, പോ + ഉം = പോവും, എന്നിട്ടും — പോ + ഇ = പോയി, വൃഥാ + ആക്കി = വൃഥാവാക്കി. ഈ ദൃഷ്ടാന്തങ്ങളിൽ പരസ്വരം പ്രമാണിച്ചു് ആഗമം വന്നിരിക്കുന്നു. ഇ താലവ്യമാക കൊണ്ടു യകാരവും ഉ ഓഷ്ഠ്യമാകകൊണ്ടു വകാരവും വന്നിരിക്കുന്നു. 'അമ്മയ്യാ എന്നു' എന്നതിൽ എ താലവ്യമാകയാൽ യകാരം വരും. (78.)

2. ലോപസന്ധി.

79. 1. ശബ്ദന്യൂനപ്രത്യയമായ അകാരം, ക്രിയാന്യൂനപ്രത്യയമായ എകാരം, സംവൃതം എന്നിവകൾ പിന്നിൽ സ്വരം വന്നാൽ ഇവ ലോപിക്കും.

ശബ്ദന്യൂനം. ചെയ്യു+അവസ്ഥകൾ=ചെയ്യുവസ്ഥകൾ. ആയുള്ള+ അവൻ=ആയുള്ളവൻ. വെണ്ണകട്ടു+ഉണ്ണി=വെണ്ണകട്ടുണ്ണി. ഇതു പദ്യത്തിൽ അധികം ഉപയോഗിച്ചു കാണും.

ക്രിയാന്യൂനം. ചെയ്യാതെ+ഇരുന്നു=ചെയ്യാതിരുന്നു. കാണാതെ+ ആയി=കാണാതായി. വരുന്നു+ഇല്ല=വരുന്നില്ല. വന്നു+ഇല്ല=വന്നില്ല. വന്നു+ഇട്ടു+ഉണ്ടു=വന്നിട്ടുണ്ടു. എന്നാൽ ചെയ്യാതെ+ഉം=ചെയ്യാതെയും.

സംവൃതം. കാടു+അല്ല=കാടല്ല; കല്ലു+ഇൽ=കല്ലിൽ; മാമുനി കണ്ടു+അങ്ങു+അറിഞ്ഞു+ഉള്ളിൽ=മാമുനി കണ്ടങ്ങറിഞ്ഞുള്ളിൽ.

2. ശബ്ദന്യൂനത്തിന്റെ പിന്നിൽ നിദർശകസർവ്വനാമങ്ങൾ, ഒരു (ഓരോ), ഇടം (എടം, ഏടം), അപ്പോൾ മുതലായ പദങ്ങൾ വന്നാൽ ഗദ്യത്തിലും ശബ്ദന്യൂനപ്രത്യയമായ അകാരം ലോപിക്കും.

പോകുന്ന+അവൻ=പോകുന്നവൻ, വന്നിതു, ചെയ്യൊരു കാര്യം, ചെന്നേടത്തു. കെട്ടിയ+അവൾ=കെട്ടിയവൾ. പെററ+അമ്മ=പെററമ്മ. വന്ന+ അപ്പോൾ=വന്നപ്പോൾ.

ജ്ഞാപകം. ഇവിടെ സർവ്വനാമങ്ങൾ ചേർന്നുണ്ടാകുന്ന ക്രിയാപുരുഷനാമങ്ങളിൽ ലോപം നിത്യം.

3. പൂർണ്ണക്രിയകളുടെ പിന്നിൽ എൻധാതുവിന്റെ രൂപങ്ങളും ഓനിപാതവും വന്നാൽ അവയുടെ അന്ത്യമായ ഉകാരം വികല്പേന ലോപിക്കും.

പോകുന്നു+എങ്കിൽ=പോകുന്നുവെങ്കിൽ; പോകുന്നെങ്കിൽ. കേട്ടു+എന്നു= കേട്ടുവെന്നു, കേട്ടെന്നു; വന്നു+ഓ= വന്നുവോ, വന്നോ.

4. ഷഷ്ഠീപ്രത്യയമായ ഉടെ, നിമന്ത്രണപ്രത്യയമായ അട്ടെ, ഗതിയായ ഊടെ ഇവയുടെ അന്ത്യമായ എകാരം വികല്പേന ലോപിക്കും.

പോട്ടെ+ഇവൻ=പോട്ടിവൻ, പോട്ടെയിവൻ. പുള്ളിന്റെ അററം= പുള്ളിൻററം. എന്റെ+ഈശ്വരാ=എൻറീശ്വരാ. ഊടെ= വാതിലിലൂടെ+ ഇറങ്ങുന്നു — വാതിലിലൂടിറങ്ങുന്നു.

5. ആയി, പോയി എന്നിവക്കു സ്വരം പരമായാൽ ഇകാരം ലോപിക്കും.

ആയി+ഇട്ടു+ഉണ്ടു=ആയിട്ടുണ്ടു. പോയി+ഇരിക്കും=പോയിരിക്കും.

6. കാലം, ഗുണം, ഛിന്നഭിന്നം, തരം, ദോഷം, നാനാവിധം, ഭേദം, മോശം, രസം, വശം, വിധേയം, വിശേഷം മുതലായ പദങ്ങളുടെ പിന്നിൽ ആകധാതുരൂപങ്ങൾ വന്നാൽ സംഭാഷണത്തിൽ അം വികല്പമായി ലോപിക്കും.

കാലം + ആയി = കാലായി, ഗുണാകും, ഭേലാണു, മോശാണു, ശിക്ഷ + ആയി = ശിക്ഷായി.

3. ആദേശസന്ധി.

80. 1. അയ അവ എന്ന പദാംശങ്ങൾക്ക് ഏ, ഓ എന്നിവ ആദേശം വരും.

അച്ചന്റെയ — അച്ചന്റെ, കറയ — കറേ.

അവൻ — ഓൻ, അവൾ — ഓൾ, അവർ — ഓർ, മൂക്കവൻ — മൂക്കോൻ, വാഴുന്നവൻ — വാഴുന്നോൻ, വിണ്ണവർ — വിണ്ണോർ, വാനവർ — വാനോർ.

2. ചിലപ്പോൾ അയ, അവ എന്നിവ ഐ, ഔ ആയും മാറും.

അയിരി — ഐരി, അയിർ — ഐർ, തയിർ — തൈർ, കവുങ്ങ — കൌങ്ങ, തെവരി — തൌരി.

3. ആ, ഈ, ഊ, ഏ, ഐ, ഓ എന്നിവ വർണ്ണലോപത്താലുണ്ടായ ദീർഘങ്ങൾ ആകുന്നു.

a. ആ — അവൻ — ആൻ, അവൾ — ആൾ, അവർ — ആർ, കഴമ്പ — കാമ്പ, കഴൽ — കാല്, ചകട — ചാട. പകുതി — പാതി.

b. ഈ ഇഴുക്ക — ഈക്ക. ഇഴുക്കുക — ഈക്കുക. ഇഴുങ്ങുക — ഈങ്ങുക.

c. ഊ — ചാരുപടി — ചാരൂടി. പാറു + കുട്ടി — പാറൂട്ടി. ചെറൂട്ടി. രാമൂട്ടി.

d. ഏ. ചകരി — ചേരി, ചകണി — ചേണി, ചെയ്തി — ചേരി, തിയ്യതി — തേതി, വിയർ — വേർ, വെറുത്തു — വേറു.

e. അയ + വർ = ഐവർ, അയ് + പതു — അമ്പതു, അയ്യൻ — ഐയ്യൻ. ശ്രീദേവി — ചീയ്യെ, തയി — തൈ, തൈയൽ — തയ്യൽ, തയിർ — തൈർ.

f. ഓ — അവർ — ഓർ, ഓല്. അവൾ — ഓൾ, ഓള. അവൻ — ഓൻ. ഉവർ — ഓർ. കവട — കോട, കോവണി — കോണി, ചുമട — ചോട, തുകൽ — തോൽ, തുവര — തോര, ഭഗവതി — പോതി. മകൻ — മോൻ. മകൾ — മോൾ. മുകൾ — മോൾ, മുഖത്തു — മോത്തു.

II. വ്യഞ്ജനസന്ധി.

81. വ്യഞ്ജനസന്ധിയിലും ആഗമം, ലോപം, ആദേശം എന്നു വൎണ്ണകാൎയ്യങ്ങൾ ഉണ്ടു. ആദേശം മുമ്പുള്ള വ്യഞ്ജനത്തിന്റെയോ പിൻനില്ക്കുന്ന വ്യഞ്ജനത്തിന്റെയോ സവൎണ്ണമാത്തീൎന്നതിന്നു **സവൎണ്ണനം** എന്നു സംജ്ഞ.

1. സവൎണ്ണാഗമം—ദ്വിത്വം.

82. 1. ഹ്രസ്വങ്ങളുടെ പിന്നിൽ വ്യഞ്ജനം വന്നു സ്വവൎണ്ണാഗമത്താൽ അതു് ഇരട്ടിക്കും. ഇതു ദ്വിത്വം ആകുന്നു.

അ+കാലം-അക്കാലം; ഇ+പോൾ-ഇപ്പോൾ; ഗുരു+കൾ-ഗുരുക്കൾ; ഇ+തരം-ഇത്തരം; തൃ+കൈ-തൃക്കൈ; ഇ+ഞാൻ-ഇഞ്ഞാൻ; അ+മയൂരം-അമ്മയൂരം: പട+ജനം-പടജ്ജനം; മടി+ശീല-മടിശ്ശീല.

ജ്ഞാപകം. അ, ഇ എന്ന ചുട്ടെഴുത്തുകളുടേയും എ എന്ന ചോദ്യെഴുത്തിന്റെയും പിന്നിൽ ഈ ദ്വിത്വം നിത്യമാകുന്നു. ഇവയുടെ ദീൎഘങ്ങളുടെ പിന്നിൻ ഗദ്യത്തിൽ ദ്വിത്വം പതിവില്ല. പദ്യത്തിൽ ചിലപ്പോൾ കാണും.

2. മഹാപ്രാണങ്ങൾക്കു ദ്വിത്വം വന്നാൽ ആദ്യത്തേതു് അല്പപ്രാണം ആകും.

അ+ഖരൻ-അ+ഖ്+ഖരൻ-അക്+ഖരൻ=അക്ഖരൻ; ഇ+ഘോഷം-ഇഗ്ഘോഷം; ആന+ഭ്രാന്തു്-ആന+ബ്+ഭ്രാന്തു-ആനബ്ഭ്രാന്തു; അ+ഭസിതം-അബ്ഭസിതം.

3. തൽപുരുഷൻ, കൎമ്മധാരയൻ, ബഹുവ്രീഹി എന്നീ സമാസങ്ങളുടെ ഉത്തരപദാദിയിലും ദ്വിതീയയുടേയും ഇകാരാന്തഭൂതക്രിയാന്യൂനത്തിന്റേയും പിന്നിലും വരുന്ന ദൃഢത്തിന്നു ദ്വിത്വം വരും.

തൽപുരുഷൻ. ഇടിത്തീ, ആനക്കൊമ്പു, കതിരപ്പന്തി, കതിരച്ചമയം

കൎമ്മധാരയൻ. കൂടിക്കാഴ്ച, പുള്ളിപ്പുലി, ശാരികത്തരുണി.

ബഹുവ്രീഹി. മുക്കണ്ണൻ, താമരക്കണ്ണൻ.

ദ്വിതീയ. രാമനെക്കണ്ടു, രാമനെപ്പററി.

ഇകാരഭൂതക്രിയ. ഓടിപ്പോയി, പാടിത്തുടങ്ങി, ചാടിക്കളിച്ചു.

ജ്ഞാപകം. ഭാഷാപദങ്ങൾ ചേൎന്നുണ്ടായ സമാസങ്ങളെ മാത്രമേ ഇവിടെ ഗ്രഹണമുള്ളു. സംസ്കൃതപദങ്ങൾ ചേൎന്നുണ്ടാകുന്ന സമാസങ്ങൾ സംസ്കൃതസന്ധിയെ പ്രമാണിച്ചു നടക്കും. പൂൎവ്വപദം ഭാഷയും ഉത്തരപദം സംസ്കൃതവും ആയാൽ ഭാഷാസന്ധി പ്രവൃത്തിക്കും.

ജഗൽ+ഈശൻ-ജഗദീശൻ; കര+കൃതം=കരകൃതം; (കരക്കൃതം എന്നു വരില്ല).

ജ്ഞാപകം. പശ്ശുട്ടാനം, ലക്ഷ്മീപ്പം, സാധുപ്പക്ഷി, പങ്കജക്കോരകം ചന്ദ്രക്കല മുതലായ സമാസങ്ങൾ സംസ്കൃതപദങ്ങൾ ചേൎന്നുണ്ടായതു കൊണ്ടു സംസ്കൃതരീത്യാ ദ്വിത്വം വേണ്ട. ഈ വിധസന്ധിയെ സാധൂകരിപ്പാൻ ലീലാതിലകം (III. 28) പൂൎവ്വപദങ്ങളെ ഭാഷീകൃതങ്ങളായി വിചാരിക്കുന്നു. ഇതു് അഗതികഗതികല്പനമാകയാൽ സംസ്കൃതപദങ്ങളെ സംസ്കൃതസന്ധ്യനുകൂലം ഇനിമേൽ പ്രയോഗിക്കുന്നതു വിദ്വാന്മാൎക്കു ഭൂഷണമാകും.

4. ഒററ ഹ്രസ്വമുള്ള പദത്തിന്റെ അന്ത്യവ്യഞ്ജനം സ്വരത്തിന്നു മുമ്പിൽ ഇരട്ടിക്കും.

കൺ+ഇല്ല-കണ്ണില്ല; മരുത്+ഇന്നു-മരുത്തിന്നു; വാക്+ഇന്റെ-വാക്കിന്റെ; നാട്+ഇന്നു=നാട്ടിന്നു.

5. ർ, ൽ, ൾ എന്നീ ചില്ലുകൾക്കു പിന്നിൽ വരുന്ന ഖരത്തിന്നു ദ്വിത്വം വരും.

ർ — കുളിർക്കാലം, നീർക്കോലി, മലർപ്പൊടി, വളർച്ച.
ൽ — പാൽക്കുടം, ന[illegible]ളം, പൊൽക്കലശം.
ൾ — കവിൾത്തടം, തിങ്കൾക്കിടാവു.

ജ്ഞാപകം — ശരൽക്കാലം, സൽക്കാരം, മുതലായവയിലെ ദ്വിത്വം നാഗരിയിൽ അച്ചടിച്ച സംസ്കൃതപുസ്തകങ്ങളിൽ കാണുകയില്ല എങ്കിലും ഉച്ചാരണാനുസാരം ഭാഷയിൽ ദ്വിത്വം ആവശ്യമാണു.

6. അലുൿസമാസത്തിൽ പൂൎവ്വപദം അർ പ്രത്യയാന്തമായാൽ ഉത്തരപദാദിയിലെ ഖരത്തിന്നു ദ്വിത്വം വരില്ല.

അണ്ടർകോൻ, ഉമ്പർകോൻ, വാനോർപുരം.

2. ലോപസന്ധി.

83. 1. കൊള്ളു, കൊള്ളാം, കള, കൂടെ, കുട്ടി എന്നിവയുടെ ആദ്യകകാരവും, വേണം, വേണ്ടി, വേണ്ടു, വെക്ക എന്നിവയുടെ ആദ്യവകാരവും, ലോപിച്ച ശേഷം സ്വരങ്ങൾക്കു പലവിധവുമായ വികാരങ്ങൾ ഉണ്ടാകും (80 നോക്ക).

1. ചെയ്തു+കൊള്ളു=ചെയ്തോളു; എടുത്തു+കൊള്ളു=എടുത്തോളു; കേട്ടോളു; കണ്ടു+കൊൾവിൻ-കണ്ടോളിൻ; (1) ചെയ്തു+കൊള്ളാം=ചെയ്തോളാം; എറിഞ്ഞു+കള=എറിഞ്ഞോള; വെച്ചു+കൊൾക=വെച്ചോ.

വായിച്ചു+കൊൾക=വായിച്ചോ, വെച്ചോ; കേട്ടോ; വെച്ചു+വെക്ക (=വെച്ചേക്ക)=വെച്ചേ എന്നിങ്ങിനെയുള്ള വിധിരൂപങ്ങൾ ഉക്തഭാഷയിൽ വളരെ നടപ്പായിരിക്കുന്നു. ഇട്ടു+വെച്ചു=ഇട്ടേച്ചു; പറഞ്ഞു+അയക്കു=പറഞ്ഞേക്കു.

2. രാമൻ+കുട്ടി-രാമോട്ടി; രാമുട്ടി; ചെക്കുട്ടി; പാറുട്ടി; പാറോട്ടി; അംറപ്പുട്ടി.

3. പറയ+വേണം-പറയേണം; പോക+വേണ്ടി=പോകേണ്ടി; നടക്ക+വേണ്ടു-നടക്കേണ്ടു.

4. കൊണ്ടു+വാ-കൊണ്ടാ. കൊണ്ടുവന്നുവോ=കൊണ്ടന്നോ.

5. ആകും, പോകും, ചാകും. ഇവിടെ കകാരത്തിന്നു ലോപവും വകാരം ആദേശവും ചിലപ്പോൾ വകാരലോപവും വരും. ആവും-ആം, പോവും-പോം, ചാവും-ചാം.

6. ഉന്നിപാതവും പെടുധാതുവും പരമായാൽ നാമങ്ങളുടെ അന്ത്യമകാരം ലോപിക്കും. മരം+ഉം-മര+വ്+ഉം=മരവും, (വകാരാഗമത്താൽ), ഭയം+പെടുക-ഭയപ്പെടുക.

7. എല്ലാ+ഉം-എല്ലാവും=എല്ലാം. അതു+ഉം-അതും, (ഇതും, ഏതും) സംവൃതലോപത്താലും, ലോപം ഇല്ലെങ്കിൽ അതുവും എന്നു വകാരാഗമത്താലും വരും.

3. വ്യഞ്ജനാദേശസന്ധി.

(a) പരസവർണ്ണാദേശം.

84. ഭാഷാപദങ്ങളുടേയും സംസ്കൃതപദങ്ങളുടേയും (49. 3–4) അന്ത്യവ്യഞ്ജനങ്ങളോടു സാവൃതം ചേരാതിരുന്നാൽ സംഹിതയിൽ പൂർവ്വാപരവ്യഞ്ജനങ്ങൾക്കു് ആദേശം വരും.

1. ൻ, മ ഇവയുടെ പിന്നിൽ വ്യഞ്ജനം വന്നാൽ ഇവക്കു പരസവൎണ്ണം ആദേശമായ്വരും.

നകാരം. വൻ + കടൽ = വങ്കടൽ; അവൻ + ചൊന്നാൻ = അവഞ്ചൊന്നാൻ; അവൻ + ഞാൻ = അവഞ്ഞാൻ; എൻ + പോററി = എമ്പോററി.

മകാരം. കൊടും + കാററു = കൊടുങ്കാററു; കടും + ചോര = കടുഞ്ചോര; വരും + തോറും = വരുന്തോറും. പെരും + പറ = പെരുമ്പറ.

2. മുൻ, പൊൻ, പിൻ എന്നിവയുടെ അന്ത്യനകാരത്തിന്റെ പിന്നിൽ ഖരം വന്നാൽ നകാരത്തിന്നു ലകാരം ചിലപ്പോൾ ആദേശമായ്വരും.

മുൻ + കാഴ്ച = മുല്ക്കാഴ്ച; തിരുമുൻ + പാട്ട = തിരുമുല്പാട്ട; പൊൻ + താർ = പൊല്ത്താർ; പൊൻ + കലശം = പൊല്ക്കലശം; മുൻ + പാട്ട = മുല്പാട്ട; പിൻ + പാട്ട = പില്പാട്ട.

3. ലണകൾക്കു ക, ച, പ എന്ന ഖരങ്ങൾ പരമായാൽ ലീലാതിലകം വിധിക്കുന്ന റകാരം (iii. 25) ഇപ്പോൾ ഇല്ല. അന്നും നടപ്പിൽ വന്ന ലകാരം ഗ്രന്ഥകാരന്നു ഇഷ്ടമില്ലായിരുന്നു.

കൽ + കളം. കറ്കളം, കല്ക്കളം. പൊൺ കണ്ണാടി — പൊറ്കണ്ണാടി — പൊല്ക്കണ്ണാടി, കൽ + ചിറ — കറ്ചിറ — കല്ച്ചിറ, പൊൺ + ചില — പൊറ്ചില, പൊൻചില — പൊഞ്ചില. ഉച്ചാരണം മാറിപ്പോയതു സൂക്ഷിക്കുക.

4. ലണകൾക്കു തകാരം പരമായാൽ ലീലാതിലകം രണ്ടിന്നും ഏകാദേശമായി വിധിക്കുന്ന ററകാരം (iii. 27.) ഇപ്പോൾ ക്രിയാരൂപങ്ങളിൽ ശേഷിച്ചിട്ടുണ്ടു.

കൽ + തളം — കററളം — കല്ത്തളം. കോൻ + തേൻ — കോറേറൻ; പൊൻ + താർ — പൊററാർ — പൊല്ത്താർ. cf. കററവർ — (കല്ത്തവർ).

അകല് + തുന്നു — അകററുന്നു. വില് + തു — വിററു. ഏൽ + തു — ഏററു.

5. ലകാരത്തിന്റെ പിന്നിൽ ഖരം വന്നാൽ ലകാരം ലോപിച്ചു പരസവൎണ്ണം വികല്പമായും വരും.

കടൽ + കാക്ക = കടൽ + ക് + കാക്ക = കടക്കാക്ക, കടല്ക്കാക്ക; | കൽ + കുഴി = കക്കുഴി, കല്ക്കുഴി. കപ്പൽ + ചെലവു = കപ്പച്ചെലവു, കപ്പൽച്ചെലവു.

തുന്നൽ + പണി = തുന്നപ്പണി, തുന്നൽപ്പണി. മേൽ + തരം = മേത്തരം, മേത്തരം. കടൽപ്പുറം, കടപ്പുറം എന്നും വരും.

☞ വ്യഞ്ജനത്തിന്നു പിൻ വരുന്ന വ്യഞ്ജനത്തിന്നു ദ്വിത്വം വന്നതിനെ സൂക്ഷിക്കുക.

6. ണകാരത്തിന്നു ചകാരം പരമായാൽ അതിന്നു ഞകാരം ആദേശം വരും.

വെൺചമരി — വെഞ്ചമരി. മൺചിറ — മഞ്ചിറ.

ജ്ഞാപകം. മൺകുടം — മങ്കുടം, ആൺകുട്ടി — ആങ്കുട്ടി, പെൺകുട്ടി — പെങ്കുട്ടി, (പെണ്ണുട്ടി — സംജ്ഞാനാമം) ഇങ്ങിനെ രണ്ടു വിധം ഉച്ചാരണം ഉണ്ടെങ്കിലും ആദ്യരൂപങ്ങളെ മാത്രമേ എഴുതുമ്മു.

ആൺ + കൾ — ആങ്ങൾ, പെൺകൾ — പെങ്ങൾ.

(b) പൂർണ്ണസ്വവർണ്ണാദേശം.

85. മൂർദ്ധന്യങ്ങൾക്കു പിന്നിൽ തവർഗ്ഗം വന്നാൽ തവർഗ്ഗത്തിന്നു പൂർവസവർണ്ണം ആദേശമായ്‌വരും.

ഇട് + തു = ഇട് + ടു = ഇട്ടു; വിട് + തു = വിട്ടു; കെട് + തു = കെട്ടു.

ഉൺ + തു = ഉണ്ടു. കൺ + തു = കണ്ടു, വെൺ + തേക്കു = വെണ്ടേക്കു. തൺ + താർ = തണ്ടാർ, തിൺ + തേർ = തിണ്ടേർ, എൺ + ദിശ = എണ്ടിശ, പിൺതലം = പിണ്ടലം.

കേൾ + തു = കേട്ടു; വേൾ + തു = വേട്ടു; | ഉരുൾ + തുന്നു = ഉരുട്ടുന്നു; വെൾ + മ = വെണ്മ.

(c) ഉഭയാദേശം.

86. 1. പരസവർണ്ണാദേശവും പൂർവസവർണ്ണാദേശവും ഒരു പദത്തിൽ തന്നെ പ്രവൃത്തിച്ചു കാണും. അതിന്നു് ഉഭയാദേശം എന്നു പേർ ഇരിക്കട്ടെ.

മരം + കൾ എന്ന സംഹിതയിൽ അന്ത്യമകാരത്തിന്നു പരസവർണ്ണാദേശം വന്നാൽ മരങ് + കൾ ആകും. ങകാരത്തിന്റെ പിന്നിലെ ആദ്യകകാരത്തിന്നു പൂർവസവർണ്ണാദേശം വന്നാൽ മരങ് + ങൾ = മരങ്ങൾ ആകും. കളം + കര = കളങ് + ങര = കളങ്ങര; അഞ്ചു + നൂറു = അഞ്ച് + നൂറു = അഞ്ഞ് +

നൂറു = അഞ്ഞ് + ഞൂറു (ഒരു ഞകാരത്തിന്നു ലോപം വന്നിട്ടു) = അഞ്ഞൂറു; അഞ്ചു + നാഴി = അഞ്ഞ് + ഞാഴി = അഞ്ഞാഴി.

2. ളഴകാരങ്ങൾക്കു നകാരം പരമായാൽ നകാരം ണകാരമായി രണ്ടിന്നും സവർണ്ണം വരും. ഒരു ണകാരം ലോപിക്കയും ചെയ്യും.

വാഴ് + നാൾ — വാൾ + ണാൾ — വാൺ + ണാൾ = വാണാൾ, നീൾ + നാൾ — നീണാൾ, വീഴ് + ന്തു — വീഴ് + ൺതു = വീഴ് + ൺ + ടു = വീഴ് + ൺ + ടു = വീണ്ണു — വീണു.

പരീക്ഷ 71 — 86.

1. സംഹിത, സന്ധി, വിവൃത്തി, ആഗമം, ആദേശം, ലോപം, അപവാദം, വികല്പം ദ്വിത്വം എന്നിവയെ വിവരിച്ചുദാഹരിക്കുക. 2. വെണ്ണീർ, ആലിഞ്ചുവട്ടിൽ, എമ്പതു, ചെങ്കതിരവൻ, നൊമ്മണി, ചെങ്ങനാൽ, തീക്കണൽ, പൈങ്കിളിപ്പെൺകിടാവു, വിണ്ണോർ, കച്ചോടക്കാരൻ, തേങ്ങ, മാങ്ങ, ഉണ്ടോഹം, ഉണ്ണാഡി ഇവയിലെ പദങ്ങളെ വേർപിരിച്ചു സന്ധി വിവരിക്കുക. 3. എല്ലാ + പോഴും; മക്കൾ + തായം; വാൽ + മേൽ; കൈ + ചിട്ടു; പോകം + പോൾ; പൊൻ + ചരടു; പോയി + പോയി; വേറെ + വേറെ; അതു + അതു, ഇവയെക്കൂട്ടിച്ചേർത്തു സന്ധികാര്യങ്ങളെ വിവരിക്കുക. 4. ചെമ്പുകൊട്ടി, ചെപ്പുകുത്തി, അങ്ങുനിന്നു, വേണാനാട്ടു, എറിഞ്ഞുകള, കൊണ്ടുവന്നു, ഇട്ടുവെച്ചു ഇവ ഉച്ചാരണത്തിൽ എങ്ങനെ മാറുന്നു എന്നു കാണിച്ചു സന്ധികാര്യങ്ങളെ വിവരിക്കുക. 5. പൂർവകാലത്തിലെ ചില സന്ധിനിയമങ്ങൾ ഇപ്പോഴും ഭാഷയിൽ നടപ്പുണ്ടോ? ഉദാഹരിക്കുക.

4. സംസ്കൃതസന്ധിപ്രകരണം.

87. സംസ്കൃതമറിയാത്തവർ ആ ഭാഷയിലെ പദങ്ങളെ ചേർത്തു സമാസങ്ങൾ മുതലായവയെ പ്രയോഗിക്കുമ്പോൾ പ്രയോഗശുദ്ധിക്കു സംസ്കൃതസന്ധിജ്ഞാനം അത്യാവശ്യം തന്നെ. സംഹിതയിൽ മുമ്പും പിമ്പും നില്ക്കുന്ന പദങ്ങൾ രണ്ടും സംസ്കൃതമായാൽ സംസ്കൃതസന്ധി നിർബന്ധമാകുന്നു. ഒന്നു ഭാഷാപദമായാൽ ഭാഷാസന്ധി പ്രവൃത്തിക്കും. ഈ രണ്ടുവിധം സന്ധികളും ഒരേ സമാസത്തിൽ പ്രയോഗിക്കാതിരിപ്പാൻ സൂക്ഷിക്കേണം.

സൂര്യതേജസ് + ഉപമന്മാർ-സൂര്യതേജഉപമന്മാർ, ശ്രേയസ് + ഉന്മുഖം-ശ്രേയഉന്മുഖം എന്ന സംസ്കൃതരൂപങ്ങൾക്കു പകാരമായി സൂര്യതേജോപമന്മാർ, ശ്രേ

യോന്മുഖം എന്ന രൂപങ്ങളെ പ്രയോഗിക്കുന്നതു് അബദ്ധമാണു. മനസ്+ താഴ്ച = മനോതാഴ്ച ഇവിടെ സന്ധിവരാൻ പാടില്ല. മനസ്സിൻ താഴ്ച. പായി+ മരം = പാമരം. പാമരം + അഗ്രം = പാമരാഗ്രം (topmast). ഇതിൽ എന്താണു തെററു?

പ്രകൃതിപ്രത്യയങ്ങൾ ചേൎന്നു പദങ്ങൾ ഉളവാകുമ്പോൾ ആവശ്യമായ ആഭ്യന്തരസന്ധിയെ വിചാരിക്കുകയില്ല. പദങ്ങൾ ഒന്നിച്ചു കൂടിയുണ്ടാകുന്ന ബാഹ്യസന്ധിയെ കുറച്ചു മാത്രം വിവരിക്കുന്നു. സംസ്കൃതസന്ധിയെ അനുകരിക്കുന്ന ഭാഷാപ്രയോഗങ്ങളെ അനുകരണം എന്നു നിർദ്ദേശിക്കും.

(a) സ്വരസന്ധി.

88. 1. സവർണ്ണദീർഘസന്ധി. സമാനാക്ഷരങ്ങളുടെ പിന്നിൽ സവർണ്ണങ്ങളായ സ്വരങ്ങൾ വന്നാൽ രണ്ടിന്നും സവർണ്ണദീർഘം ഏകാദേശം വരും. (37.)

അ + അ = ആ — ദൈത്യ + അരി = ദൈത്യാരി | അ + ആ — കണ്ഠ + ആഭരണം = കണ്ഠാഭരണം | ആ + അ — സീതാ + അനുജ്ഞാ = സീതാനുജ്ഞാ | ആ + ആ — ശ്രദ്ധാ + ആരാധനാ = ശ്രദ്ധാരാധനാ.

ഇ + ഇ = ഈ — മുക്തി + ഇച്ഛാ = മുക്തീച്ഛാ, മുനീന്ദ്രൻ | ഇ + ഈ = ഈ — രതി + ഈശൻ = രതീശൻ | ഈ + ഇ — ലക്ഷ്മീ + ഇച്ഛാ = ലക്ഷ്മീച്ഛാ | ഈ + ഈ = ഈ — പാൎവ്വതീ + ഈശൻ = പാൎവ്വതീശൻ.

ഉ + ഉ = ഊ — ഗുരു + ഉപദേശം = ഗുരൂപദേശം | ഉ + ഊ — ഭാനു + ഊഢൻ = ഭാനൂഢൻ | ഊ + ഉ — വധൂ + ഉദരം = വധൂദരം | ഊ + ഊ — ചമൂ + ഊഹം = ചമൂഹം.

ഋ + ഋ = ൠ — പിതൃ + ഋണം = പിതൄണം.

അനുകരണം. അനേകായിരം, പിൻതുടൎച്ചാവകാശം; പണയാധാരം, വെള്ളാന മറാദ്ധ്യയനം, മന്നവാജ്ഞാ. ഇത്തരാദികൾ, നോക്കീല്ലല്ലോ. ചൊല്ലീല, തിരു + ഊർ = തിരൂർ, പെരു + ഊർ = പെരൂർ.

89. 2. ഗുണസന്ധി. അ, ആ എന്നിവയുടെ പിന്നിൽ നാമികൾ വന്നാൽ രണ്ടിന്നും കൂടി ഗുണം ഏകാദേശം വരും.

അ + ഇ = ഏ — നൃപ + ഇന്ദ്രൻ = നൃപേന്ദ്രൻ | ആ + ഇ = ഏ — രമാ + ഇച്ഛ — രമേച്ഛ | അ + ഈ = ഏ — നര + ഈശ്വരൻ = നരേശ്വരൻ | ആ + ഈ = ഏ — രമാ + ഈശൻ — രമേശൻ.

അ + ഉ = ഓ — സൂര്യ + ഉദയം — സൂര്യോദയം | അ + ഊ — സൂര്യ + ഊഢൻ = സൂര്യോഢൻ | ആ + ഉ — കഥാ + ഉകരം = കഥോകരം | ആ + ഊ — തലാ + ഊർദ്ധ്വം = തലോർദ്ധ്വം.

അ + ഋ = അർ — ദേവ + ഋഷി = ദേവർഷി. ആ + ഋ — മഹാ + ഋഷി = മഹർഷി. ചെന്ന + ഇടം = ചെന്നേടം.

90. 3. വൃദ്ധിസന്ധി. അ, ആ എന്നിവയുടെ പിന്നിൽ സന്ധ്യക്ഷരങ്ങൾ വന്നാൽ രണ്ടിന്നും വൃദ്ധി ഏകാദേശം വരും. (37. V.)

അ + ഏ = ഐ — തവ + ഏകം = തവൈകം | ആ + ഏ — ദയാ + ഏവ = ദയൈവ.

അ + ഐ = ഐ — കൃഷ്ണ + ഐക്യം = കൃഷ്ണൈക്യം | ആ + ഐ — സീതാ + ഐശ്വര്യം — സീതൈശ്വര്യം.

അ + ഓ = ഔ — ജന + ഓഘം = ജനൗഘം | ആ + ഓ — ഗംഗാ + ഓഘം = ഗംഗൗഘം.

അ + ഔ = ഔ — തവ + ഔഷധം = തവൗഷധം | സീതാ + ഔചിത്യം = സീതൗചിത്യം.

91. 4. യൺസന്ധി. നാമികളുടെ പിന്നിൽ അസവർണ്ണസ്വരം വന്നാൽ നാമികളുടെ സ്ഥാനത്തു യ്, വ്, ർ, ല്, എന്ന അന്തസ്ഥകൾ അനുക്രമം വരും.

യ {
ഇ. പതി + ആജ്ഞാ = പത്യാജ്ഞാ, ബുദ്ധി + ഉപദേശം = ബുദ്ധ്യുപദേശം.
പ്രതി + ഉപകാരം = പ്രത്യുപകാരം, പ്രതി + ഔഷധം = പ്രത്യൗഷധം,
ഈ. നദീ + ഓഘം = നദ്യോഘം, സതീ + ഉകരം = സത്യുകരം.

വ {
ഉ. ഗുരു + ആജ്ഞാ = ഗുർവ്വാജ്ഞാ, വായു + ആളി = വായ്വാളി.
ഊ. വധൂ + ആഭരണം = വധ്വാഭരണം — ചമൂ + ഈശൻ = ചമ്വീശൻ.

ഋ + അ. പിതൃ + അർത്ഥം = പിത്രർത്ഥം, മാതൃ ആജ്ഞാ = മാത്രാജ്ഞാ, ഭർത്തൃ + ഇച്ഛ = ഭർത്രിച്ഛ.

അനുകരണം. ആസന്നേഷു + ഇരിക്ക = ആസന്നേഷ്വിരിക്ക. ദമയന്തി + എന്നല്ലാതെ = ദമയന്ത്യെന്നല്ലാതെ. ബുദ്ധി + ഉപദേശം = ബുദ്ധ്യുപദേശമെന്നല്ലാതെ ബുദ്ധിയുപദേശം എന്നതു തെറ്റാകുന്നു. യ, വ, ര, ല എന്ന അന്തസ്ഥങ്ങൾക്കു പാണിനി വിധിച്ച സംജ്ഞയാകുന്നു യൺ.

92. 5. ആദേശസന്ധി. സന്ധ്യക്ഷരങ്ങൾക്കു പിന്നിൽ

സ്വരം വന്നാൽ ഏക്ക് അയും, ഐക്ക് ആയും, ഓക്ക് അവും, ഔക്ക് ആവും ആദേശം വരും. പദാന്തയവകൾക്കു ലോപം വികല്പമാകുന്നു.

൧. സൂനവേ + ആശിശൽ = സൂനവയ് ആശിശൽ = സൂനവആശിശൽ.

൨. തസ്മൈ + അയച്ഛൽ = തസ്മായ് അയച്ഛൽ = തസ്മാഅയച്ഛൽ.

൩. സാധോ + ഏഹി = സാധാവ് + ഏഹി = സാധവേഹി.

൪. തൌ + ഇമൌ = താവിമൌ, പുത്രൌ + ഏതൌ = പുത്രാവേതൌ.

ഇവിടെ പദാന്തത്തിലെ യവകാരങ്ങൾക്കു ലോപം വരാമെങ്കിലും ലോപത്തിന്റെ ശേഷം പിന്നെയും സന്ധി ഉണ്ടാകയില്ല. എന്നാൽ ഇപ്പോൾ അച്ചടിപുസ്തകങ്ങളിൽ യകാരത്തിന്നു ലോപവും വകാരത്തിന്നു അലോപവും വരും.

തൌ + ഇമൌ = താവിമൌ | പൌ + അകൻ = പാവകൻ | നൌ + ഇകൻ = നാവികൻ | തസ്മൈ + അദാൽ = തസ്മായദാൽ അല്ലെങ്കിൽ തസ്മാ അദാൽ ഇവിടെ യവകാരലോപത്തിന്നു ശേഷം ദീർഘസന്ധി വരികയില്ല.

93. പദാന്ത്യമായ ഏ, ഓ എന്നിവയുടെ പിന്നിൽ അകാരാദിപദം വന്നാൽ അകാരം ലോപിക്കും. അതിന്റെ സ്ഥാനത്തു നാഗരിയിൽ ऽ എന്ന അവഗ്രഹചിഹ്നം ഉപയോഗിക്കും.

രാമോ + അവദൽ – രാമോऽവദൽ | ഹരയേ + അയച്ഛൽ ഹരയേऽയച്ഛൽ.

ഇപ്രകാരം ഭാഷക്കാവശ്യമായ സംസ്കൃതസന്ധികളെയെല്ലാം വിവരിച്ചു കഴിഞ്ഞു. മുഖ്യ, പ്രധാന, സത് മുതലായ അകാരാന്തപ്രാതിപദികങ്ങളുടെ പിന്നിൽ സ്വരാദിപദങ്ങളെ ചേർത്തു സന്ധികൂടാതെയുള്ള സമാസങ്ങൾ ഭാഷയിൽ ഇയ്യിടെ പ്രയോഗിച്ചു വരുന്നു. ഇവയെ ഉപേക്ഷിക്കുന്നതാണ് ഉത്തമം.

മുഖ്യ ഉദ്യോഗസ്ഥന്മാർ; സംവൃത ഉകാരം, സത് ഐശ്വര്യം.

(b) വ്യഞ്ജനസന്ധി

94. ഇവിടെ വാക്യത്തിലും സമാസത്തിലും വരുന്ന ബാഹ്യസന്ധിയെ മാത്രം വിവരിക്കും. ക്, ങ്, ട്, ണ്, ത്, ന്, പ്, മ്, യ്, ർ, ല്, വ്, സ് എന്നി പന്ത്രണ്ടു വ്യഞ്ജനങ്ങളിൽ സംസ്കൃതപദം അവസാനിക്കും. ഇവയിൽ യവകാരങ്ങൾ ലോപിക്കും. രേഫസകാരങ്ങൾ വിസർഗ്ഗമാകും. മകാരത്തിന്നു പകരം അനുസ്വാരം എഴുതും. ഈ അനുസ്വാരത്തിന്റെ പിന്നിൽ സ്വരം വന്നാൽ മകാരം പിന്നെയും വരും. വ്യഞ്ജനങ്ങൾ വന്നാൽ 61ലെ വിധി പ്രവൃത്തിക്കും.

ചവൎഗ്ഗം പദാന്തത്തിൽ വരില്ല. ധാതുപ്രാതിപദികാന്തത്തിലേ ചവൎഗ്ഗത്തിന്നു പകരം കവൎഗ്ഗമോ ടവൎഗ്ഗമോ വരും. ൿ, ട്, ത്, പ്, എന്നീ ഖരങ്ങൾ വികല്പേന ഗ്, ഡ്, ദ്, ബ് എന്ന മൃദുക്കളാവുന്നു. വാൿ—വാഗ്, വിശ്വസൃട്—വിശ്വസൃഡ്, മുൽ—മുദ്, കകുപ്—കകുബ്.

1. അനുനാസികവും അന്തസ്ഥവും അല്ലാത്ത അന്ത്യവ്യഞ്ജനത്തിന്റെ പിന്നിൽ അഘോഷം വന്നാൽ ഖരവും ഘോഷവത്തു വന്നാൽ മൃദുവും അന്ത്യവ്യഞ്ജനത്തിന്ന് ആദേശം വരും.

a. ഖരം—വാൿ+കലഹം=വാക്കലഹം, ദിൿ+ചക്രം=ദിൿചക്രം; ത്വൿ+താപം=ത്വക്താപം, പരിവ്രാട്+കരം=പരിവ്രാൾകരം, അനുഷ്ടുപ്+ഛന്ദഃ=അനുഷ്ടുപ്ഛന്ദഃ.

b. മൃദു—വാൿ+ആളി=വാഗാളി; ദിൿ+ജയം=ദിഗ്ജയം. പരിവ്രാൾ+വൃന്ദം=പരിവ്രാഡ്വൃന്ദം, കകുഭ്+അന്തം=കകുബന്തം, ത്വൿ+രോഗം=ത്വഗ്രോഗം.

2. പിൻ വരുന്ന വ്യഞ്ജനം അനുനാസികമായാൽ മൃദുവിന്നു പകരം അനുനാസികവും വികല്പമായി വരും.

വാൿ+മാധുൎയ്യം=വാഗ്മാധുൎയ്യം—വാങ്മാധുൎയ്യം. ദിൿ+നാഗം=ദിഗ്നാഗം—ദിങ്നാഗം. മധുലിട്+നാദം=മധുലിഡ്നാദം, മധുലിണ്ണാദം.

സ്വാരാട്+നമുചിസൂദനൻ=സ്വാരാൺനമുചിസൂദനൻ.

3. മാത്രം, മയം എന്നിങ്ങിനെയുള്ള അനുനാസികാദിപ്രത്യയം വന്നാൽ അനുനാസികം മാത്രം വരും. മൃദുപാടില്ല.

വാൿ+മയം—വാങ്മയം, ദിൿ+മാത്രം—ദിങ്മാത്രം.

95. 1. സകാരതവൎഗ്ഗങ്ങളോടു (i) ശകാരചവൎഗ്ഗം ചേൎന്നാൽ ശകാരചവൎഗ്ഗവും (ii) ഷകാരടവൎഗ്ഗം ചേൎന്നാൽ ഷകാരടവൎഗ്ഗവും ആദേശം വരും.

ശചവൎഗ്ഗം. മനസ്+ശാന്തി=മനശ്ശാന്തി, | മനസ്+ചിന്ത=മനശ്ചിന്ത | തൽ+ചയം=തച്ചയം | ജഗൽ+ജയം=ജഗജ്ജയം | തൽ+ഝരി=തജ്ഝരി.

ഷടവൎഗ്ഗം—മനസ്+ഷഷ്ഠം=മനഷ്ഷഷ്ഠം, തൽ+ടീക=തട്ടീക, | ഉദ്+ഡയനം=ഉഡ്ഡയനം.

2. തകാരത്തിന്റെ പിന്നിൽ ശകാരം ഛകാരം ആകും.

തൽ+ശരം—തച്+ശരം—തച്+ഛരം— തച്ഛരം.

3. തകാരത്തിന്റെ പിന്നിൽ ലകാരം വന്നാൽ തകാരം ലകാരമാകും.

തൽ+ലയം—തല്ലയം, സുഹൃത്+ലാഭം—സുഹൃല്ലാഭം.

4. അനുനാസികങ്ങൾ കഴികെയുള്ള സ്പൎശങ്ങളുടെ പിൻ വരും ഹകാരത്തിന്നു വികല്പമായി ഘോഷം വരും.

ദിൿ + ഹസ്തി = ദിഗ്ഘസ്തി (94-1), ദിഗ്ഹസ്തി; | രത്നമുട് + ഹാരം = രത്നമുഡ്ഢാരം, രത്നമുഡ്ഹാരം | തൽ+ഹിതം = തദ്ധിതം | മൽ+ഹാസം—മദ്ധാസം.

96. 1. ഹ്രസ്വങ്ങളുടെ പിൻ വരുന്ന ങ, ണ, ന എന്ന വ്യഞ്ജനങ്ങളുടെ പിന്നിൽ സ്വരം വന്നാൽ ഇവ ഇരട്ടിക്കും.

ങ— പ്രത്യങ് + ആത്മാ — പ്രത്യങ്ങാത്മാ | സൻ + അച്യുതഃ— സന്നച്യുതഃ. പ്രത്യുദാഹരണം പ്രാങ്+ആസ്തേ—പ്രാങാസ്തേ | താൻ+ആഹ—താനാഹ.

97. പദാന്ത്യനകാരത്തിന്റെ പിന്നിൽ ച, ഛ, ട, ഠ, ത, ഥ എന്നിവ കൊണ്ടു തുടങ്ങുന്ന പദങ്ങൾ വന്നാൽ നകാരം അനുസ്വാരവും വിസൎഗ്ഗവും ആയി മാറും. വിസൎഗ്ഗത്തിന്റെ പിന്നിൽ ച, ഛ വന്നാൽ ശകാരവും ട, ഠ വന്നാൽ ഷകാരവും, ത, ഥ വന്നാൽ സകാരവും ആയ്ത്തീരും.

ഭവാൻ+ചരതി = ഭവാംഃ+ചരതി = ഭവാംശ്+ചരതി = ഭവാംശ്ചരതി

ഭവാൻ+ടീകതേ = ഭവാംഃ+ടീകതേ = ഭവാംഷ്+ടീകതേ = ഭവാംഷ്ടീകതേ

ഭവാൻ+തരതി = ഭവാംഃ+തരതി = ഭവാംസ്+തരതി = ഭവാംസ്തരതി.

(c) വിസൎഗ്ഗസന്ധി.

98. 1 പദാന്തത്തിൽ സകാരവും രേഫവും വിസൎഗ്ഗമായ്വരും.

സ്—മനസ്—മനഃ, തപസ്—തപഃ, വച്ചസ്—വച്ചഃ

ർ—പുനർ—പുനഃ, ഗീർ—ഗീഃ, സ്വർ—സ്വഃ, അന്തർ—അന്തഃ.

2. അന്ത്യമായ അഃ എന്നതിൽ പിന്നെ അകാരവും ഘോഷവത്തും വന്നാൽ അതു ഓ ആയ്മാറും. ഓകാരത്തിന്റെ പിന്നിൽ വരുന്ന അകാരം ലോപിക്കും.

രാമഃ+അവതി—രാമോ അവതി—രാമോഽവതി. (93.) | രാമഃ+ഗച്ഛതി രാമോ ഗച്ഛതി | നൃപഃ+ജയതി=നൃപോ ജയതി.

സൂൎയ്യതേജസ്+ഉപമൻ=സൂൎയ്യതേജ ഉപമൻ; ശ്രേയസ്+ഉന്മുഖൻ = ശ്രേയ ഉന്മുഖൻ. സകാരം ലോപിച്ച ശേഷം സന്ധി വരികയില്ല.

ജ്ഞാപകം — (1) മനോകല്പിക, മനോഖേദം, മനോപാഠം, മനോപൂജ, മനോസംശയം ഇത്യാദികളിൽ മനഃ എന്നതിലേ അഃ എന്നതിന്റെ ശേഷം വരുന്ന പദങ്ങൾ സംസ്കൃതമാകയാൽ സന്ധി വരും. ഈ പദങ്ങൾ അഘോഷാക്ഷം കൊണ്ടു തുടങ്ങുന്നതു കൊണ്ടു വിസൎഗ്ഗാന്തമായ അകാരത്തിന്നു പകരം ഓകാരം വരില്ല. മനഃകല്പിക എന്നിങ്ങനെ എഴുതേണം. (2) രക്ഷഃ+വെള്ളം= രക്ഷോവെള്ളം എന്നതിൽ ഉത്തരപദം ഭാഷയാകയാൽ സന്ധി വരികയില്ല. മനോതാഴ്ച എന്നതു (1)ം (2)ം കൊണ്ടുവരിക.

3. അഃ എന്നതിന്റെ ശേഷം അ ഒഴികെയുള്ള സ്വരം വന്നാൽ വിസൎഗ്ഗം ലോപിക്കും.

രാമഃ ആഗതഃ = രാമ ആഗതഃ | കൃഷ്ണഃ+ഇച്ഛതി. = കൃഷ്ണ ഇച്ഛതി | ലോപാനന്തരം പിന്നെയും സന്ധിയില്ല.

4. ആഃ എന്നതിന്റെ പിന്നിൽ സ്വരമോ ഘോഷവത്തോ വന്നാൽ വിസൎഗ്ഗം ലോപിക്കും.

ജനാഃ അത്ര = ജനാ അത്ര | ജനാഃ ഇഹ = ജനാ ഇഹ | ജനാഃ+ഗതാഃ = ജനാ ഗതാഃ.

99. 1. ഇകാരാദിസ്വരങ്ങളുടെ പിൻ വരും വിസൎഗ്ഗത്തിന്റെ ശേഷം സ്വരമോ ഘോഷവത്തോ വന്നാൽ വിസൎഗ്ഗത്തിന്റെ സ്ഥാനത്തു രേഫം വരും.

ഹരിഃ+ജയതി = ഹരിർ+ജയതി = ഹരിൎജ്ജയതി | ഗുരുഃ+വദതി = ഗുരുൎവ്വദതി = വധൂഃ + ഹസതി=വധൂൎഹസതി | ലക്ഷ്മീഃ+വസതി = ലക്ഷ്മീൎവ്വസതി | തൈഃ+ഉക്തം=തൈരുക്തം | ഹരിഃ+ഇച്ഛതി=ഹരിരിച്ഛതി |

2. രേഫത്തിന്റെ പിന്നിൽ വരും രേഫം ലോപിക്കയും ആദ്യരേഫത്തിന്റെ മുമ്പിലേ സ്വരം ദീൎഘിക്കയും ചെയ്യും.

ഹരിഃ+രക്ഷതു = ഹരിർ+രക്ഷതു = ഹരീ രക്ഷതു | ഗുരുഃ+രാജതേ—ഗുരൂരാജതെ | ധനുഃ+രത്നം = ധനുർ+രത്നം = ധനൂരത്നം |

100. 1. വിസൎഗ്ഗത്തിന്റെ പിന്നിൽ ക, ഖ, പ, ഫ വന്നാൽ വിസൎഗ്ഗം മാറില്ല.

രാമഃ കരോതി = രാമഃ കരോതി । ഹരിഃ + ഖനതി = ഹരിഃ ഖനതി । ബാലഃ പഠതി । വൃക്ഷഃ ഫലതി.

2. വിസർഗ്ഗത്തിന്റെ പിന്നിൽ ശ, ച, ഛ വന്നാൽ ശകാരവും, ഷ, ട, ഠ വന്നാൽ ഷകാരവും, സ, ത, ഥ വന്നാൽ സകാരവും വരും. വിസർഗ്ഗത്തിന്റെ പിന്നിൽ ശ, ഷ, സ വന്നാൽ വിസർഗ്ഗം വികല്പേന മാറും. അഥവാ ക്രമേണ ശ, ഷ, സ എന്നിവ ആദേശം വരും. (97.)

രാമഃ + ശേതേ = രാമശ്ശേതേ. രാമഃ + ചിനോതി = രാമശ്ചിനോതി. രാമഃ + ഷഷ്ഠഃ = രാമഷ്ഷഷ്ഠഃ. രാമഃ + തരതി = രാമസ്തരതി.

രാമഃ ശേതേ, രാമഃ ഷഷ്ഠഃ, രാമഃ സുധീഃ. കേരളത്തിൽ രാമശ്ശേതേ മുതലായ ഊഷ്മളിതമാണു പതിവു.

ണത്വഷത്വങ്ങൾ.

101. 1. നകാരം ണകാരമായും സകാരം ഷകാരമായും മാറുന്നതാകുന്നു ണത്വവും ഷത്വവും. ഇതു വളരെ കഠിനമായ വിഷയമാണെങ്കിലും വളരെ പ്രയോജനകരമാകയാൽ സാമാന്യവിധികളെ മാത്രം പറയുന്നു.

ഒരു പദത്തിലെ ഋ, ർ, ഷ എന്നീ വർണ്ണങ്ങൾക്കു പിൻ വരും നകാരം ണകാരമാകും. കൃത്തൃ+നാ=കർത്തൃണാ, തീർ+നം=തീർണ്ണം, പുഷ്+നാ+തി=പുഷ്ണാതി.

ഋകാരം, രേഫം, ഷകാരം എന്നിവകളും നകാരത്തിനും ഇടയിൽ, സ്വരങ്ങളോ യ, ര, വ എന്ന അന്തഃസ്ഥകളോ, ഹകാരമോ, കവർഗ്ഗമോ, പവർഗ്ഗമോ വന്നാലും കൂടി നകാരം ണകാരമാകും.

ഋഷി+നാ=ഋഷിണാ. കാര്യ+ഇന=കാര്യേണ. മാർഗ്ഗ+ഇന=മാർഗ്ഗേണ. വൃക്ഷ+നാം=വൃക്ഷാണാം.

102. നാമികൾ, അന്തഃസ്ഥകൾ, കവർഗ്ഗം എന്നിവക്കു പിൻ വരുന്ന സകാരം ഷകാരമാകും. അതു പ്രത്യയാന്തമായാൽ മാറുകയില്ല.

നാമികൾ—ഹരി+സു=ഹരിഷു, ഗുരു+സു=ഗുരുഷു, പിതൃ+സു=പിതൃഷു, ഗോ+സു=ഗോഷു.

അന്തഃസ്ഥകൾ—ഗീർസു—ഗീർഷു, കമല്സു—കമല്ഷു.

സർവ്വശക്+സു=സർവ്വശക്ഷു, വാക്+സു=വാക്ഷു, ഋക്+സു=ഋക്ഷു.

മൂന്നാം കാണ്ഡം.

പദകാണ്ഡം എന്ന പരിനിഷ്ഠാകാണ്ഡം.

103. ഭാഷയെ വാക്യങ്ങളായി സംസാരിക്കുന്നു. വാക്യങ്ങൾ തമ്മിൽ സംബന്ധമുള്ള വാക്കുകൾ ചേൎന്നുണ്ടാകുന്നു. വാക്കുകളുടെ പരസ്പരസംബന്ധം മുഖ്യമായ്ക്കാണിക്കുന്നതു **പ്രത്യയങ്ങൾ** ആകുന്നു. പ്രത്യയങ്ങൾ ചേൎന്നുണ്ടാകുന്ന പദങ്ങൾ മാത്രമെ വാക്യത്തിൽ വരുള്ളൂ. വാക്കിന്റെ ഏതംശത്തോടു പ്രത്യയങ്ങൾ ചേരുന്നുവോ ആയതു **പ്രകൃതി.** നാമം, ക്രിയ, വിശേഷണം എന്നിവയുടെ പ്രകൃതികളോടു പ്രത്യയങ്ങൾ കൂടിയുണ്ടാകുന്ന രൂപങ്ങളെ വിവരിക്കുന്നതു **പദകാണ്ഡം.**

1. പ്രകൃതിയോടു പ്രത്യയങ്ങൾ ചേൎത്തു സന്ധികാൎയ്യങ്ങളെ വിവരിച്ചു **രൂപസിദ്ധിയെപ്പറയുന്നതു പ്രക്രിയയും** അതിനാൽ കിട്ടിയ രൂപം **പരിനിഷ്ഠിതരൂപവും** ആകുന്നു. പദകാണ്ഡത്തിൽ (24, 2.) പരിനിഷ്ഠിതശബ്ദങ്ങളെ പറയുന്നതു കൊണ്ടു് അതിനെ **പരിനിഷ്ഠാകാണ്ഡം** എന്നും പറയും.

2. വാക്കുകൾ **വ്യുൽപന്നങ്ങൾ** എന്നും **അവ്യുൽപന്നങ്ങൾ** എന്നും രണ്ടു വിധമാകുന്നു.

മന്നവൻ (മന്നിന്റെ സ്വാമി) അരമന (രാജാവിന്റെ മന), കുതിര (കുതിച്ചു ചാടുന്ന മൃഗം) ആടു (ആടിച്ചാടിക്കളിക്കുന്ന ജീവി) എന്നിങ്ങനെയുള്ള വാക്കുകളുടെ അൎത്ഥം അവയുടെ അവയവങ്ങളിൽ നിന്നു ഗ്രഹിക്കുന്നതു കൊണ്ടു് അവയെ വ്യുൽപന്നശബ്ദങ്ങൾ എന്നു പറയും. എന്നാൽ മന്നു, മന, കുതി, ആടുക, ചാട്ടം മുതലായ മൂലശബ്ദങ്ങളുടെ അൎത്ഥം അവയവങ്ങളിൽ നിന്നു് അറിവാൻ കഴിയായ്കയാൽ അവ അവ്യുൽപന്നശബ്ദങ്ങൾ ആകുന്നു. വ്യുൽപന്നശബ്ദങ്ങൾ **യൌഗികശബ്ദങ്ങളും** അവ്യുൽപന്നശബ്ദങ്ങൾ **രൂഢപദങ്ങളും** ആകുന്നു.

സംസ്കൃതപദങ്ങൾ ധാതുക്കളിൽ നിന്നുണ്ടായവയെന്നു പാണിനിമഹൎഷി സ്ഥാപിക്കുന്നതു കൊണ്ടു് അവ വ്യുൽപന്നശബ്ദങ്ങൾ ആകുന്നു. ഭാഷയിൽ അവ്യുൽപന്നങ്ങൾ ധാരാളം ഉണ്ടു. അവയെ മൂലശബ്ദങ്ങളും പ്രത്യയങ്ങളുമായി വിഭാഗിച്ചിട്ടില്ല.

3. പദങ്ങൾക്കു പദാന്തരത്തോടുള്ള സംബന്ധമായ ആകാംക്ഷ വാക്യകാണ്ഡവിഷയമാകയാൽ അതിനെ വാക്യകാണ്ഡത്തിൽ വിവരിക്കും.

4. പദകാണ്ഡത്തെ പ്രാതിപദികാധികാരം, ധാത്വധികാരം, വ്യുൽപന്നശബ്ദാധികാരം, സമാസാധികാരം ഭേദകാധികാരം, അവ്യയാധികാരം എന്നു വിഭജിക്കും. ഒരേ വിഷയത്തെ സംബന്ധിച്ച എല്ലാ കാൎയ്യങ്ങളേയും വിവരിക്കുന്ന ശാസ്ത്രഭാഗത്തെ **അധികാര**മെന്നു പറയും.

I. പ്രാതിപദികാധികാരം.

104. 1. നാമപ്രകൃതിയായ **പ്രാതിപദികം** വാചകമാകയാൽ അതിന്നു് അൎത്ഥമുണ്ടു. യദൃച്ഛ, ജാതി, ഗുണം, ക്രിയ, സംബന്ധം എന്നിവയിൽ ഒന്നിനെ പ്രാതിപദികം പറയും. പ്രത്യയത്തിന്നും അൎത്ഥമുണ്ടായിട്ടും അതു ദ്യോതകമാകകൊണ്ടു പ്രാതിപദികമല്ല. അതിന്നും ധാതുവിന്നും വാച്യമായ അൎത്ഥം ഉണ്ടായിട്ടും രണ്ടിൻേറയും രൂപഭേദം നിമിത്തം ജാത്യൈക്യമില്ല.

1. നാമങ്ങളുടെ ലക്ഷണവും വിഭാഗവും.

105. 1. വാക്യത്തിൽ ആഖ്യയോ, ആഖ്യാതപൂരണമോ കൎമ്മമോ ആയി പ്രയോഗിക്കുവാൻ കഴിയുന്ന പദം നാമം ആകുന്നു. (ബാ. 20—26, 79—81, 82—85.)

2. ലിംഗം, വചനം, വിഭക്തി എന്നിവയാൽ നാമത്തിൻെറ രൂപം മാറും.

3. ക്രിയക്കും ലിംഗവചനങ്ങളുള്ളതു കൊണ്ടു് അതിന്നു നാമത്തോടു സാമ്യമുണ്ടെങ്കിലും വിഭക്തികൾ ഇല്ലായ്കയാൽ അതു നാമത്തിൽ നിന്നു വ്യത്യസ്തമാകുന്നു. (ബാ. 115.) ഈ

ഭേദം നിമിത്തം വിഭക്തിരൂപങ്ങൾ ഉള്ളതു നാമമെന്ന് അതിനെ നിൎവ്വചിക്കാം.

4. അൎത്ഥം പ്രമാണിച്ച് നാമങ്ങളെ ദ്രവ്യനാമങ്ങൾ, ഭാവനാമങ്ങൾ, സൎവ്വനാമങ്ങൾ എന്നു മൂന്നു തരങ്ങളായി വിഭജിക്കാം.

കേ. പാണിനി സൎവ്വനാമങ്ങളെ ദ്രവ്യനാമങ്ങളുടെ ഉൾപ്പിരിവാക്കിയതിന്റെ യുക്തി കാണുന്നില്ല.

106. 1. ദ്രവ്യത്തിന്റെ പേരുകൾ ദ്രവ്യനാമങ്ങൾ.

ദ്രവ്യത്തിനു പരിമാണം, ഘനം, വിസ്താരം എന്ന സാമാന്യലക്ഷണം ഉണ്ടു. അതു് എല്ലായ്പോഴും മാറിമാറിപ്പോകുന്നതു കൊണ്ടു വികാരിയാകുന്നു. സ്ഥൂലം, ദ്രവം, വായവീയം എന്ന മൂന്നു സ്ഥിതിയിലിരുന്നു ദ്രവ്യം നമ്മുടെ അറിവിൽ പെടുന്നു. (ബാ 57—62.)

നമ്മുടെ ഇന്ദ്രിയങ്ങൾക്കു ഗോചരമായ്വരുന്ന വിശ്വത്തിലെ സകലവസ്തുക്കളും ദ്രവ്യം കൊണ്ടുണ്ടായതാകയാൽ ദ്രവ്യാത്മകങ്ങൾ അല്ലെങ്കിൽ ഭൌതികങ്ങൾ ആകുന്നു. ഈ വസ്തുക്കളെ തിരിച്ചറിവാനുള്ള അടയാളങ്ങൾ ആകുന്നു ദ്രവ്യനാമങ്ങൾ. അവ വിജാതീയഭേദം കാണിക്കും.

വിചാരത്തിനു വിഷയമായ്വരുന്ന പദാൎത്ഥം സജീവമോ നിൎജ്ജീവമോ മൂൎത്തമോ അമൂൎത്തമോ പാരമാൎത്ഥികമോ കാല്പനികമോ ആയിരുന്നാലും അതിനെ വ്യാകരണത്തിൽ വസ്തുവെന്നു പറയും. യഥാൎത്ഥവസ്തു സദ്വസ്തുവും അയഥാൎത്ഥവസ്തു അസദ്വസ്തുവും ആകുന്നു.

സദ്വസ്തു — ഈശ്വരൻ, പുരുഷൻ, പിതാവു, ഭൂമി, സ്വൎഗ്ഗം.

അസദ്വസ്തു — വന്ധ്യാപുത്രൻ, നൃശൃംഗം, ഖപുഷ്പം, മൃഗതൃഷ്ണ.

2. ദ്രവ്യത്തിനു ഗുണങ്ങളും അംശങ്ങളും ഉള്ളതു കൊണ്ടു ദ്രവ്യനാമങ്ങളെ **ഗുണിനാമങ്ങൾ** എന്നും **ധൎമ്മിനാമങ്ങൾ** എന്നും പറയും.

3. സംജ്ഞാനാമങ്ങൾ, സാമാന്യനാമങ്ങൾ, സമൂഹനാമങ്ങൾ, മേയനാമങ്ങൾ എന്നിവ നാലും ദ്രവ്യനാമത്തിന്റെ അവാന്തരഭേദങ്ങൾ ആകുന്നു.

മേയനാമത്തെക്കാൾ സാരമേറിയ സമൂഹനാമം കേ. പാ. ഉപേക്ഷിച്ചതിന്റെ കാരണം അറിഞ്ഞുകൂടാ. (115. 3.)

107. 1. അതേ അൎത്ഥത്തിൽ ഒരു ഒററ വസ്തുവിനെക്കുറിച്ചു മാത്രം വ്യവഹരിപ്പാൻ ഉപയോഗിക്കുന്ന നാമം വ്യക്തിനാമവും ഇതിന്റെ ഉൾപ്പിരിവു സംജ്ഞാനാമവും ആകുന്നു.

ചില ലക്ഷണങ്ങൾ ഉള്ള കാരണം ഒരു വസ്തുവിനെ പുരുഷനെന്നു പറയും എങ്കിലും അവൻ രാമൻ എന്ന പേരിന്നു് അൎഹനാവാൻ ഇന്ന ലക്ഷണങ്ങൾ വേണമെന്ന നിയമമില്ല. അവനെ ഈ പേർ വിളിപ്പാൻ അവന്റെ അമ്മയച്ഛന്മാൎക്കു യാതൊരു വിശേഷകാരണവും ഉണ്ടായിരുന്നില്ല. ഒരു നിയമത്തേയും അനുസരിക്കാതെ സ്വേച്ഛപോലെ മനുഷ്യർ വ്യക്തികളെ തിരിച്ചറിവാൻ മാത്രമായി പ്രയോഗിക്കുന്ന പദങ്ങൾ **യാദൃച്ഛികശബ്ദങ്ങൾ** ആകുന്നു. ശബ്ദങ്ങൾക്കു് അൎത്ഥം ബോധിപ്പിപ്പാൻ ഉള്ള ഒരു ശക്തിയെ **പ്രവൃത്തി** എന്നു പറയും. ചോറു് എന്ന ശബ്ദത്തിന്റെ ജ്ഞാനം ഉണ്ടായ ഉടനെ അതു് അന്നത്തിന്റെ പേരാകുന്നു എന്നു് അറിയിക്കുന്നതുകൊണ്ടു ചോറു എന്ന ശബ്ദം അന്നമെന്ന അൎത്ഥത്തിൽ **പ്രവൃത്തിക്കുന്നു.** ചോറു അന്നത്തിൽ പ്രവൃത്തിപ്പാനുള്ള കാരണം ആകുന്ന ശബ്ദത്തിന്റെ **പ്രവൃത്തിനിമിത്തം.** യാദൃച്ഛികശബ്ദങ്ങളായ സംജ്ഞാനാമങ്ങൾക്കു് ഈ വിധപ്രവൃത്തിനിമിത്തം (അൎത്ഥം) ഇല്ല.

വസ്തുക്കളെ തിരിച്ചറിവാനും അവയെക്കുറിച്ചു വ്യവഹരിപ്പാനും ഉള്ള അടയാളങ്ങൾ ആകുന്നു സംജ്ഞാനാമങ്ങൾ. അവ മനുഷ്യർ ഇഷ്ടംപോലെ കല്പിച്ചുണ്ടാക്കിയ യാദൃച്ഛികശബ്ദങ്ങൾ ആകയാൽ അവക്കു സ്വതവേ അൎത്ഥമില്ല. രാമൻ, കൃഷ്ണൻ, ഗണപതി, ജ്ഞാനമുത്തു, വിവേകാനന്ദൻ, ദയാനന്ദസരസ്വതി എന്നിങ്ങിനെ മനുഷ്യരുടെ ഇടയിൽ ഇപ്പോൾ നടപ്പുള്ള സംജ്ഞാനാമങ്ങൾക്കു് അൎത്ഥം ഉണ്ടെങ്കിലും ആ അൎത്ഥത്തെ ആധാരമാക്കീട്ടു് ഈ പേരുള്ളവൎക്കു പേർ വിളിച്ചുവരുന്നില്ല. ഈ വക നാമങ്ങൾ ഓരോരോ വ്യക്തികൾക്കു പ്രത്യേകിച്ചിട്ടുള്ള സംജ്ഞകളായി അവരെ മാത്രം കാണിക്കുന്നതുകൊണ്ടു് അവ **ഏകാശ്രയങ്ങളും** സാധാരണമായി ഏകവചനത്തിൽ മാത്രം പ്രയോഗിച്ചുവരുന്നവയും ആകുന്നു. ഒരു കൂട്ടത്തിൽ പലക്കും രാമൻ എന്ന പേർ ഉണ്ടായിരിക്കേ 'രാമാ' എന്നു വിളിച്ചാൽ ആവശ്യപ്പെട്ടവൻ മാത്രമല്ലാതെ ഇവർ എല്ലാവരും വിളി കേട്ടു പ്രവൃത്തിക്കയില്ല. ഈ കാരണത്താൽ സംജ്ഞാനാമം പലൎക്കും ചേരാതെ ഒരു് ഒററ വ്യക്തിയിൽ മാത്രം പ്രവൃത്തിക്കുന്നതുമൂലം അതു് **അനന്യവും** ആകുന്നു. അതു സാധാരണധൎമ്മങ്ങളിൽ ഒന്നിനേയും അറിയിക്കാതെ വെറും ദ്രവ്യത്തെ

മാത്രം കാണിക്കുന്നതു കൊണ്ട് അതിനെ നിശ്ചയിച്ചു കൂടാ. അതിന്റെ സ്വരൂപം മനസ്സിലാക്കാൻ **വിവരണം** ആവശ്യം ആകുന്നു.

രാമായണം മുഴുവനും വായിച്ചവൎക്കു രാമശബ്ദാൎത്ഥം അറിഞ്ഞു കൂടാ എന്നു വരുമോ? രാമായണപാഠകന്നു രാമശബ്ദശ്രവണത്തിങ്കൽ രാമചരിത്രം ചിത്രത്തിൽ എഴുതിയതു പോലെ ധാരണാശക്തിയാൽ ഉപസ്ഥിതമാകും. അതു രാമപദത്തിന്റെ പ്രവൃത്തിനിമിത്തമല്ല. രാമായണപാഠത്താൽ ജനിച്ച ജ്ഞാനം നിമിത്തമുണ്ടായ ധാരണ ആകുന്നു. രാമായണം അറിയാത്തവന്നു ആ പ്രതീതി ഉണ്ടാകയില്ല നിശ്ചയം.

2. ഏകാശ്രയമായതു കൊണ്ടു് അനന്യവും നിയതാൎത്ഥമില്ലാത്തതു കൊണ്ടു നിരൎത്ഥകവും ആയ നാമമാകുന്നു സംജ്ഞാനാമം.

3. അൎത്ഥമുണ്ടായിരുന്നിട്ടും നാമങ്ങൾ ഏകാശ്രയവും അനന്യവും ആയി ഒരു വ്യക്തിയിൽ മാത്രം ചേരുന്നുവെങ്കിൽ അവ സംജ്ഞാനാമങ്ങൾ ആയിരിക്കും. അൎത്ഥവത്തായ കാരണം അവ സാമാന്യനാമങ്ങൾ ആകയില്ല.

സൂൎയ്യൻ, ചന്ദ്രൻ, ഇന്ത്യാചക്രവൎത്തി, ഗവണർജനറൽ കൊച്ചിമഹാരാജാവു, ശ്രീമൂലംവാഴ്ച.

108. സാമാന്യനാമത്തിന്നു് അൎത്ഥമുള്ളതു കൊണ്ടു് അതു് അൎത്ഥവത്തും സമാനധൎമ്മങ്ങൾ ഉള്ള അനേകവസ്തുക്കളെക്കുറിക്കുന്നതു കൊണ്ടു ബഹ്വാശ്രയവും വ്യക്തിയുടേയും ജാതിയുടേയും പേരായി ഉപയോഗിക്കാവുന്നതു കൊണ്ടു ജാതിവ്യക്തിവാചകവും ആകുന്നു.

109. തുല്യധൎമ്മങ്ങൾ ഉള്ള വസ്തുകളെ ഒരു കൂട്ടമായി വിചാരിച്ചു വിളിച്ച പേരാകുന്നു **സമൂഹനാമം**. സമൂഹനാമം കൂട്ടത്തിൽ ചേൎന്ന ഒരു വസ്തുവിന്റെ പേരാകയില്ല. സമാനവസ്തുക്കളുടെ അനേകം കൂട്ടങ്ങളെ വിചാരിച്ചാൽ ഓരോ കൂട്ടം വ്യക്തിയും എല്ലാ കൂട്ടങ്ങളുടേയും ആകത്തുക ജാതിയും ആയിരിക്കയാൽ സമൂഹനാമം സാമാന്യനാമവുമാകും.

ഉ. ഇണ, ഇരട്ട, ഇനം, ഈട്ടം, പുള്ളിനം ഇത്യാദി ഭാഷാപദങ്ങൾ സമൂഹനാമങ്ങൾ ആകുന്നു.

൭. ഇണ, ജോടു എന്ന അൎത്ഥത്തിൽ ദ്വന്ദ്വം, മിഥുനം യുഗം, യുഗളം, യുഗ്മം, ദ്വയം, ദ്വിതയം എന്നിവയെ ഉപയോഗിക്കും.

൮. ആവലി, ആളി, ഉൽകരം, ഓഘം, കദംബം, കദംബകം, കംബലം, കലാപം, കുലം, ഗണം, ഗോത്രം, ചയം, ചക്രം, ചക്രവാളം, ജാതം, ജാതി, തതി, നികരം, നികായം, നിചയം നികുരുംബം, നികുരുംബകം, നിവഹം, നിശ്രേണി, പടലം, പടലി, പങ്ക്തി, പരമ്പര, പേടകം, പ്രകരം, പുഞ്ജം, മണ്ഡലം, മണ്ഡലി, രാജി, രാശി, രേഖ, വംശം, വാരം, വിചഹം, വിസരം, വൃന്ദം, വിഞ്ജോലിക, വ്യൂഹം, വ്രജം, വ്രാതം, ശ്രേണി, സംഘാതം, സഞ്ചയം, സന്ദോഹം, സമവായം, സമജം, സമാജം, സമുദയം, സമുദായം, സമിതി, സഭ, സംഹതി, സ്കന്ധം, സ്തോമം.

ഇവയെല്ലാം സമൂഹനാമങ്ങൾ ആകുന്നു. പദ്യത്തിൽ ഇവയെ ധാരാളം പ്രയോഗിക്കും.

110. 1. ഒരു ക്രമത്തെ അനുസരിച്ച് ഒന്നിച്ചു കൂടുന്ന വ്യക്തികളുടെ കൂട്ടത്തെ കാണിക്കുന്നതാകുന്നു സമൂഹനാമം. മനുഷ്യരുടെ ആവശ്യങ്ങളെ നിൎവഹിപ്പാനുള്ള ഒരു വസ്തുവിന്റെ മുഴുവൻ രാശിയെയോ അതിന്റെ ഭാഗങ്ങളെയോ കാണിപ്പാനുള്ള പേരുകൾ മേയനാമങ്ങൾ ആകുന്നു. അവ വസ്തുരാശിയെക്കാണിക്കുന്നതു കൊണ്ട് സമൂഹനാമങ്ങളോടൊക്കുന്നുവെങ്കിലും ജാതിവ്യക്തിഭേദത്തെ വേൎതിരിക്കാത്തതു കൊണ്ട് അവയിൽനിന്നു വ്യത്യാസപ്പെടുന്നു.

പൊൻ, വെള്ളം, വായു, പാറ, ചളി, മണൽ മുതലായ നാമങ്ങൾ ഈ വസ്തുക്കളുടെ മുഴുവൻ രാശിയെയും അവയുടെ ഭാഗങ്ങളെയും കാണിക്കും. പാൽ ആരോഗ്യത്തിന്നു നന്നു. രാമൻ പാൽ കുടിക്കുന്നു. ഇവിടെ പാല് ശബ്ദത്തിന്റെ അൎത്ഥം വിചാരിക്കുക.

111. 1. ദ്രവ്യം ഗുണങ്ങളുടെ ഇരിപ്പിടമാകുന്നു. അവ ദ്രവ്യത്തെ വിട്ടു നില്ക്കുകയില്ല. വ്യവഹാരത്തിങ്കൽ അവയെ ദ്രവ്യത്തോടു സംബന്ധമില്ലാത്ത വിധം വിചാരിക്കുന്ന മനോവൃത്തിയാകുന്നു സൂക്ഷ്മവിഭാഗം. ഈ മാനസികക്രിയയാൽ കിട്ടുന്ന നീളം, വീതി, വണ്ണം, ഘനം, ആകാരം, ദാൎഢ്യം, കറുപ്പു, വെളുപ്പു, മാധുൎയ്യം ഇത്യാദി ഗുണങ്ങൾ ആകുന്നു.

ചൂട, തണുപ്പ, സുഖം, ദുഃഖം, സന്തോഷം, വ്യസനം, രോഗം, ആരോഗ്യം, മാലിന്യം, ശൌചം എന്നിങ്ങനെയുള്ളവ എപ്പോഴും ദ്രവ്യത്തിൽ ഉള്ളവയായി കാണുകയില്ല. ചിലപ്പോൾ ഉണ്ടായിരിക്കയും ചിലപ്പോൾ ഇല്ലാതിരിക്കയും ചെയ്യും. ഇവ ദ്രവ്യത്തിന്റെ ഓരോ കാലത്തുള്ള **അവസ്ഥ**യെയോ **സ്ഥിതി**യെയോ കാണിക്കുന്നു. അവസ്ഥ ഇവിടെ ഗുണങ്ങളിൽ ചേൎന്നതായി വിചാരിച്ചിരിക്കുന്നു. വെള്ളത്തിന്നു ചിലപ്പോൾ തണുപ്പും ചിലപ്പോൾ ചൂടും ഉണ്ടാകും. ഒരു കുട്ടിക്കു പഴം കിട്ടിയാൽ സന്തോഷവും അടി കിട്ടിയാൽ ദുഃഖവും ഉണ്ടാകും. മനുഷ്യൎക്കു യൌവനകാലത്തു ബലവും വാൎദ്ധക്യത്തിൽ ക്ഷീണവും ഉണ്ടാകും. വസ്ത്രത്തിൽ മാലിന്യം ഉണ്ടാകയും അലക്കിയാൽ മാലിന്യം പോകയും ചെയ്യും. ഇവയെല്ലാം ദ്രവ്യത്തിന്റെ സ്ഥിതികൾ ആകുന്നു. ദ്രവ്യത്തിന്നും ഗുണത്തിന്നും സ്ഥിതിക്കും മാററം വരുത്തുന്നതു **വ്യാപാരം** ആകുന്നു.

2. ഗുണങ്ങളുടേയും അവസ്ഥകളുടേയും പേരുകൾ ഗുണനാമങ്ങളും വ്യാപാരത്തിന്റെ പേരുകൾ കൃന്നാമങ്ങളും ആകുന്നു. ഇവ രണ്ടിന്നും സാമാന്യമായ പേർ ഭാവനാമം ആകുന്നു.

ഭാവം എന്നതിന്നു ആവുക, ഇരിക്കുക, വ്യാപാരം എന്നു അൎത്ഥമാകയാൽ അതു ഗുണം സ്ഥിതി, ക്രിയ എന്നിവയിൽ ഒന്നായിരിക്കും.

ഗുണനാമം,—നിറം, വണ്ണം, രൂപം, തണുപ്പ, ഉറപ്പ, ചാരുത്വം, മാധുൎയ്യം, മാൎദ്ദവം.

കൃന്നാമം—വരവു, ഉറക്കം, പോക്കു, ഗമനം, ഗതി, ജ്ഞാനം, സിദ്ധി മുതലായവ ധാതുക്കളോടു കൃൽപ്രത്യയങ്ങൾ ചേൎത്തുണ്ടാക്കിയ നാമങ്ങൾ.

ഭാവനാമങ്ങൾ ഒരു ഒററ ധൎമ്മത്തെ മാത്രം സാധാരണമായിക്കാണിക്കുന്നതുകൊണ്ടു അവ ഏകാശ്രയമായിരിക്കും. അവയിൽ ജാതിയില്ല. അവയെ നിൎവ്വചിച്ചുകൂടാ. വിവരിക്കുകയാണു വേണ്ടതു.

ഗുണം, വണ്ണം (നിറം) പരിമാണം എന്നിവ ജാതിവാചകങ്ങളായ ഭാവനാമങ്ങൾ ആകുന്നു. കാരണം പറക.

112. 1. തനിച്ചു നില്ക്കുമ്പോൾ അൎത്ഥമില്ലാതെയും ഒരു നാമാൎത്ഥത്തെ നിൎദ്ദേശിച്ചിട്ടു മാത്രം അൎത്ഥമുള്ളതായ്വരുന്നതുമായ ശബ്ദങ്ങൾ സൎവ്വനാമങ്ങൾ ആകുന്നു. ഇവ ഭാഷ

യിലുള്ള അതിപ്രാചീനങ്ങളും അന്യോല്പന്നങ്ങളും ആയ പദങ്ങൾ ആകുന്നു.

2. പുരുഷാത്ഥകസവ്വനാമങ്ങൾ, നിദശ്ശകസവ്വനാമങ്ങൾ, പ്രശ്നാത്ഥകസവ്വനാമങ്ങൾ എന്നു സവ്വനാമങ്ങളെ മൂന്നു വിധമായി വിഭജിക്കാം. (ബാ. 66. 72.)

i. പുരുഷാത്ഥകസവ്വനാമങ്ങൾ ഞാൻ—ഞാങ്ങൾ, ഞങ്ങൾ, (എങ്ങൾ), നാം നാമ്മൾ, നമ്മൾ; നീ, നിങ്ങൾ; താൻ — താങ്കൾ — താങ്ങൾ — തങ്ങൾ, താം.

ii. നിദശ്ശകസവ്വനാമങ്ങൾ — ഇവൻ, ഇവൾ, ഇവർ, അവൻ, അവൾ, അവർ; അതു, അതുകൾ, അവകൾ; ഇതു, ഇവ, ഇവകൾ.

iii. പ്രശ്നാത്ഥകസവ്വനാമങ്ങൾ — ഏവൻ, ഏവൾ, ഏവർ, ഏതു, എന്തു, ഏവ, യാവൻ, യാവൾ, യാവർ, യാതു, യാവ.

3. സവ്വനാമങ്ങളിൽ നിന്നു പുരുഷപ്രത്യയങ്ങളും ലിംഗവചനപ്രത്യയങ്ങളിൽ ചിലവും ചുട്ടെഴുത്തുകളും ചോദ്യെഴുത്തും ഉണ്ടായി.

പുരുഷപ്രത്യയങ്ങൾ— ഞാൻ—ഏൻ, എൻ; നീ—ആയി. നാം—ഓം.

ലിംഗപ്രത്യയങ്ങൾ അവൻ— ആൻ, ഓൻ, അവൾ—ആൾ—ഓൾ.

വചനപ്രത്യയങ്ങൾ—അവർ, ആർ, ഓർ, മാർ, അർ.

ചുട്ടെഴുത്തുകൾ അ, ആ, ഇ, ഈ	ഇവ നാമവിശേഷണങ്ങളായി എല്ലാ
ചോദ്യെഴുത്തുകൾ എ, ഏ.	യ്പോഴും നാമത്തിന്റെ മുമ്പിൽ നില്ക്കും.

4. ഉം, ആൻ, എങ്കിലും, ആയാലും എന്നീ പദങ്ങൾ പ്രശ്നാത്ഥകസവ്വനാമങ്ങളോടു ചേന്നു സാകല്യാത്ഥവും അനിയതാത്ഥവും കാണിക്കും.

ഉം. ആക്കും(=എല്ലാക്കും) ചെയ്യാം. ഏവനും സാധ്യം, ആരാലും ശക്യം.

ആൻ. ആരാന്റെ മുതൽ, ആരാനും കൊടുക്കുമോ. എങ്ങാനും പോയോ?

എങ്കിലും. ആരെങ്കിലും ഒരാൾ വന്നാൽ മതി; ആക്കെങ്കിലും കൊടുക്ക. ആരെന്നു നിയമിച്ചിട്ടില്ല.

ആയാലും ആരായാലും വിരോധമില്ല. എന്തായാലും വേണ്ടതില്ല.

5. ആദരബഹുമാനാദികൾ സൂചിപ്പാൻ സവ്വനാമങ്ങൾക്കു പകരം അന്യപദങ്ങളേയും ഉപയോഗിക്കാറുണ്ടു.

ഉത്തമപുരുഷൻ ഞാൻ എന്നതിന്നു പകരം അടിയൻ, എന്നും ഞങ്ങൾ

എന്നതിന്നു പകരം അടിയങ്ങൾ എന്നും പ്രയോഗിക്കും. ചിറക്കൽ താലൂക്കിൽ ഞങ്ങൾ എന്നതിനെ അടിയൻ എന്ന അൎത്ഥത്തിൽ ഉപയോഗിക്കും.

മദ്ധ്യമപുരുഷൻ നീ എന്നതിന്നു പകരം താൻ, ഭവാൻ, തത്രഭവാൻ, അത്രഭവാൻ എന്നിവയെ ഉപയോഗിക്കും. അങ്ങു്, അങ്ങുന്നു, അവിടുന്നു, തിരുമേനി, തിരുമനസ്സു, സമക്ഷം, സന്നിധി, സന്നിധാനം, മുതലായ പദങ്ങളെ ഔചിത്യം പോലെ പ്രയോഗിക്കും.

പ്രഥമപുരുഷന്റെ സ്ഥാനത്തു അദ്ദേഹം, അങ്ങുന്നു, അവിടുന്നു ഇയാൾ, ഇദ്ദേഹം, ഇങ്ങുന്നു, ഇവിടുന്നു എന്നു പ്രയോഗിക്കും.

6. സംസ്കൃതസൎവനാമങ്ങളേയും ഭാഷാപദ്യത്തിൽ ഉപയോഗിക്കും.

അഹം, വയം; ത്വം, യൂയം; സഃ, തേ; സാ താഃ; തൽ, താനി; ഏഷഃ, ഏതേ; ഏഷാ, ഏതാഃ; ഏതൽ, ഏതാനി; കഃ കേ; കാ, കാഃ; കിം, കാനി; യഃ, യേ; യാ, യാഃ; യൽ, യാനി; ഏഷ ഞാൻ. ഇവയുടെ വിഭക്തികളും വരും.

7. നാമങ്ങളുടെ അൎത്ഥം ചൂണ്ടിക്കാണിക്കുന്ന നിൎദ്ദേശകസൎവ്വനാമങ്ങൾ ആ നാമങ്ങൾക്കു പകരം ഉപയോഗിക്കുന്നതു കൊണ്ടു് അവയെ സ്ഥാനിനാമങ്ങൾ **antecedent nouns** എന്നു പറയും. പുരുഷാൎത്ഥസൎവ്വനാമങ്ങൾ സ്ഥാനിനാമങ്ങൾക്കു പകരം വന്നവയല്ല. പ്രശ്നാൎത്ഥകസൎവ്വനാമങ്ങൾ അജ്ഞാനാമികായത്തെ അറിവാനായി ഉപയോഗിക്കുന്നതു കൊണ്ടു് അവയും നാമാന്തരങ്ങൾക്കു പകരം ഉപയോഗിക്കപ്പെടുന്നില്ല. ഇതിനാൽ സാധാരണനിൎവ്വചനം ഖണ്ഡിതമായി.

113. നാമങ്ങൾക്കുണ്ടാകുന്ന രൂപവികാരങ്ങളെപ്പറയാം.

1) സംജ്ഞാനാമം സാമാന്യനാമം സൎവ്വനാമം ഇവക്കു മാത്രമേ ലിംഗഭേദം ഉള്ളൂ.

സംജ്ഞാനാമം:— നാരായണൻ, നാരായണി; കൊറുമ്പൻ, കൊറുമ്പി; ബാപ്പു, ബാച്ചി.

സാമാന്യനാമം:— ബ്രാഹ്മണൻ, ബ്രാഹ്മണി; താമരക്കണ്ണൻ, താമരക്കണ്ണി; തീയൻ, തീയത്തി.

സൎവ്വനാമം:— അവൻ, അവൾ; ഇവൻ, ഇവൾ; യാവൻ, യാവൾ.

2) ശേഷമുള്ള നാമങ്ങൾ നപുംസകങ്ങളാകുന്നു.

സമൂഹനാമം:— കൂട്ടം, സൈന്യം, സമൂഹം.

ഭാവനാമം:— സത്യം, ന്യായം, മാൎദ്ദവം, ഉറപ്പു, വരവു, ചെലവു.

3) സംജ്ഞാനാമം, മേയനാമം, കൃന്നാമം ഇവക്കു ബഹുവചനം സാധാരണമായി വരികയില്ല.

4) വിഭക്തിനിമിത്താ രൂപഭേദം എല്ലാ നാമങ്ങൾക്കും വരും. സർവ്വനാമങ്ങൾക്കു സംബോധനയില്ല.

5) ആഖ്യ ആഖ്യാതപൂരണം കൎമ്മം എന്നിവയിൽ ഒന്നായി ഉപയോഗിപ്പാൻ പാടില്ലാത്ത നാമരൂപങ്ങൾ നാമങ്ങളിൽനിന്നുണ്ടായ അവ്യയങ്ങളെന്നു മേൽപറയും. അതു പോലെ എല്ലാ വിഭക്തിരൂപങ്ങളും ഇല്ലാത്ത നാമങ്ങളും അവ്യയങ്ങളായി വിചാരിക്കും.

6) നാമവിഭാഗത്തെക്കാണിക്കുന്ന കോഷ്ടകം.

നാമം.

ദ്രവ്യനാമം.	ഭാവനാമം.	സർവ്വനാമം.
a. സംജ്ഞാനാമം.	a. ഗുണനാമം.	പുരുഷാൎത്ഥകസർവ്വനാമം.
b. സാമാന്യനാമം.	b. സ്ഥിതിനാമം.	നിൎദ്ദേശകസർവ്വനാമം.
c. സമൂഹനാമം.	c. കൃന്നാമം.	പ്രശ്നാൎത്ഥകസർവ്വനാമം.
d. മേയനാമം.		

പരീക്ഷ 87—113.

1. നാമങ്ങൾ തമ്മിലുള്ള ഭേദത്തെ വിവരിക്കുക. 2. സാമാന്യനാമങ്ങൾക്കും സമൂഹനാമങ്ങൾക്കും തമ്മിലുള്ള സാമ്യാസാമ്യങ്ങളെപ്പറക. 3. മേയനാമത്തിന്നും ഭാവനാമത്തിന്നും തമ്മിലുള്ള ഭേദാഭേദങ്ങളെക്കാണിക്കുക. 4. സംജ്ഞാനാമങ്ങൾക്ക് എപ്പോൾ അൎത്ഥമുണ്ടാകും? 5. സാമാന്യങ്ങൾക്കു് എപ്പോൾ സംജ്ഞാനാമങ്ങളുടെ ലക്ഷണം ഉണ്ടാകും?

a. താഴെ വരുന്ന പദ്യത്തിലെ നാമങ്ങളെ എടുത്തു വിഭജിക്ക. b. പദ്യത്തിന്റെ അൎത്ഥം പറക.

വിധികാരുണ്യം കൊണ്ടു നമുക്കൊരു | നിധികുംഭം ബത സപദി ലഭിച്ചു. |
അധികം ധനമതിലധികം കനകം കനകമി | തധിഗതമായതു നമ്മുടെ ഭാഗ്യം. |
ഗണിതക്കാരൻ ബ്രാഹ്മണവരന്റെ | ഭണിതം നലമൊടു ഫലിതമിദാനീം. |
ഫണിപതിഭൂഷണസേവയിൽ വന്നൊരു | ഗുണമിതു ഹന്ത കുമാരന്മാരേ. |
അൎദ്ധമൊരുത്തനു മററവനും പുന | രൎദ്ധമതങ്ങിനെ വീതിക്കേണം. |
അൎത്ഥമൂലം കലഹമിതെന്നോ | രനൎത്ഥം വന്നു ഭവിപ്പാനെളിയതു. |
ഒരു തള്ളയ്ക്കും പിറന്നവരെങ്കിലു | മൊരു കുള്ളപ്പണമെന്നതു മൂലം |
വിരസത പൂണ്ടവർ ജ്യേഷ്ഠനമരാജനു | മിരുവരുമെന്തൊരു കലശല്യ കൂട്ടം. |

മേലെഴുതിയ പദ്യത്തെ നല്ല ഗദ്യരീതിയിൽ എഴുതുക. ഗദ്യത്തിൽ ആവശ്യമില്ലാത്ത പദങ്ങളുടെ ഒരു പട്ടിക എഴുതുക.

2. ലിംഗപ്രകരണം.

114. 1. അവൻ, അവൾ, അതു എന്ന സർവ്വനാമങ്ങളിലൊന്നു ഒരു നാമത്തെ നിർദ്ദേശിക്കുമ്പോൾ ആ നാമം അനുക്രമം പുല്ലിംഗം, സ്ത്രീലിംഗം, നപുംസകലിംഗം എന്നവയിൽ ഒന്നാകും (ബാ. 86-88).

ശബ്ദനിഷ്ഠധർമ്മമായ ലിംഗത്തെ നിർദ്ദേശകസർവ്വനാമങ്ങളുടെ പരാമർശം കൊണ്ടു നിർണ്ണയിക്കും. സർവ്വനാമങ്ങൾ, ക്രിയാപുരുഷനാമങ്ങൾ, (ബാ. 125) വിശേഷണങ്ങൾ എന്നിവയെ ഒരു നാമത്തോടു ചേർത്തു പ്രയോഗിപ്പാൻ ലിംഗജ്ഞാനം ആവശ്യം തന്നെ. ക്രിയാലിംഗം (ബാ. 115) ആഖ്യാതത്തിന്റെ ലിംഗമാകയാൽ നാമലിംഗത്തിൽ നിന്നു ഭേദിക്കുന്നു. സ്ത്രീലിംഗക്രിയ എന്നതിന്നു സ്ത്രീലിംഗമായ ആഖ്യയോടു് അന്വയിക്കുന്ന ക്രിയ എന്നർത്ഥമാകുന്നു. അതു കൊണ്ടു ക്രിയാലിംഗം കർത്തൃലിംഗത്തെ വ്യാപാരത്തിൽ ആരോപിച്ചു ജനിച്ചതാകയാൽ അതു കാല്പനികവും വ്യാകരണം വിധിക്കുന്നതു പാരിഭാഷികവും ആകുന്നു. പ്രപഞ്ചത്തിലെ സ്ത്രീപുരുഷവ്യക്തിഭേദത്തേയും ലിംഗമെന്നു പറയും. അർത്ഥവിവേചനത്തിന്നായി അതിനെ ലൌകികലിംഗം എന്നു സംജ്ഞ ചെയ്തിരിക്കുന്നു. പാരിഭാഷികലിംഗം വാക്കുകളെ ആശ്രയിക്കകൊണ്ടു ശബ്ദനിഷ്ഠവും ലൌകികലിംഗം ജാതിവ്യക്തിയെ സംബന്ധിക്കകൊണ്ടു വസ്തുനിഷ്ഠവും ആകുന്നു.

2. നാമങ്ങളുടേയും സർവ്വനാമങ്ങളുടേയും സാമാനാധികരണ്യം നിയതമായി ഗ്രഹിച്ചപ്പോൾ ലിംഗവ്യവസ്ഥ ഉണ്ടായിയെന്നും പദാന്തങ്ങളിലെ അക്ഷരസാദൃശ്യത്താലും അനുകരണശക്തിയാലും അതിന്നു പ്രാചുര്യം വന്നു എന്നും ഭാഷാശാസ്ത്രം സിദ്ധാന്തിക്കുന്നു.

'ഞാൻ വിദ്യാവാൻ' എന്നു ഒരു പുരുഷനും 'ഞാൻ വിദ്യാവതി' എന്നു ഒരു സ്ത്രീയും പറയും. ഇവിടെ ആഖ്യയുടെ രൂപം മാറുന്നില്ലെങ്കിലും ആഖ്യാതരൂപം മാറുന്നു. 'നിങ്ങൾ മിടുക്കന്മാർ' 'നിങ്ങൾ മിടുക്കത്തിമാർ' 'അവർ ധനവാന്മാർ' 'അവർ ധനവതിമാർ' ഇത്യാദിപ്രയോഗങ്ങളിലെ രൂപഭേദങ്ങൾ ലൌകികലിംഗത്തെ ആശ്രയിച്ചുണ്ടായവയാകുന്നു.

തമിഴതെലുങ്കുവ്യാകരണങ്ങൾ വസ്തുക്കളെ സബുദ്ധികളെന്നും അബുദ്ധികളെന്നും രണ്ടായി വിഭാഗിച്ചതു ഭാഷയും അംഗീകരിച്ചിട്ടുണ്ടു. സബുദ്ധികൾക്കു മാത്രമുള്ള ലിംഗവ്യത്യയം അബുദ്ധികൾക്കില്ല. ബുദ്ധിവിവേചനമില്ലാമില്ലെങ്കിൽ സബുദ്ധികൾക്കും ലിംഗമില്ല.

ഭാഷയിൽ ലിംഗം ശബ്ദാൎത്ഥത്തെ അവലംബിച്ചിരിക്കയാൽ പ്രത്യയം പ്രമാണമാക്കി ലിംഗം നിശ്ചയിച്ചുകൂടാ. തേമൻ, മത്തൻ, കാലി, ചെമ്മരത്തി ഇവയുടെ ലിംഗങ്ങളെപ്പറക.

സംസ്കൃതത്തിൽ ലിംഗം പ്രായേണ ശബ്ദാൎത്ഥത്തെ ആശ്രയിച്ചിരിക്കയില്ല. അതു് അധികമായും ശബ്ദാന്തത്തിലെ പ്രത്യയത്തെ ആശ്രയിച്ചിരിക്കയാൽ ലിംഗം തിരിച്ചറിവാൻ വളരെ പ്രയാസം. ഒരു ശബ്ദത്തിന്നു തന്നെ രണ്ടും മൂന്നും ലിംഗരൂപങ്ങൾ ഉണ്ടാകും. ദേവ:, നര:, രാജാ എന്ന പുല്ലിംഗങ്ങളും ദേവീ, നാരീ, രാജ്ഞീ എന്ന സ്ത്രീലിംഗങ്ങളും ലൌകികലിംഗങ്ങളെ ആശ്രയിച്ചിരിക്കുന്നു. വൃക്ഷ:, ഗിരി:, അശ്മാ, ലതാ, നദീ, ശിലാ, മിത്രം, ദാരാഃ, കളത്രം ഇത്യാദിപദങ്ങളുടെ ലിംഗം അൎത്ഥത്തെ അനുസരിക്കാത്തതു കൊണ്ടു ശബ്ദനിഷ്ഠമാകുന്നു. അതിനെ കോശത്തിൽ നിന്നു പഠിക്കേണം.

3. ഭാഷയിൽ സ്ത്രീവാചകമായ നാമം **സ്ത്രീലിംഗവും** പുരുഷവാചകമായതു **പുല്ലിംഗവും** ലൌകികലിംഗഭേദമില്ലാത്ത വസ്തുക്കളുടെ പേരുകൾ **നപുംസകലിംഗങ്ങളും** ആകുന്നു. അതു കൊണ്ടു ദ്രാവിഡലിംഗം തദൎത്ഥാനുസാരമാകുന്നു.

ആൺ—മനുഷ്യൻ, പെൺ—സ്ത്രീ, കുട്ടി—ശിശു, മരം—വള്ളി, കരുപ്പൂരൺ, ഉറക്കം.

115. 1. സംജ്ഞാനാമം, സാമാന്യനാമം, നിൎദ്ദേശകസൎവ്വനാമം, പ്രശ്നാൎത്ഥകസൎവ്വനാമം ഇവക്കു മാത്രം ലിംഗഭേദം ഉണ്ടു (112).

സംജ്ഞാനാമം. നാരായണൻ—നാരായണി, മാധവൻ—മാധവി.

സാമാന്യനാമം. പണക്കാരൻ—പണക്കാരത്തി; മലയൻ—മലയി.

സൎവ്വനാമം. അവൻ—അവൾ; ഏവൻ—ഏവൾ; യാവൻ—യാവൾ.

2. ലിംഗഭേദമില്ലാത്ത പുരുഷാൎത്ഥകസൎവ്വനാമങ്ങൾ **അലിംഗങ്ങൾ** ആകുന്നു. ആഖ്യാതങ്ങളും വിശേഷണങ്ങളും സലിംഗകങ്ങളായി ഇവയോടു് അന്വയിക്കും (117).

ഞാൻ രാജാവു, ഞാൻ രാജ്ഞി, നീ സുന്ദരി, നീ സുന്ദരൻ, താൻ ബുദ്ധിമാൻ.

3. സമൂഹനാമങ്ങൾ, മേയനാമങ്ങൾ, ഗുണനാമങ്ങൾ, കൃന്നാമങ്ങൾ എന്നിവ നപുംസകലിംഗങ്ങൾ ആകുന്നു. എങ്കിലും സംസ്കൃതപ്രയോഗം അനുകരിച്ചു ചിലപ്പോൾ ഇവക്കും ലിംഗഭേദം ഉണ്ടാകും.

സമൂഹനാമങ്ങൾ. വാഴ്ത്തിനാർ കാണിജനം, സുന്ദരീജനം ചൊന്നാർ, ദുഷ്ടരാം ശത്രുക്കൂട്ടം, സൈന്യം തിരിച്ചു മണ്ടിനാർ.

ഇവിടെ സമൂഹനാമം ഏകവചനവും ആഖ്യാതവും വിശേഷണവും അവയവങ്ങളെ അപേക്ഷിച്ചു ബഹുവചനവും ആയിരുന്നതു കൊണ്ടു സമൂഹനാമം എന്ന വിഭാഗം പ്രയോഗവിവേചനത്തിന്നു ആവശ്യം തന്നെ.

ഗുണനാമങ്ങൾ. ധർമ്മവും അധർമ്മവും എന്നിവർ ഇരുവരും, ദുഷ്ടനാം കലിയുഗം, അളുകളായ ശക്തികൾ.

കൃന്നാമങ്ങൾ. ചിന്തയാകുന്നതു കാര്യവിനാശിനി. നിദ്രാതാൻ മണ്ടിനാൾ. എന്റെ പ്രാർത്ഥന ലബ്ധാവകാശ തന്നെ. മധുരയായ വാക്കു.

4. സംസ്കൃതത്തിൽ പുല്ലിംഗവും ഭാഷയിൽ നപുംസകവും ആയ നാമങ്ങൾ പുന്നപുംസകങ്ങളും, സംസ്കൃതത്തിൽ സ്ത്രീലിംഗവും ഭാഷയിൽ നപുംസകവും ആയ നാമങ്ങൾ, സ്ത്രീനപുംസകങ്ങളും ആകുന്നു. ഈ രണ്ടു വിധം നപുംസകങ്ങൾക്കും ചിലപ്പോൾ സംസ്കൃതം അനുസരിച്ചു പൊരുത്തം വേണം.

പുന്നപുംസകം.—ധർമ്മം, ക്രോധം, സന്തോഷം, പ്രസാദം, ജയം, ലാഭം, ത്യാഗം, മോക്ഷം.

സ്ത്രീനപുംസകം.—ശക്തി, സാപത്ന്യ, വാക്കു, നിദ്രാ, തന്ദ്രാ, രതി, വിദ്യാ, ശ്രൂരത, രീതി.

സംസ്കൃതലിംഗം പ്രമാണിച്ചുള്ള ഈ സമാനാധികരണപ്രയോഗം ഇപ്പോൾ വളരെ കുറഞ്ഞിരിക്കുന്നുവെങ്കിലും പൂർവ്വപ്രയോഗങ്ങൾക്കു ഗതി കല്പിപ്പാൻ നപുംസകത്തെ രണ്ടായി വിഭജിക്കേണ്ടി വന്നു.

5. തിര്യഗ്ജീവിവാചകങ്ങളായ നാമങ്ങൾ നപുംസകങ്ങളായിട്ടും അവയുടെ വിശേഷണങ്ങൾ പുല്ലിംഗത്തിൽ വരും.

മത്തനാം വൃഷഭം. ധൃഷ്ടനാം ക്രോഷ്ടാവു. ദുഷ്ടനായ വണ്ടു.

6. രസാലംകാരങ്ങളുടെ പുഷ്ടിക്കു ലിംഗം വ്യക്തമാക്കേ

ണ്ടിയ ഘട്ടത്തിൽ ഭാഷാപദപ്രയോഗം കൊണ്ടു ജനിക്കുന്ന അസ്വാരസ്യം പരിഹരിപ്പാൻ ഉചിതപദങ്ങളെ പ്രയോഗിക്കേണം.

'വനജ്യോത്സ്നി അനുരൂപനായ വൃക്ഷവരനോടു ചേൎന്നിരിക്കുന്നു' എന്നതിനു പകരം വനജ്യോത്സ്നി എന്ന വള്ളി തക്കതായ മരത്തോടു ചേൎന്നിരിക്കുന്നു എന്നു പറഞ്ഞാൽ മൂലത്തിലെ സ്വാരസ്യവും വധൂവരന്മാരെക്കണ്ടതുപോലെയുള്ള സന്തോഷവും ജനിക്കുമോ?

7. സൂൎയ്യൻ, ചന്ദ്രൻ, കുജൻ, അഗ്നി, ഭൂമി, വായു മുതലായ ദേവതാവാചകങ്ങളെ ദേവതകളായി നിരൂപിക്കുമ്പോൾ അവകൾ സംസ്കൃതത്തിലേ ലിംഗവും ഭൌതികപദാൎത്ഥങ്ങളായ്വിചാരിക്കുമ്പോൾ ഭാഷാനുഗുണമായി നപുംസകവും വരും.

8. സംസ്കൃതത്തിലേ സംജ്ഞാനാമങ്ങൾക്ക് അൎത്ഥമുണ്ടെങ്കിലും അവ അൎത്ഥം പ്രമാണിച്ചു പ്രവൃത്തിക്കാത്തതുകൊണ്ടു് അവയെ ഭാഷയിൽ പരിഭാഷപ്പെടുത്തരുതു.

വായുപുത്രൻ = കാററിൻ മകൻ, ഗിരിജ = കുന്നിൻ മകൾ മുതലായവയിൽ കാററു, കുന്നു് എന്നിങ്ങനെയുള്ള ഭാഷാപദങ്ങളുടെ ജഡത്വവും അചേതനത്വവും അപരിഹാൎയ്യമാകയാൽ സംസ്കൃതസംജ്ഞകളെ തന്നെ പ്രയോഗിക്കുന്നതു ഉത്തമം. Black (കറുപ്പൻ), Green (പച്ചൻ), Littlehales (അല്പാരോഗ്യൻ), Horsefall (കുതിരവീഴ്ചൻ), Oliver Goldsmith (ഒലിവർതട്ടാൻ) എന്നു പ്രയോഗിച്ചാൽ വളരെ രസം തന്നെ.

116. 1. ഇംഗ്ലീഷുവ്യാകരണത്തിൽ ലിംഗഭേദം കാണിപ്പാൻ മൂന്നു മാൎഗ്ഗങ്ങളെ ഉപദേശിക്കുന്നു. (1) വെവ്വേറെ പദങ്ങളെക്കൊണ്ടും (2) സമാസപദങ്ങളെക്കൊണ്ടും (3) പ്രത്യയാന്തരൂപങ്ങളെക്കൊണ്ടും ലിംഗഭേദം കാണിക്കാം. ഇവയിൽ ആദ്യത്തേതു കോശകാരനും ശേഷം രണ്ടും വൈയാകരണനും നിൎണ്ണയിക്കും.

a. ലിംഗഭേദം കാണിക്കുന്ന പൃഥക്പദങ്ങൾ — അച്ഛൻ — അമ്മ | തന്ത — തള്ള | അണ്ണൻ — തമ്പി | ആൺ — പെൺ | ആങ്ങള — പെങ്ങള | നമ്പി

യാർ — നങ്ങിയാർ | നമ്പൂതിരി — അന്തൎജ്ജനം | പൂനമ്പി — ബ്രാഹ്മണി. | മൂസ്സത — മനയമ്മ.

b. പിതാവു — മാതാവു | ഭ്രാതാവു — സ്വസാവു, ഭഗിനി, സഹോദരി, സോദരി | ഭൎത്താവു — ഭാൎയ്യ | വരൻ — വധു | ജാമാതാവു — സ്നുഷാ | പുരുഷൻ, മനുഷ്യൻ, നരൻ — നാരീ — സ്ത്രീ | ശ്വശുരൻ — ശ്വശ്രൂ |

ജ്ഞാപകം. കാള — പശു; പോത്തു — എരുമ; കൊമ്പനാന — പിടിയാന; കണ്ടൻപൂച്ച — ചക്കിപൂച്ച, ആൺപക്ഷി — പെൺപക്ഷി, പൂവൻകോഴി — പിടക്കോഴി, മാൻ — പേട, ആൺകുയിൽ — പെൺകുയിൽ; തന്തപ്പക്ഷി — തള്ളപക്ഷി, കാകൻ — കാകി — കാകച്ചി മുതലായവ ലൌകികലിംഗവാചകപദങ്ങളാകുന്നുവെങ്കിലും ഇവയെപ്പരാമൎശിക്കുന്ന സൎവ്വനാമം നപുംസകമാകയാൽ ഇവ നപുംസകലിംഗങ്ങൾ ആകുന്നു. ഭിന്നപദങ്ങളുടെ അൎത്ഥം പറയുന്നതു കോശകാരന്റെ പ്രവൃത്തിയാകയാൽ പ്രമാണലക്ഷണങ്ങളെക്കൊണ്ടു ശബ്ദനിഷ്പത്തിയെ വിവരിക്കുന്ന വൈയാകരണന്നു് അതിൽ പ്രവേശമില്ല.

2. രണ്ടാം മാൎഗ്ഗം സമാസങ്ങളാകുന്നു. അവയുടെ ആദ്യമോ അന്ത്യമോ ആയ പദം ലിംഗവാചകമാകുന്നതുകൊണ്ടു് അവ ലിംഗനിൎണ്ണയത്തിന്നു് ഉതകുന്നു. ഇതു സമാസശാസ്ത്രത്തിൽ ചേൎന്ന വിഷയമാകുന്നു.

a. ആദ്യപദം ലിംഗവാചകം — ആൺകുട്ടി — പെൺകുട്ടി, | ആൺപിള്ള — പെൺപിള്ള, പുരുഷപ്രജ — സ്ത്രീപ്രജ.

b. അന്ത്യപദം ലിംഗവാചകം — ശൂദ്രൻ — ശൂദ്രസ്ത്രീ; ഗന്ധൎവ്വൻ — ഗന്ധൎവ്വസ്ത്രീ; കിന്നരൻ — കിന്നരനാരി; നാഗൻ — നാഗകന്യ; രാക്ഷസൻ — രാക്ഷസതരുണി.

ജ്ഞാപകം — ഈ വിധസമാസങ്ങളിൽ സ്ത്രീപൎയ്യായങ്ങളെ അന്തത്തിൽ പ്രയോഗിക്കും.

സ്ത്രീരത്നം, തരുണീമണി, പെൺകൊടി, പെൺമണിമാണിക്യം, ഇത്യാദി സമാസങ്ങൾ നപുംസകങ്ങളായിട്ടും സ്ഥാനിനാമം സ്ത്രീലിംഗമാക കൊണ്ടു ഭാഷയിൽ അവ സ്ത്രീലിംഗങ്ങൾ ആകുന്നു. അതു പോലെ അമ്മതമ്പുരാൻ, റാണി മഹാരാജാവു മുതലായവ ശാസ്ത്രദൃഷ്ട്യാ പുല്ലിംഗങ്ങളായിട്ടും ഭാഷയിൽ സ്ത്രീലിംഗങ്ങൾ ആകുന്നു.

3. മൂന്നാം മാൎഗ്ഗം പുല്ലിംഗരൂപങ്ങളോടു സ്ത്രീപ്രത്യയങ്ങളെ ചേൎക്കുന്നതാകുന്നു. നിൎദ്ദേശകസൎവ്വനാമങ്ങളും, ഇ, തി എന്നിവയും പ്രത്യയങ്ങളായ്വരും.

117. വിശേഷ്യവിശേഷണങ്ങൾക്കു ലിംഗവചനത്തിൽ പൊരുത്തം (സാമാനാധികരണ്യം) ഉണ്ടായാൽ വിശേഷണം **സലിംഗകവും** അതിന്നു രൂപഭേദമില്ലെങ്കിൽ അതു **അലിംഗകവും** ആകും. സലിംഗകവിശേഷണത്തെ **വിശേഷ്യനിഘ്ന**മെന്നും **വാച്യലിംഗ**മെന്നും സംസ്കൃതത്തിൽ പറയും. (ബാ. 141). സംസ്കൃതത്തിലേ ഗുണവചനങ്ങളും ഭാഷയിലേ ഉത്തരവിശേഷണങ്ങളും (ബാ. 132) വിശേഷ്യനിഘ്നങ്ങൾ ആകുന്നു.

അലിംഗകവിശേഷണം. നല്ല, വല്ല, പുതിയ, ചെറിയ, പച്ച, നീണ്ട.

വിശേഷ്യനിഘ്നം. നല്ലവൻ, വല്ലവൾ, പുതിയതു, ചെറിയവൻ, നീണ്ടവൾ

സംസ്കൃതഗുണവചനം. a. സുന്ദരൻ, സുന്ദരി, സുന്ദരം. b. ധീമാൻ, ധീമതി, ധീമത്തു, പ്രിയൻ, പ്രിയ, പ്രിയം. c. പടീയാൻ, പടീയസീ, പടീയസ്സു, വിദ്വാൻ, വിദുഷി, വിദ്വത്തു, ഗച്ഛൻ, ഗച്ഛന്തി, ഗച്ഛത്തു.

118. 1. ശബ്ദന്യൂനം, ഗുണവചനം, ദിക്കാലവാചിനാമങ്ങൾ, ആമന്തപ്പൂരണീസംഖ്യകൾ മുതലായവയോടു നിർദ്ദേശകസർവ്വനാമങ്ങൾ ചേൎന്നു ലിംഗഭേദം കാണിക്കും.

ക്രിയാപുരുഷനാമം (ബാ. 125—6) വന്നവൻ, പോയവൾ, തന്നതു, വരുവവൻ.

ഗുണവചനം കറുത്തവൻ, കറുത്തവൾ, കറുത്തതു, വലിയവൻ, ചെറിയവൻ, ഇളയവൻ, കറിയവൾ, മറ്റു ലിംഗരൂപങ്ങളെപ്പറക.

ദിഗ്വാചിനാമം. അങ്ങേവൻ, ഇങ്ങേവൾ, അവിടത്തേതു.

കാലവാചിനാമം. ഇന്നലത്തേതു, മുന്നേയവൻ, പണ്ടേത്തേതു, ഇപ്പോഴത്തേതു.

പൂരണീസംഖ്യാനാമം. ഒന്നാമത്തേവൻ, രണ്ടാമത്തേവൾ, മൂന്നാമത്തേതു. ശേഷം രൂപങ്ങളെ പറക.

ജ്ഞാപകം. ഇവൻ മുതലായ സർവ്വനാമങ്ങൾ ക്രിയാപുരുഷനാമങ്ങളിൽ പദ്യത്തിൽ പ്രയോഗിക്കാറുണ്ടു. ഇപ്പോൾ ഇവക്കു പ്രചാരം കുറയും.

2. ഉച്ചാരണദോഷത്താൽ സർവ്വനാമങ്ങൾ പല വിധത്തിലും മാറി പ്രത്യയങ്ങളായ്ത്തീൎന്നു. (112—3.)

ഭാഷയിൽ അവൻ, അൻ, ആൻ, ഓൻ എന്നിവ പുല്ലിംഗപ്രത്യയങ്ങളും

അൾ, ആൾ, ആൾ, ഓൾ, ഇ, തി, എന്നിവ സ്ത്രീലിംഗപ്രത്യയങ്ങളും അതു, ഇതു, അം എന്നിവ നപുംസകലിംഗങ്ങളും ആകുന്നു. സംസ്കൃതനാമങ്ങളുടെ ലിംഗം സംസ്കൃതവ്യാകരണത്തെ അനുസരിച്ചു വരും. അതിലേ ആ, ഈ എന്ന സ്ത്രീപ്രത്യയങ്ങൾ ഭാഷയിൽ ഹ്രസ്വങ്ങൾ ആകും. സമാസത്തിലും ഈ പ്രത്യയങ്ങളേ വരികയുള്ളു. പ്രത്യയങ്ങളെക്കൊണ്ടു ലിംഗഭേദം കാണിക്കുന്നതു വ്യാകരണപ്രവൃത്തി.

അരുണാചലം, അറുമുഖം, ഐരാവതം, ഭാഷ്യം, കൈലാസം, രത്നം, വേദം, ശേഷം, സന്തോഷം, സ്നേഹം മുതലായ സംജ്ഞാനാമങ്ങൾ പുരുഷന്മാരുടെ പേരുകളാകയാൽ പുല്ലിംഗങ്ങൾ ആകുന്നു. അദ്ദേഹം, ഇദ്ദേഹം, ജനം, മിത്രം, പാദം, പണ്ടാരം, തിരുമേനി, തിരുമനസ്സ, അങ്ങു, അങ്ങുന്നു ഇത്യാദി പദങ്ങളെ പുരുഷന്മാരെക്കുറിച്ചു പ്രയോഗിക്കുന്നതു കൊണ്ടു് അവയും പുല്ലിംഗങ്ങളാകുന്ന സാമാന്യനാമങ്ങൾ ആകുന്നു.

അടക്കാമണിയൻ, അടപ്രഥമൻ, അണ്ണാൻ, എട്ടുകാലൻ, എയ്യൻ, കലിയൻ, കഴകൻ, കൃമൻ, കൊഞ്ചൻ, ചെവിയൻ, ചൊക്കൻ, തുള്ളൻ, മണ്ണാൻ മുതലായവക്കു് അൻപ്രത്യയം ഉണ്ടായിട്ടും അവ നപുംസകങ്ങൾ ആകുന്നു.

കളത്രം, തങ്കം, ദാരങ്ങൾ, പൊന്നു, മാക്കം, മാണിക്കം മുതലായ നാമങ്ങളുടെ രൂപങ്ങൾ നപുംസകമായിട്ടും പ്രയോഗത്തിങ്കൽ സ്ത്രീലിംഗങ്ങൾ ആകുന്നു. ഈ പ്രയോഗങ്ങളെ ആലോചിച്ചാൽ അർത്ഥം കൊണ്ടും പരാമർശിക്കുന്ന സർവ്വനാമം കൊണ്ടും മാത്രം ലിംഗം നിർണ്ണയിപ്പാൻ കഴിയും എന്ന തത്വം സ്പഷ്ടമാകുന്നു.

119. 1. അൻപ്രത്യയാന്തപുല്ലിംഗങ്ങൾക്കു സ്ത്രീലിംഗത്തിൽ വിഭാഷയായി ഇ, തി പ്രത്യയങ്ങളിൽ ഒന്നു വരും. സന്ധിനിമിത്തം തിപ്രത്യയത്തിന്നു ദ്വിത്വം വരും.

അച്ചൻ—അച്ചി. കങ്കൻ, കടലൻ, കശവൻ, കള്ളൻ, കൃനൻ, ചെറുക്കൻ, ചെകിടൻ, തൊണ്ടൻ, തോഴൻ, തഞ്ചൻ, നൊണ്ടിക്കാലൻ, നൊണ്ണൻ, പങ്കൻ, പാചൻ, പാഴൻ, മിനുക്കൻ, മുടന്തൻ, മുടവൻ, മുണ്ടൻ, മുത്തൻ, മുറക്കാരൻ, വില്ലൻ, വെളപ്പൻ ഇവയോടു് ഇപ്രത്യയം ചേരുമ്പോൾ അൻലോപിക്കും.

അരയൻ—അരയി, മലയൻ—മലയി, പുലയൻ—പുലയി, മുകയൻ—മുകയി, പറയൻ—പറയി, കിഴവൻ—കിഴവി.

ഈ ഉക്താന്തങ്ങളിൽ അൻപ്രത്യയം ലോപിച്ച ശേഷം യവകളിലൊന്നു ആഗമം വന്നിരിക്കുന്നു.

2. പദ്യത്തിൽ സ്ത്രീലിംഗങ്ങളോടു ആൾ പ്രത്യയവും കൂടി വരും.

ഇന്ദുനേർമുഖിയാൾ, മന്ദഗാമിനിയാൾ, വണ്ടാർകുഴലിയാൾ, തള്ളയാൾ ഇങ്ങനെ രണ്ടു പ്രത്യയങ്ങൾ ഒരേ അൎത്ഥത്തിൽ പ്രയോഗിക്കുന്നതു ഭാഷാശൈലിയാകുന്നു.

3. തിപ്രത്യയം താലവ്യാദേശത്താൽ ചിയും മൂൎദ്ധന്യാദേശത്തിൽ ടിയും ആകും. സവൎണ്ണാഗമത്താൽ അവ ത്തി, ച്ചി, ട്ടി എന്നു മാറും.

ഈഴവൻ — ഈഴവത്തി. (ഈഴോത്തി) കാണിശൻ — കണിശത്തി, തട്ടാൻ — തട്ടാത്തി.

കള്ളൻ, കിടാരൻ, കിഴവൻ, കൊല്ലൻ, ചക്കാൻ, ചാലിയൻ, പാണൻ, പാപ്പാൻ, പിടാരൻ, പിഴയാളൻ, പുഷ്പകൻ, പുള്ളുവൻ, പൂലുവൻ, ഭോഷൻ, മൂപ്പൻ, മൊഞ്ചൻ, യൂദൻ, വടുവൻ, വണ്ണാൻ, വാണിഭൻ, വാണിയൻ, വള്ളുവൻ, വാധ്യാൻ, വേടൻ, വേട്ടുവൻ, ഇവയുടെ സ്ത്രീലിംഗത്തിൽ ത്തി വരും.

ച്ചി. ആയൻ — ആച്ചി. ഇടയൻ — ഇടച്ചി. ഇടിയൻ — ഇടിച്ചി. അന്ത്യമായ അൻ ലോപിച്ചതിൽപിന്നെ ത്തി ച്ചിയാകും. കൊതിയൻ — കൊതിച്ചി. എന്നാൽ ചെട്ടി, പട്ടാണി, മാപ്പിള മുതലായവ അൻപ്രത്യയാന്തങ്ങൾ അല്ലെങ്കിലും ച്ചി വരും.

ഇലവാണിയൻ, ഊരാളി, കരിമുട്ടി, കൊടിയൻ, കൊതിയൻ, തടിയൻ, നായാടി, നുണയൻ, പുളിയൻ, മടിയൻ, മുണ്ടൻ, മുണ്ടിയൻ, വട്ടിയൻ, വെളുത്തേടത്തവൻ ഇവകളു സ്ത്രീലിംഗത്തിൽ ച്ചി വരും.

ട്ടി. ചാണാൻ — ചാണാട്ടി; തമ്പാൻ — തമ്പാട്ടി, തമ്പുരാൻ — തമ്പുരാട്ടി, പതിയാൻ — പതിയാട്ടി, പാണൻ — പാട്ടി, മണവാളൻ — മണവാട്ടി, വേലൻ — വേററി (= വേലത്തി).

ജ്ഞാപകം. മണവാള് + തി = മണവാട് + ടി = മണവാട്ടി.

4. ചില സ്ത്രീലിംഗങ്ങളിൽ തിയും ഇയും വികല്പമായി വരും. (120. 2).

തി. കള്ളൻ — കള്ളി, കള്ളത്തി. കിഴവൻ — കിഴവി, കിഴവത്തി; പൊട്ടൻ — പൊട്ടി — പൊട്ടത്തി, മണവാളൻ — മണവാളത്തി — മണവാട്ടി, അടിയാൾ — അടിയാത്തി — അടിയാട്ടി. കുശവൻ — കുശവി — കുശവത്തി.

കരുടൻ — കരുടി — കരുടിച്ചി. കുറൻ — കുറി—കുറിച്ചി. തൊണ്ടൻ — തൊണ്ടി — തൊണ്ടിച്ചി. പറയി — പറച്ചി, പാണൻ — പാണത്തി, പാണച്ചി. പുലയി — പുലച്ചി, പുലയാടി — പുലയാടിച്ചി, പൊണ്ണൻ — പൊണ്ണി — പൊണ്ണിച്ചി, മിന്നക്കൻ — മിന്നക്കി — മിന്നക്കിച്ചി. മൂണ്ടൻ — മൂണ്ടച്ചി — മൂണ്ടത്തി — മൂണ്ടി — മൂണ്ടച്ചി.

തള്ളയാൾ, തള്ളച്ചി; മങ്ക, മങ്കച്ചി, തേവടിയാൾ — തേവടിച്ചി. (120. 2.)

5. പ്രകൃതിപ്രത്യയങ്ങളുടെ ഇടയിൽ ചില ആഗമങ്ങൾ വരുന്ന ലിംഗരൂപങ്ങളെത്താഴെ കാണിക്കുന്നു:—

കണിയാൻ — കണിയാട്ടി — കണിയാട്ടിച്ചി; കടകൻ — കടവത്തി, തൊത്തക്കയ്യൻ തൊത്തകയ്യിച്ചി, നായർ — നായരിച്ചി, പൊതുവൻ — പൊതുവാൻ — പൊതുവാൾ — പൊതുവാടിച്ചി, പൊതുവാളിച്ചി, പൊതുവാടിശ്യാർ, മച്ചൂനൻ, മച്ചൂനിച്ചി, വണ്ണത്താൻ — വണ്ണത്താടിച്ചി, വാരിയൻ, വാരിയാൻ, വാരിയാത്തി, വാരിശ്ശിയാർ, വാരിയശ്യാർ, വാരസ്യാർ.

ജ്ഞാപകം — ത്തിപ്രത്യയം സ്ത്രീശബ്ദത്തിന്റെ തഴ്ചവം ആണെന്നുള്ള അഭിപ്രായം വിചാരക്ഷോഭമാകുന്നു.

120. 1. സംസ്കൃതത്തിലേ ആ, ഈ എന്ന സ്ത്രീലിംഗ പ്രത്യയങ്ങൾ ഭാഷയിൽ ഹ്രസ്വങ്ങൾ ആകും. അ, ഋ, ൻ എന്നിവയിൽ അവസാനിക്കുന്ന നാമങ്ങൾക്കു സ്ത്രീലിംഗത്തിൽ ഈ വരും.

a. അ-സുതൻ സുത; പ്രിയൻ പ്രിയ; വല്ലഭൻ വല്ലഭ; ആത്മജൻ ആത്മജ. ശ്രേഷ്ഠൻ ശ്രേഷ്ഠ; സുലോചനൻ സുലോചന; പാരംഗതൻ പാരംഗത.

2. അപ്രത്യയത്തിന്റെ പിന്നിൽ ത്തിപ്രത്യയവും ചില നാമങ്ങളിൽ വരും:

അനുജ അനുജത്തി; ജ്യേഷ്ഠ ജ്യേഷ്ഠത്തി; ഇഷ്ട ഇഷ്ടത്തി.

ഋ. കർത്താ കർത്ത്രി; ശ്രോതാ ശ്രോത്രി; ധനിൻ, ധനിനി; ഗുണവാൻ, ഗുണവതി. അമ്പലവാസി — അമ്പലവാസിനി.

പടു-പടപീ; മൃദു-മൃദ്വീ; ഗുരു-ഗുർവ്വീ; സാധു-സാധ്വീ; ബഹു ബഹ്വീ എന്നിങ്ങനെ സംസ്കൃതത്തിലേ ഉകാരാന്തഗുണവചനങ്ങൾക്കു സ്ത്രീലിംഗത്തിൽ രണ്ടു രൂപങ്ങൾ ഉണ്ടു.

സുമുഖൻ സുമുഖി, സുന്ദരാംഗൻ സുന്ദരാംഗി, മുതലായവയിൽ ഈയും

ചന്ദ്രാനനൻ ചന്ദ്രാനനാ, കഞ്ജലോചനൻ കഞ്ജലോചനാ മുതലായവയിൽ ആവും വരും.

3. അകാരത്തിലും നകാരത്തിലും അവസാനിക്കുന്ന സംസ്കൃതത്തിലേ നപുംസകങ്ങൾക്കു ഭാഷയിൽ അംപ്രത്യയം വരും.

അകാരാന്തം — വനം, ഭക്ഷണം, കാര്യം, ജലം, മാംസം, ഫലം, പത്രം, നേത്രം.

നകാരാന്തം — കർമ്മൻ — കർമ്മം ചർമ്മൻ — ചർമ്മം, നാമൻ — നാമം.

എന്നാൽ — സീമൻ — സീമാവു, അശ്മൻ — അശ്മാവു, അധ്വൻ — അധ്വാവു· ഇത്യാദിവും രൂപങ്ങളെ ഭാഷയിൽ നപുംസകങ്ങളായി ഉപയോഗിക്കുന്നതു കൊണ്ടു് അവ പുന്നപുംസകങ്ങളാകുന്നു.

പരീക്ഷ 114—120.

1. നാമത്തിന്നു വരുന്ന രൂപഭേദങ്ങളെപ്പറക. 2. ലിംഗം എന്തെന്നും ഏതുവിധം നാമങ്ങളിൽ വരുമെന്നും പറഞ്ഞുദാഹരിക്കുക. 3. സ്ത്രീപ്രത്യയങ്ങളെ പറഞ്ഞു് അവയെ പ്രാതിപദികങ്ങളോടു ചേർത്തുദാഹരിക്കുക. 4. ആൻപ്രത്യയം മററു വല്ല അർത്ഥത്തിലും വരുമോ? 5. ത്തിപ്രത്യയം എങ്ങിനെയെല്ലാം മാറിപ്പോകുന്നു എന്നു് ഉദാഹരിക്കുക. 6. ലിംഗപ്രത്യയങ്ങളുടെ ഉൽപത്തിയെ വിവരിച്ചുദാഹരിക്ക.

1. കുശവത്തി, കുശോത്തി, കാവുതിച്ചി, വണ്ണത്താടിച്ചി, കൊതിച്ചി, രാമരക്കണ്ണി ഇവയുടെ രൂപസിദ്ധിയെ വിവരിക്കുക. 2. അമ്മത്തമ്പുരാൻ, റാണിമഹാരാജാവു, മൂലാവാഴ്ച, കാട്ടുമാടൻനമ്പൂതിരി ഇവയുടെ ലിംഗങ്ങളെ വിവരിക്കുക. 3. നപുംസകത്തിൽ അൻ വരുമോ? 4. അൻപ്രത്യയത്തിൽ അവസാനിക്കുന്ന നാമത്തിന്റെ ലിംഗം എങ്ങിനെ നിശ്ചയിക്കും? 5. ലിംഗം നിർണ്ണയിക്കുന്നതു് എങ്ങിനെ? 6. തേമൻ, ഉത്തമൻ, തങ്കം, പൊന്നു, മാളു, പാറു, നാണു, ധേനു, രാതൈ, ചീയ്യയി ഇവയുടെ ലിംഗങ്ങളെ പറക. 7. പശു, പുലി, കഴുത, കരടി, കുരങ്ങു, കുരങ്ങച്ചാർ, സിംഹത്താൻ, ഇവയുടെ ലിംഗം കാണിപ്പാൻ വാക്യങ്ങളെ രചിക്ക.

3. വചനപ്രകരണം.

121. 1. വസ്തുക്കളുടെ എണ്ണം കാണിക്കുന്ന നാമരൂപമാകുന്നു **വചനം.** ഒരു വസ്തുവിനെക്കുറിക്കുന്ന രൂപം ഏക

വചനവും ഒന്നിൽ അധികം വസ്തുക്കളെക്കാണിക്കുന്നതു **ബഹുവചനവും** ആകുന്നു.

സംസ്കൃതത്തിലെ ദ്വിവചനം ഭാഷയിലില്ലാത്തതു കൊണ്ട് രണ്ടിൽ അധികം എന്നതിനുള്ള ബഹുവചനം എന്ന സാംജ്ഞയെക്കാൾ ലീലാതിലകം (II. 21) ഉപയോഗിക്കുന്ന **അനേകവചനം** എന്നതു യുക്തതരമാകും.

2. ലിംഗപ്രത്യയാന്തമായ നാമം തന്നെ ഏകവചന രൂപം.

രാമൻ, സീത, രാജാവു, രാജ്ഞി, ആൺ, പെൺ, മരം, വള്ളി, കൂട്ട, മൺ.

3. ബഹുവചനം ഉണ്ടാക്കാൻ ചേർക്കുന്ന അവർ എന്ന സർവ്വനാമം ദുഷിച്ച് അർ, ആർ, ഓർ, മാർ എന്നു മാറി പ്രത്യയങ്ങളായി സംബന്ധിനാമങ്ങളോടു ചേരും.

അവർ — വന്നവർ, വിണ്ണവർ, വാഴുന്നവർ, അവിടേത്തവർ.

അർ — ദേവർ, മുനിവർ, സ്ത്രീയർ, മൂവർ, ഇരുവർ, ഐവർ, നരർ, സൂഖിയർ, വേദിയർ.

നകാരാന്തനാമങ്ങളോടു ചേരുമ്പോൾ അർപ്രത്യയത്തിന്റെ ആദ്യമായ അകാരം ലോപിക്കും. ദേവ + അർ = ദേവർ.

ആർ — ആച്ചിയാർ. ആഴ്‌വാർ (= ആൾവാർ), കയല്ക്കണ്ണാർ, ഓട്ടാർ, ചെട്ടിയാർ, മന്നാടിയാർ, മടവാർ, മൂത്താർ, വീട്ടാർ, ശാസ്ത്രിയാർ, വാദ്ധ്യാർ, ഹാജിയാർ, കാതിയാർ ഇത്യാദിസാമാന്യനാമങ്ങളിലും നമ്പിയാർ, നങ്ങിയാർ, നായനാർ, തരകനാർ, ചാണാർ മുതലായ ജാതിവാചകസാംജ്ഞാനാമങ്ങളിലും ആർപ്രത്യയം വരും. നല്ലാർ നിത്യസ്ത്രീലിംഗമാകുന്നു.

ഓർ — അട്ടത്തോർ, അറിയോർ, ഉണ്ടോർ, മൂത്തോർ, വാഴുന്നോർ, വാനോർ, വിണ്ണോർ.

മാർ — മനുഷ്യന്മാർ, ദേവന്മാർ, ദേവിമാർ.

4. ദേവപര്യായങ്ങളും ശത്രുപര്യായങ്ങളും ആയ ചില പ്രാചീനനാമങ്ങൾ നിത്യം അർപ്രത്യയത്തിൽ അവസാനിക്കുന്ന ബഹുവചനങ്ങൾ ആകുന്നു. സമാസത്തിലും ഇവയുടെ ബഹുത്വപ്രത്യയം ലോപിക്കയില്ല.

ദേവർ — അമരർ, ഉമ്പർ, നിലമ്പർ, വാനവർ, വിണ്ണവർ, വിണ്ടവർ.

ശത്രുകൾ — അടലർ, അടലാർ, ഏതലർ, ഒട്ടലാർ, കരുതലർ, കൂടലർ,

നണ്ണാർ, നേരലർ, പററലർ, മരുവലർ, മരുവാലർ മരുവാർ മറുക്രർ, മാററലർ, മേവലർ.

122. 1. അൻ, അൾ, അ എന്ന ലിംഗപ്രത്യയങ്ങളിൽ അവസാനിക്കുന്ന സംബുദ്ധിനാമങ്ങളിൽ അർ വരും.

ഇഷ്ടൻ ഇഷ്ട	ഇഷ്ടർ.	സ്നേഹിതൻ സ്നേഹിത	സ്നേഹിതർ.	പ്രിയൻ പ്രിയ	പ്രിയർ.

അമര + അർ — അമരവർ. മുനി + അർ — മുനിവർ. മങ്ക + അർ. മങ്കയർ. മകൾ + അർ — മകളർ മുതലായി രാമചരിതത്തിൽ കാണുന്ന ബഹുവചനങ്ങൾ ഇപ്പോൾ എങ്ങിനെ മാറിയിരിക്കുന്നു?

2. പുംസ്ത്രീലിംഗങ്ങളുടെ ബഹുവചനങ്ങളായ ഇഷ്ടർ, സ്നേഹിതർ, പ്രിയർ മുതലായവയെ **അലിംഗബഹുവചനം*** എന്നു പറയും. ലിംഗവിവക്ഷ ഇല്ലാത്ത് രൂപം എന്നർത്ഥം. സ്ത്രീപുരുഷന്മാരെ അടക്കിപ്പറവാനായി ഈ രൂപം പ്രയോഗിക്കും.

രാമാഭിഷേകത്തിങ്കൽ പൌരർ സന്തോഷിച്ചു എന്നു പറഞ്ഞാൽ അയോധ്യയിലെ സ്ത്രീപുരുഷന്മാർ സന്തോഷിച്ചു എന്നും രാമാഭിഷേകത്തിങ്കൽ പൌരന്മാർ സന്തോഷിച്ചു എന്നു പറഞ്ഞാൽ പുരുഷന്മാർ മാത്രം സന്തോഷിച്ചു എന്നും അർത്ഥം ജനിക്കും.

3. ലിംഗഭേദം വിവക്ഷിക്കുമ്പോൾ മാർപ്രത്യയം വരും.

സ്നേഹിതൻ—സ്നേഹിതന്മാർ	വല്ലഭൻ—വല്ലഭന്മാർ	ശ്രേഷ്ഠൻ—ശ്രേഷ്ഠന്മാർ
സ്നേഹിത— സ്നേഹിതമാർ	വല്ലഭ— വല്ലഭമാർ	ശ്രേഷ്ഠ— ശ്രേഷ്ഠമാർ.

4. പൂജാർത്ഥകമായി എല്ലാ സംബുദ്ധിനാമങ്ങളോടും മാർ പ്രത്യയം ചേരും. നാന്തനാമങ്ങളിൽ മാർ നിത്യമാകയാൽ അതു പൂജാർത്ഥകമല്ല.

---

*ശിവനും ശിവയും എന്നർത്ഥത്തിൽ ശിവൌ എന്നും മാതാവും പിതാവും എന്നർത്ഥത്തിൽ പിതരൌ എന്നും മററും സംസ്കൃതത്തിൽ പ്രയോഗിക്കും. ഇവിടെ സമാനരൂപങ്ങൾ ഉള്ള ശബ്ദങ്ങളിൽ ഒന്നു ലോപിച്ചു മറേറതു ശേഷിക്കുന്നതു കൊണ്ടു ശിവർ, പിതാക്കൾ മുതലായവയെ **ഏകശേഷവൃത്തി**യെന്നു പറയും. അലിംഗകബഹുവചനം ഈ വൃത്തിയിൽ അടങ്ങിയതാകുന്നു.

അമ്മമാർ, ദേവിമാർ, നാരിമാർ, നമ്പൂരിമാർ, ബ്രാഹ്മണന്മാർ.

കള്ളന്മാർ, മൂഢന്മാർ, രാക്ഷസന്മാർ, ചതിയന്മാർ, തട്ടാന്മാർ.

5. ചില നപുംസകനാമങ്ങളിൽ ചേരുന്ന മാർ ബഹുത്വം മാത്രം കാണിക്കും.

ഇളംകരുണിമാർ, കുരങ്ങന്മാർ, കുറുക്കന്മാർ, കൃമന്മാർ.

6. —കാരൻ എന്ന തദ്ധിതപ്രത്യയം ബഹുവചനത്തിൽ കാർ ആകും.

പണിക്കാരൻ—പണിക്കാർ, മഴക്കാരൻ—മഴക്കാർ, അടപ്പക്കാരൻ—അടപ്പ ക്കാർ. തെക്കർ പണിക്കാറർ മുതലായ രൂപങ്ങൾ പ്രയോഗിക്കും.

123. കൾപ്രത്യയം എല്ലാ ലിംഗങ്ങളിലും വരും.

പുല്ലിംഗം. ദേവകൾ, കവികൾ, ആളുകൾ, സുഖികൾ, ഗുരുക്കൾ, പിതൃക്കൾ, ജനങ്ങൾ.

സ്ത്രീലിംഗം. ദേവികൾ, സ്ത്രീകൾ, വധൂക്കൾ, മാതാക്കൾ.

നപുംസകലിംഗം. ആനകൾ, വള്ളികൾ, തെരുക്കൾ, പൂക്കൾ, മരങ്ങൾ.

സർവ്വനാമങ്ങൾ. ഞാൻ—ഞാങ്ങൾ, ഞങ്ങൾ, എങ്ങൾ, (പ്രാചീനരൂപം) നാം—നോം, നമ്മൾ, നമ്പൾ. നീ—നിങ്ങൾ. താൻ—താങ്ങൾ, തങ്ങൾ, താങ്കൾ. അവൻ—അവർ. ഇവൻ—ഇവർ. ഏവൻ—ഏവർ. ഏവൾ—ഏവർ. അതു—അവ, അതുകൾ. ഇതു—ഇതുകൾ, ഇവ.

124. 1. താലവ്യസ്വരങ്ങളിലും സംവൃതത്തിലും അവസാനിക്കുന്ന നാമങ്ങൾക്കു ബഹുവചനത്തിൽ കൾ വരും.

ആനകൾ, അരികൾ, തൈകൾ, ആടുകൾ, കണ്ണുകൾ, പല്ലുകൾ.

2. ഓഷ്ഠ്യസ്വരാന്തനാമങ്ങളിൽ കൾപ്രത്യയം ക്കൾ ആകും.

സാധുക്കൾ, ഭ്രൂക്കൾ, പൂക്കൾ, ഗോക്കൾ, നൌക്കൾ.

3. ആകാരാന്തങ്ങളിലും ഋകാരാന്തങ്ങളിലും ക്കൾ വരും.

രാജാക്കൾ, പിതാക്കൾ, മാതാക്കൾ, കിടാക്കൾ, പിതൃക്കൾ, നൃക്കൾ.

ജ്ഞാപകം. രാജാവു, പിതാവു മുതലായവയിൽ സംവൃതം ഉച്ചാരണത്തിനായി ആകാരാന്തസംസ്കൃതപ്രഥമയോടു ചേർത്തു കൊണ്ടു് അതു ബഹുവചനത്തിൽ ലോപിക്കും.

4. അനുനാസികാന്തങ്ങളിൽ ഉഭയാദേശത്താൽ കൾ ങ്ങൾ ആകും.

മരം + കൾ = മരങ്ങൾ. നിൻ + കൾ = നിങ്ങൾ; ഞങ്ങൾ, ഞാങ്ങൾ, എങ്ങൾ. താങ്ങൾ, താങ്കൾ. തങ്ങൾ. ആങ്ങൾ. പെങ്ങൾ.

125. അർകൾ, അവർകൾ, കൾമാർ (=കൺമാർ=കന്മാർ) ഇങ്ങനെ രണ്ടു പ്രത്യയങ്ങൾ ചേൎത്തു പൂജാൎത്ഥക ബഹുവചനം ഉണ്ടാകും.

അർകൾ. ദേവർകൾ, ശിഷ്യർകൾ, ആരചർകൾ.

അവർകൾ. രാജാവവർകൾ, തമ്പുരാനവർകൾ, സായ്പവർകൾ.

കൾമാർ. ഗുരുക്കന്മാർ, രാജാക്കന്മാർ, പെങ്ങന്മാർ, പിതാക്കന്മാർ, തമ്പ്രാക്കന്മാർ.

126. സംജ്ഞാനാമങ്ങൾക്കും മേയനാമങ്ങൾക്കും കൃന്നാമങ്ങൾക്കും ബഹുവചനം ഉണ്ടാകയില്ലെന്നു മുൻപറഞ്ഞതിന്നു് അപവാദങ്ങൾ പറയാം:—

a. രാമകൃഷ്ണന്മാർ, രാമലക്ഷ്മണഭരതശത്രുഘ്നന്മാർ മുതലായ ദ്വന്ദ്വസമാസങ്ങളിൽ സംജ്ഞാനാമങ്ങൾക്കും ബഹുവചനം ഉണ്ടാകും.

b. ഒരേ സംജ്ഞയുള്ള ബഹുവ്യക്തികളെയുദ്ദേശിപ്പാനും ഏകനിൽ മഹിമാതിശയം കാണിപ്പാനും സംജ്ഞാനാമങ്ങൾക്കു ബഹുവചനം ഉണ്ടാകും.

ഈ ക്ലാസ്സിൽ രാമന്മാർ നാലുപേരുണ്ടു. ഖരന്നു ചുററും നിന്നു് അസംഖ്യം രാമന്മാർ യുദ്ധം ചെയ്തു.

c. പൂജാൎത്ഥമായി ചില സംജ്ഞാനാമങ്ങളോടു് അർ പ്രത്യയം ചേരുമെങ്കിലും ഇവ ബഹുത്വം കാണിക്കായ്കയാൽ ആഖ്യാതത്തിന്നും വിശേഷണത്തിന്നും ബഹുവചനം വരികയില്ല.

ഉദ്ധവർ, കൃപർ, ദ്രോണർ, ധൃതരാഷ്ട്രർ, ധൎമ്മപുത്രർ, ബലഭദ്രർ, വസുദേവർ, ശൌനകർ, ശുകർ, ശല്യർ, ശ്രീശങ്കരാചാൎയ്യർ, സുമന്ത്രർ.

d. ചില ജാതിനാമങ്ങളിൽ ബഹുവചനപ്രത്യയം നിയതമായി ഏകവചനത്തിൽ ചേൎന്നിരിക്കയാൽ ബഹുത്വം കാണിപ്പാൻ രണ്ടാമതും ഒരു പ്രത്യയവും കൂടി വേണ്ടി വരും.

നായന്മാർ, ചാക്കിയാന്മാർ, വാദ്ധ്യാന്മാർ, നമ്പിയാന്മാർ.

e. വസ്തുവിന്റെ വിഭാഗങ്ങളേയും തരങ്ങളേയും കാണിക്കുന്ന മേയനാമങ്ങൾക്കു ബഹുവചനം വരും.

അപ്പങ്ങൾ, റൊട്ടികൾ, വടകൾ, പാറകൾ, കല്ലുകൾ, രത്നങ്ങൾ, മേഘങ്ങൾ, സ്ലേററുകൾ.

f. ചെമ്പു മുതലായ മേയനാമങ്ങളുടെ ബഹുവചനങ്ങളെ ഈ ലോഹങ്ങൾ—കൊണ്ടുണ്ടാക്കിയ വസ്തുക്കൾ എന്ന അൎത്ഥത്തിൽ ഉപയോഗിക്കും.

127. 1. പ്രമാണം, പരിമാണം, (അളവു, തൂക്കം) എന്നിവയെക്കാണിക്കുന്ന നാമങ്ങൾക്കു ബഹുവചനമില്ല.

അഞ്ചിടങ്ങാഴി നെല്ലു, മൂന്നു സേററി, നാവുരിപ്പാൽ, മൂന്നു കററിയെണ്ണ, ആറു പാടം വെളിച്ചെണ്ണ, ഏഴ ടിൻ മണ്ണെണ്ണ, ആറു റാത്തൽ കാപ്പി, എട്ടു പലം ശൎക്കര, മൂന്നു കഴഞ്ചു കടുക്ക, രണ്ടു പണത്തൂക്കം കൎപ്പൂരം, ആറു കാതം വഴി, അറുപതുകാതം നാടു, എൺപതു വാര തുണി, നൂറു യോജന കടൽ.

2. സംഖ്യയുടെ പിൻ വരുന്ന നാമത്തിന്നു ബഹുവചനം വേണമെന്നില്ല.

രണ്ടു ആൾ, നൂറു പേർ, ആയിരം കടം, പത്തു സഹസ്രം കൊട്ടത്തേങ്ങ, അഞ്ഞൂറുറുപ്പിക, നൂറു രൂപാ. ഇതു പോലെ നാണ്യങ്ങളുടെ പേരുകളെല്ലാം ഏകവചനത്തിലേ വരുള്ളൂ.

128. 1. കേവലം ഒററയായ വ്യക്തികളെ മാത്രം കാണിക്കുന്ന ഗുണനാമങ്ങൾക്കു ബഹുവചനം ഉണ്ടാകയില്ല.

നീളം, കറുപ്പു, സന്തോഷം, ധൈൎയ്യം, നേൎമ്മ, കൂൎമ്മ, ദാൎഢ്യം, ശൈത്യം.

2. അനേകവ്യക്തികളെക്കാണിക്കുന്ന ഗുണനാമങ്ങൾ ജാതിവ്യക്തിവാചകങ്ങൾ ആകയാൽ സാമാന്യനാമങ്ങളെപ്പോലെ അവക്കും ബഹുവചനം ഉണ്ടാകും.

ഗുണങ്ങൾ (ധൈൎയ്യം, ഔദാൎയ്യം), ദോഷങ്ങൾ, അളവുകൾ, തൂക്കങ്ങൾ, നിറങ്ങൾ, രസങ്ങൾ. ഈ ഭാവനാമങ്ങളെ വിഭജിക്കുവാൻ കഴിയുന്നതു കൊണ്ടു ഇവ ജാതിവാചകങ്ങൾ ആകുന്നു.

129. ബഹുവചനത്തിൽ അസാധാരണമായ ചില രൂപങ്ങളെ താഴെ പറയുന്നു:—

1. അവററിങ്ങൾ, അവകൾ, ആണുങ്ങൾ, പെണ്ണുങ്ങൾ, കുഞ്ഞുങ്ങൾ — കുഞ്ഞങ്ങൾ, പേരുകൾ — പേൎകൾ. ഏത്താക്കൾ (= ഏത്തു + ആൾ + കൾ = സ്ലാതാക്കൾ). കന്യാക്കന്മാർ, കാരണോന്മാർ, പൈതൽ — പൈതങ്ങൾ. മകൻ — മക്കൾ, മകൾ — മക്കൾ, മകളർ. അടിയങ്ങൾ — അടിയത്തങ്ങൾ. പിശാച് — പിശാചുകൾ — പിശാചുക്കൾ — പിശാചങ്ങൾ — പിശാചന്മാർ. ജ്യാവു — ജ്യാവുകൾ, ജ്യാക്കൾ.

2. ഋത്വിക്ക — ഋത്വിക്കുകൾ, ഋത്വിക്കൾ (പൂ. വ). പിള്ള — (1) പിള്ളർ, (2) പിള്ളമാർ. കിടാവു — കിടാക്കൾ, കിടാങ്ങൾ. പിതാക്കൾ — പിതൃക്കൾ.

3. വൽ, മൽ എന്ന തദ്ധിതപ്രത്യയങ്ങളിലും അൽ എന്ന ശബ്ദന്യൂനപ്രത്യയത്തിലും അവസാനിക്കുന്ന സംസ്കൃതപ്രകൃതികൾക്കുച്ചാരണാൎത്ഥം വരുന്ന സംവൃതത്തിന്നു പരമാകുന്ന കൾപ്രത്യയത്തിന്നു ദ്വിത്വം വികല്പമായ്വരും.

മഹത്തു — മഹത്തുകൾ, സൽ — സത്തുകൾ — സത്തുക്കൾ. ഗുണവത്തു — ഗുണവത്തുകൾ — ക്കൾ. സുഹൃത്തുകൾ, ധീമത്തുകൾ.

4. ചില വ്യഞ്ജനാന്തനാമങ്ങളോടു മാർപ്രത്യയം ചേരുമ്പോൾ ഇടക്കു പൂാപ്രത്യയമായ 'അൻ' ആഗമം വരും.

വക്കീൽ — വക്കീലന്മാർ, തിരുമുല്പാടു — തിരുമുല്പാടന്മാർ, വെളിച്ചപ്പാടു — വെളിച്ചപ്പാടന്മാർ. വക്കീൽമാരെന്നും പ്രയോഗമുണ്ടു.

5. നായർ, പണിക്കർ മുതലായ ജാതിനാമങ്ങൾക്കു മാർപ്രത്യയം പരമായാൽ അർ എന്നതിന്റെ സ്ഥാനത്തു് അൻ വരും.

നായന്മാർ, പണിക്കന്മാർ, പട്ടന്മാർ.

6. നന്ദനാർ, പാക്കനാർ, മച്ചിയാർ, മന്ദനാർ മുതലായ സംജ്ഞാനാമങ്ങളിൽ ആർപ്രത്യയം പൂജകമാകുന്നു.

പരീക്ഷ 121—129.

I. 1. വചനപ്രത്യയങ്ങളും അവകൾക്കുണ്ടാകുന്ന വികാരങ്ങളും വിവരിക്കുക. 2. മരങ്ങൾ, ആങ്ങള, പെങ്ങന്മാർ, ഗുരുക്കന്മാർ ഇവയുടെ രൂപസിദ്ധിയെ വിവരിക്കുക. 3. ബ്രാഹ്മണന്മാരും, ബ്രാഹ്മണിമാരും, വല്ലഭന്മാരും, വല്ലഭമാരും, പ്രിയന്മാരും, പ്രിയമാരും ഇവരെക്കുറിക്കുന്ന ഒരേ ബഹുവചനരൂപം പറക. 4. നാസ്സുൾ, ശപാക്കൾ, പൂവുകൾ, തെരുവുകൾ, ചിത്രങ്ങൾ, മക്കൾ ഇവയുടെ ഏകവചനം എഴുതുക; വേറെ ബഹുവചനരൂപങ്ങൾ ഉണ്ടെങ്കിൽ അവയേയും എഴുതുക. 5. ദാരങ്ങൾ, ജനങ്ങൾ കളത്രങ്ങൾ ഇവയുടെ ലിംഗവും വചനവും പറക. 6. വിണ്ണോർ, വാനോർ, മറയവർ ഇവയുടെ രൂപസിദ്ധിയെ വിവരിക്കുക. 7. സംജ്ഞാനാമങ്ങൾക്കു് എപ്പോൾ ബഹുവചനം ഉണ്ടാകും? 8. ഏതുവിധം ഭാവനാമങ്ങൾക്കു ബഹുവചനം ഉണ്ടാകയില്ല? 9. രാമർ, നായർ, നായനാർ, മാരയാർ, നമ്പ്യാർ, വാരിയർ, അടിയാർ, ചാക്കിയാർ ഇവയുടെ വചനം പറക.

II. 1. ദാരിദ്ര്യങ്ങളശേഷം നീങ്ങി. 2. വിണ്ണവർപതിയോടു തുല്യൻ. 3. മാററികൾ നിങ്ങൾക്കെന്നറിയാവൂ. 4. അക്കിഴവച്ചാക്കിനും പടകളിൽ വക്കാണിപ്പാൻ ഒരു കുറവുമില്ല. 5. അരുവയർമണിയെക്കൊണ്ടിഹ വരുവൻ. 6. ഉഭവരും ബലദേവരുമൻപോടു യുദ്ധം ചെയ്യതിനെത്തി മുതിന്നു. 7. മററലർപാശമരുത്തിഹ പാലയ. 8. കൂടലർകലബലമരുതി പെട്ടുകം.

9. വാലില്ലാത്ത കുരങ്ങന്മാർ. 10. ക്രൂററാർ വേണം ഒഴിപ്പതിന്നപ്പോൾ.
11. തട്ടും കൊട്ടും ചെണ്ടയ്ക്കത്രേ കിട്ടും പണമതു മാരാന്മാർക്കും.

ഇവയിലെ ബഹുവചനങ്ങളിൽ വിശേഷവിധി വല്ലതുമുണ്ടെങ്കിൽ പറക.

4. വിഭക്തിപ്രകരണം.

130. നാമങ്ങൾക്കു വാക്യത്തിലെ മറ്റു പദങ്ങളോടുള്ള സംബന്ധം കാണിക്കുന്ന പ്രത്യയത്തേയും പ്രത്യയാന്തരൂപത്തേയും **വിഭക്തി**യെന്നു പറയും. (ബാ. 98-99.)

വിഭക്തികളുടെ സംജ്ഞകൾ		പ്രത്യയം	വിഭക്തിരൂപങ്ങൾ	
പ്രാചീനസംജ്ഞ	കേരളപാണിനീയസംജ്ഞ			
പ്രഥമ	നിർദ്ദേശിക		ദേവൻ	ദേവി
ദ്വിതീയ	പ്രതിഗ്രാഹിക	എ	ദേവനെ	ദേവിയെ
തൃതീയ	പ്രയോജിക	ആൽ	ദേവനാൽ	ദേവിയാൽ
ചതുർത്ഥി	ഉദ്ദേശിക	കു, നു	ദേവനു	ദേവിക്കു
പഞ്ചമി	സംയോജിക	ഓടു, ഒടു	ദേവനോടു	ദേവിയോടു
ഷഷ്ഠി	സംബന്ധിക	ഉടെ, ന്റെ	ദേവന്റെ	ദേവിയുടെ
സപ്തമി	ആധാരിക	ഇൽ, കൽ	ദേവനിൽ	ദേവിയിൽ
			ദേവങ്കൽ	ദേവിയിങ്കൽ

ഈ രൂപങ്ങളുടെ അനേകാർത്ഥങ്ങളിൽ ഒന്നിനെ മാത്രം ആധാരമാക്കി സംജ്ഞ ചെയ്യുന്നതു ന്യായമല്ലായ്കയാൽ പ്രാചീനസംജ്ഞകളെ തന്നെ ഇവിടെ അംഗീകരിച്ചിരിക്കുന്നു. ലീലാതിലകവും ബാലബോധവും സംസ്കൃതവിഭക്തികളെ പരിഭാഷ ചെയ്യാനുള്ള മാർഗ്ഗങ്ങളെക്കാണിക്കുക മാത്രമല്ലാതെ അവയെ ഭാഷാവിഭക്തികളായി വിധിച്ചിട്ടുമില്ല.

131. 1. പ്രഥമക്കു പ്രത്യയമില്ല.

അൻ, ആൻ, ഓൻ, അൾ, ആൾ, ഓൾ, ഇ, ത്തി, അം എന്നിവ ലിംഗപ്രത്യയങ്ങളും അർ, ആർ, മാർ, കൾ എന്നിവ ബഹുവചനപ്രത്യയങ്ങളും ആകയാൽ ഇവയെ തന്നെ പ്രഥമാപ്രത്യയങ്ങളായി എടുത്തുകൂടാ. ഇവയോട് എല്ലാ വിഭക്തിപ്രത്യയങ്ങളും ചേരുന്നതു കൊണ്ട് ഇവ പ്രഥമാപ്രത്യയങ്ങളല്ല.

2. അഭിമുഖീകരണത്തിന്നുപയോഗിക്കുന്ന പ്രഥമയുടെ രൂപമാകുന്നു **സംബോധന**. ഇതിന്നുണ്ടാകുന്ന വികാരങ്ങളെ താഴേ കാണിച്ചിരിക്കുന്നു.

i. സംബോധനയിൽ നാമത്തിന്റെ അന്ത്യസ്വരം ദീൎഘമാകും.

സ്വാമീ, നാണൂ, ദേവീ, ഭഗവതീ, പാറൂ, മാളൂ.

ii. അൻപ്രത്യയത്തിന്റെ നകാരത്തിന്നു ലോപവും അകാരത്തിന്നു ദീൎഘവും വരും.

രാമാ, കൃഷ്ണാ, ഗുരുവായൂരപ്പാ, അച്ഛാ, ഏട്ടാ, ലക്ഷ്മണാ.

iii. സ്ത്രീലിംഗത്തിന്റെ അകാരം ഏകാരമാകും.

അമ്മേ, രാധേ, സീതേ, ശകുന്തളേ, പ്രിയംവദേ.

iv. വ്യഞ്ജനാന്തനാമങ്ങളിൽ ഏ വരും.

മകനേ, മകളേ, കുട്ടികളേ, പെരുമാളേ, മനമേ.

3. സംസ്കൃതസംബോധനകളും വരും.

ഹരേ, ശംഭോ, വിഷ്ണോ, രാജൻ, സ്വാമിൻ.

അല്ലയോ, എടോ, എടാ, എടീ, ഹാ, ഹേ, ഓ, അയ്യോ, അരേ, അയി, ഭോഃ, ഭോ ഭോഃ, രേ, രേരേ, ആയുഷ്മോവേ എന്നിവ സംബോധനയോടു ചേൎന്നു വരും.

ജ്ഞാപകം. നാരായണീയത്തിന്റെ പരിഭാഷയിൽ ഗ്രന്ഥകൎത്താവു പ്രഥമയെ തന്നെ പലേടത്തും സംബോധനയായി പ്രയോഗിച്ചിട്ടുണ്ടു.

132. 1. പ്രാതിപദികത്തോടു ദ്വിതീയാദിപ്രത്യയങ്ങൾ ചേൎപ്പാനുണ്ടാകുന്ന നാമരൂപത്തെ **ആദേശരൂപം** എന്നു പറയും. ത്തു ഇൻ എന്ന പ്രത്യയങ്ങളാലും അന്ത്യവ്യഞ്ജനദ്വിത്വത്താലും ആദേശരൂപം ഉണ്ടാകും.

2. ആദേശരൂപത്തിൽ അന്ത്യമകാരം ത്തുവാകും.

മരം + എ = മരത്തു് + എ = മരത്തെ, കരം + ഓടു = കരത്തോടു, നിലം + ഇൽ = നിലത്തിൽ.

3. ത്തു മകാരസ്ഥാനത്തു വന്ന ഒരു പ്രത്യയമാകയാൽ, തദന്തമായ രൂപം സ്വതന്ത്രമായി പ്രയോഗിക്കും. (139. 2.)

4. ഒടു, ഓടു എന്നീ പ്രത്യയങ്ങളെ ത്തു കൂടാതെയും പദ്യത്തിൽ പ്രയോഗിക്കാം.

നലമോടു, ഹിതമോടു, സുഖമോടു മുതലായവക്കു പകരം ഗദ്യത്തിൽ ഹിതത്തോടു, സുഖത്തോടു് എന്ന രൂപങ്ങൾ മാത്രമേ വരികയുള്ളൂ.

5. അന്ത്യമായ ടു, റു എന്നിവക്കു പിന്നിൽ വിഭക്തിപ്രത്യയം വന്നാൽ അവ ഇരട്ടിക്കും.

ആടു+ഇൽ = ആട്ടിൽ, കാട്ടിൽ, നീററിൽ, വയററിൽ.

ജ്ഞാപകം. ഈ ദ്വിത്വം ചില നാമങ്ങളിൽ പ്രവൃത്തിച്ചും ചില വയിൽ പ്രവൃത്തിക്കാതെയും ഇരിക്കയാൽ അതു വിഭാഷയാകുന്നു. ചൂടോടെ എന്നതിൽ ദ്വിത്വമില്ല. നീരിൽ നീററിൽ എന്നിവയിൽ ദ്വിത്വം വികല്പമാകുന്നു (21).

133. 1. വ്യഞ്ജനങ്ങളിലും ത്തുപ്രത്യയത്തിലും അവസാനിക്കുന്ന നാമങ്ങളിൽ ഇൽ ഒഴികെയുള്ള വിഭക്തിപ്രത്യയങ്ങൾക്കു മുമ്പിൽ ഇൻ ആഗമം വരും.

വ്യഞ്ജനാന്തം. വാക്ക്+എ=വാക്ക്+ഇൻ+എ=. വാക്കിനെ. പെണ്ണ്+ഓടു=പെണ്ണ്+ഇൻ+ഓടു=പെണ്ണിനോടു. കണ്ണിന്നു. മരത്തിന്റെ.

ആദേശരൂപം. മരം+എ=മരത്തു+എ=മരത്ത്+ഇൻ+എ=മരത്തിനെ. ഫലം+എ=ഫലത്തിനെ. ആടു+എ=ആട്ടിനെ.

സപ്തമീപ്രത്യയമായ ഇൽ വന്നാൽ ഇൻ ആഗമം വരികയില്ല. വാക്ക്+ഇൽ= വാക്കിൽ, പെണ്ണിൽ, മരത്തിൽ, ആട്ടിൽ.

2. അപവാദം. അന്ത്യവ്യഞ്ജനം ലിംഗത്തിന്റെയോ വചനത്തിന്റെയോ അംഗമായാൽ ഇൻ ആധുനികഭാഷയിൽ വരികയില്ല, എങ്കിലും പൂൎവ്വമലയാളത്തിൽ അതു ബഹുവചനത്തിലും വന്നിരുന്നു.

അവളെ, മകളെ, മരങ്ങളുടെ, കുട്ടികളാൽ, മകന്റെ.

മത്സ്യങ്ങളിന്നെല്ലുകൾ, ഇവററിൻ ഇല, നല്ലാറിൻ മണികൾ.

3. ദ്വിതീയയിൽ ഇൻ വികല്പമാകുന്നു. (21.)

വാക്കെ, വാക്കിനെ, മരത്തെ, മരത്തിനെ, നിലത്തെ, നിലത്തിനെ.

4. ഉകാരാന്തപ്രാതിപദികങ്ങളിൽ ഇൻ വരും.

ഗുരു+എ=ഗുരു+ഇൻ+എ=ഗുരു+വ്+ഇൻ+എ=ഗുരുവിൻ+എ=ഗുരുവിനെ. ഗുരുവിന്നു, ഗുരുവിന്റെ. തെരുവിന്റെ. രാജാവിനെ. രാജാവിന്നു. പിതാവിന്നു, പിതാവിനോടു.

5. സ്വരാന്തപ്രാതിപദികങ്ങളുടെ പിന്നിൽ കൾപ്രത്യയത്തിന്നു മുമ്പായിട്ടു് ഇൻ ആഗമം വരും.

ഗംഗ+കൾ=ഗംഗ+ഇൻ+കൾ=ഗംഗയിൻ+കൾ=ഗംഗയിങ്കൾ. ഹരി+കൾ=ഹരിയിങ്കൾ. ലക്ഷ്മിയിങ്കൾ. ഗുരുവിങ്കൾ. വിഷ്ണുവിങ്കൾ.

134. ചതുൎത്ഥിക്കു ക, നു, എന്നും ഷഷ്ഠിക്കു് ഉടെ, ന്റെ എന്നും ഈ രണ്ടു പ്രത്യയങ്ങൾ ഉള്ളവയിൽ ഓരോന്നു് എവിടെ വരുമെന്നറിയേണ്ടതാകുന്നു.

1. ചതുൎത്ഥിയിൽ ക വന്നാൽ ഷഷ്ഠിയിൽ ഉടെ വരും; ചതുൎത്ഥിയിൽ നു വന്നാൽ ഷഷ്ഠിയിൽ ന്റെ വരും.

ക — അവൾക്കു, അവരുടെ; മരങ്ങൾക്കു, മരങ്ങളുടെ; നാരിക്കു, നാരിയുടെ.

നു — അവന്നു, അവന്റെ; മരത്തിന്നു, മരത്തിന്റെ; പിതാവിന്നു, പിതാവിന്റെ.

2. ബഹുവചനങ്ങളിലും, താലവ്യസ്വരങ്ങളിലും അൾപ്രത്യയത്തിലും അവസാനിക്കുന്ന ഏകവചനത്തിലും, ചതുൎത്ഥിയിൽ ക വരും.

നിങ്ങൾക്കു, നമുക്കു, അവൾക്കു, മനുഷ്യൎക്കു, കൈക്കു, തീക്കു, നദിക്കു, ഹരിക്കു, അവൾക്കു, മക്കൾക്കു, അന്നനടയാൾക്കു.

135. മേൽ പറഞ്ഞ പ്രത്യയങ്ങളെ തന്നെ സൎവ്വനാമങ്ങളോടും ചേൎത്തു വിഭക്തികളെ ഉണ്ടാക്കും. (ബ. 1, 89).

ഞാൻ, നീ, താൻ എന്നിവക്കു എൻ, നിൻ, തൻ എന്നും നാം, താം എന്നിവക്കു നം, തം എന്നും ആദേശരൂപങ്ങൾ ഉണ്ടാകും. ഈ രൂപങ്ങൾ സമാസത്തിൽ പൂൎവ്വപദങ്ങളാകും.

അതു, അതുകൾ, അവ, അവകൾ, ഇതു, ഇതുകൾ, ഇവ, ഇവകൾ, എന്നിവക്കു് അവററു, ഇവററു് എന്ന ആദേശരൂപങ്ങൾ വികല്പമായി വരും.

പരീക്ഷ 130—135.

1. വിഭക്തിയെന്തെന്നു വിവരിച്ചു് ഓരോ വിഭക്തികളുടെ പ്രത്യയങ്ങൾ പറഞ്ഞു് അവയെ ഗുരുശബ്ദത്തോടു ചേൎത്തു് ഈ രൂപങ്ങളെല്ലാം അടങ്ങിയിരിക്കുന്ന ഒരു മഹാവാക്യം എഴുതു. 2. ഏകവചനത്തിൽ വിഭക്തിപ്രത്യയങ്ങളെ പ്രാതിപദികത്തോടു ചേൎപ്പാൻ അതിനെ എങ്ങിനെ മാററും? 3. ഇൻആഗമം ഏതു വിഭക്തികളിൽ വരും? ഉദാഹരിക്കുക. 4. രാമങ്കൽ, വിഷ്ണുവിന്റെ, ഗുരുക്കന്മാരുടെ, ഗുരുവിങ്കൽ, മരത്തിന്നു, നമ്മുടെ, മക്കടെ നമ്പൂരാരുടെ എന്നിവയുടെ രൂപസിദ്ധിയെ വിവരിക്കുക.

5. സംസ്കൃതവിഭക്തിരൂപങ്ങൾ.

136. 1. ഭാഷയിലേ ഗദ്യപദ്യങ്ങളിൽ സംസ്കൃതവിഭക്തികളെ ധാരാളം പ്രയോഗിക്കുന്നതു കൊണ്ടു് ആ രൂപങ്ങളുടെ സ്വഭാവം അല്പം പറയുന്നു,

5. പുംസ്ത്രീലിംഗങ്ങളിലെ സ്, ഔ, അസ്, അമ്, അസ് എന്ന അഞ്ചു പ്രത്യയങ്ങൾക്കും പ്രഥമാദ്വിതീയാബഹുവചനപ്രത്യയമായ അസ്സിനു പകരം നപുംസകത്തിൽ വരുന്ന ഇപ്രത്യയത്തിനും സൎവനാമസ്ഥാനം എന്നു പേർ. ഇതു പരമായാൽ പ്രകൃതിയിൽ വികാരങ്ങൾ ഉണ്ടാകും. ജഗൽ + ഇ = ജഗൻ + ത് + ഇ = ജഗന്തി. വാരി + ഇ = വാരി + ൻ + ഇ = വാരീണി. വിദ്വസ് + അസ് = വിദ്വാംസഃ (പ്ര.) വിദുഷഃ (ദ്വി). ദ്വിതീയാബഹുവചനാദിയായ ഒമ്പതു സ്വരപ്രത്യയങ്ങൾ പരമായാൽ വ്യഞ്ജനാന്തങ്ങൾക്കു സന്ധിയില്ല. വാച് + ഏ = വാചേ; സ്രജ് + ഇ = സ്രജി; മധുലിഹ് + ഇ = മധുലിഹി. ശേഷം എട്ടു വ്യഞ്ജനാദിപ്രത്യയം പരമായാൽ പദസന്ധി വരും. സകാരാദിപ്രത്യയം വന്നാൽ ഖരവും ഭാദിപ്രത്യയം വന്നാൽ മൃദുവും വരും. സൎവശക് + സു = സൎവശക്ഷു. സൎവശക് + ഭിഃ = സൎവശഗ്ഭിഃ (94. 1).

ദ്വിബഹുവചനങ്ങൾക്കു ഭാഷയിൽ പ്രയോഗം കുറയുന്നതു കൊണ്ടു അവയുടെ രൂപങ്ങളെ അധികം പറകയില്ല.

137. 1. അൻ, ഇൻ, ഈയസ് (ഏയസ്-ആയസ്), മൽ, (വൽ) അൽ, വസ്, എന്നിവയിൽ പ്രാതിപദികങ്ങൾ അവസാനിക്കുമ്പോൾ അവ മാറും. പ്രക്രിയ മുഴുവനും ആവൎത്തിക്കുന്നില്ല. രൂപങ്ങളെക്കണ്ടു വിഭക്തി അറിഞ്ഞാൽ മതിയല്ലോ.

ബ്രഹ്മൻ, അശ്മൻ, യജ്വൻ, ഗ്രാവൻ, പാപ്മൻ, കൃഷ്ണനാമൻ, സുദാമൻ എന്നീ പുല്ലിംഗങ്ങളുടേയും സാമൻ, ചൎമ്മൻ, വൎമ്മൻ, സദ്മൻ മുതലായ നപുംസകങ്ങളുടേയും വിഭക്തികളെ ഉദാഹൃതരൂപങ്ങളിൽ നിന്നു അറിഞ്ഞു കൊൾക.

2. പക്ഷിൻ, പ്രാണിൻ, ദേഹിൻ എന്നീവ പക്ഷം പ്രാണൻ ദേഹം എന്നീ പ്രാതിപദികങ്ങളോടു ഇൻപ്രത്യയം ചേൎത്തുണ്ടാക്കിയ തദ്ധിതങ്ങൾ ആകുന്നു. പുല്ലിംഗത്തിൽ പക്ഷീ പക്ഷിണൌ, പക്ഷിണഃ പക്ഷിഭിഃ, പക്ഷിഷു മുതലായ രൂപങ്ങൾ ഉണ്ടാകും. അതു പോലെ ശാസ്ത്രിൻ, ജ്ഞാനിൻ, സ്രഗ്വിൻ, വാഗ്മിൻ, യജ്വിൻ മുതലായവയുടെ രൂപങ്ങളെ അറിഞ്ഞു കൊൾക. ഇവയുടെ സ്ത്രീലിംഗത്തിൽ ഈ വരും. മാനീ-മാനിനീ. രോഗീ-രോഗിണീ. (216. 1.)

3. ശ്രേയസ്, പ്രേയസ്, പാപീയസ്, ലഘീയസ്, ഗരീയസ്, മഹീയസ്, പടീയസ്, ജ്യായസ് എന്ന അതിശായനരൂപങ്ങൾക്കു സൎവനാമസ്ഥാനത്തിൽ യാംസ് എന്ന രൂപം വരും. പാപീയാൻ, പാപീയാംസൌ, പാപീയാംസഃ, പാപീയോഭിഃ പാപീയഃസു. (215. 3.)

ക്ലീബത്തിൽ പാപീയഃ, പാപീയസീ, പാപീയാംസി, ശേഷം പുല്ലിംഗം പോലേ.

4. വൽ, മൽ, നാമങ്ങളോടു ചേൎന്നുണ്ടാകുന്ന വിശേഷണങ്ങളുടെ രൂപങ്ങൾ ശ്രീമാൻ എന്നതിനെപോലെയാകുന്നു. ഗുണവാൻ, ഗുണവന്തൌ ഗുണവന്തഃ, ഗുണവന്തം, ഗുണവന്തൌ, ഗുണവതഃ, ഗുണവൽഭിഃ, ഗുണവത്സു.

5. ഗച്ഛൽ, പതൽ, നമൽ, ഗമിഷ്യൽ, ദാസ്യൽ, കുൎവൽ, എന്നിവ അൽ എന്ന പ്രത്യയത്തിൽ അവസാനിക്കുന്ന ശബ്ദന്യൂനങ്ങൾ ആകുന്നു. ഇവക്കു പുല്ലിംഗത്തിൽ നമൽപോലെയും ക്ലീബത്തിൽ ജഗൽപോലെയും രൂപങ്ങൾ ഉണ്ടാകും. സ്ത്രീലിംഗത്തിൽ ഈപ്രത്യയം വരും. ഗച്ഛന്തീ, ഗമിഷ്യതീ, ഗമിഷ്യന്തീ.

138. 1. സ്വരങ്ങളിൽ അവസാനിക്കുന്ന പുംസ്ത്രീനാമങ്ങളുടെ ഏകവചനപ്രത്യയങ്ങൾ മാറും എങ്കിലും സന്ധ്യക്ഷരാന്തങ്ങളിൽ അവ മാറുകയില്ല. നപുംസകങ്ങളെല്ലാം ഹ്രസ്വാന്തങ്ങൾ ആകും. പ്രഥമ, സംബോധന, ദ്വിതീയ ഒഴികെ ബാക്കിയെല്ലാരൂപങ്ങളും അകാരാന്തക്ലീബത്തിൽ പുല്ലിംഗങ്ങൾക്കു സമമായിരിക്കും. ഇ, ഉ, ഋ എന്നവയിൽ അവസാനിക്കുന്ന ക്ലീബത്തിൽ തൃതീയാദിസ്വരപ്രത്യയങ്ങൾക്കു മുമ്പിൽ നകാരം ആഗമം വരും.

1. അജന്തപുല്ലിംഗം ഏകവചനം.

വിഭക്തി	അകാരാന്തം	ഇകാരാന്തം	ഉകാരാന്തം	ഋകാരാന്തം		
	ദേവ	ഹരി	ഗുരു	കൎത്തൃ	നൃ	പിതൃ
പ്ര	ദേവഃ	ഹരിഃ	ഗുരുഃ	കൎത്താ	നാ	പിതാ
ദ്വി	ദേവം	ഹരിം	ഗുരും	കൎത്താരം	നരം	പിതരം
തൃ	ദേവേന	ഹരിണാ	ഗുരുണാ	കൎത്ത്രാ	ന്രാ	പിത്രാ
ച	ദേവായ	ഹരയേ	ഗുരവേ	കൎത്ത്രേ	ന്രേ	പിത്രേ
പ	ദേവാൽ	ഹരേഃ	ഗുരോഃ	കൎത്തുഃ	നുഃ	പിതുഃ
ഷ	ദേവസ്യ	ഹരേഃ	ഗുരോഃ	കൎത്തുഃ	നുഃ	പിതുഃ
സ	ദേവേ	ഹരൌ	ഗുരൌ	കൎത്തരി	നരി	പിതരി
സം	ദേവ	ഹരേ	ഗുരോ	കൎത്തഃ	നഃ	പിതഃ

2. ദ്വിവചനം.

ദേവൌ	ദേവാഭ്യാം	ദേവയോഃ	കൎത്താരൌ	കൃൎത്തൃഭ്യാം	കൎത്ത്രോഃ
ഹരീ	ഹരിഭ്യാം	ഹൎയ്യോഃ	നരൌ	നൃഭ്യാം	ന്രോഃ
ഗുരൂ	ഗുരുഭ്യാം	ഗുൎവ്വോഃ	പിതരൌ	പിതൃഭ്യാം	പിത്രോഃ

3. ബഹുവചനം.

ദേവാഃ	ദേവാൻ	ദേവൈഃ	ദേവേഭ്യഃ	ദേവാനാം	ദേവേഷു
ഹരയഃ	ഹരീൻ	ഹരിഭിഃ	ഹരിഭ്യഃ	ഹരീണാം	ഹരിഷു
ഗുരവഃ	ഗുരൂൻ	ഗുരുഭിഃ	ഗുരുഭ്യഃ	ഗുരൂണാം	ഗുരുഷു
കൎത്താരഃ	കൎത്തൄൻ	കൎത്തൃഭിഃ	കൎത്തൃഭ്യഃ	കൎത്തൄണാം	കൎത്തൃഷു
നരഃ	നൄൻ	നൃഭിഃ	നൃഭ്യഃ	നൃണാം — നൄണാം	നൃഷു
പിതരഃ	പിതൄൻ	പിതൃഭിഃ	പിതൃഭ്യഃ	പിതൃണാം—പിതൄണാം	പിതൃഷു

2. നപുംസകത്തിൽ വനം, വനേ, വനാനി; വാരി, വാരിണീ, വാരീണി; ഗുരു, ഗുരുണീ, ഗുരൂണി; കൎത്തൃ, കൎത്തൃണീ, കൎത്തൄണി എന്നിങ്ങിനെ രൂപങ്ങൾ ഉണ്ടാകും. അകാരാന്തനപുംസകത്തിൽ തൃതീയാദിരൂപങ്ങൾ പുല്ലിംഗരൂപങ്ങൾ തന്നെ. ഇകാരോകാരാന്തക്ലീബത്തിൽ തൃതീയാദിസ്വരപ്രത്യയങ്ങൾക്കു മുമ്പിൽ നകാരം ആഗമം വരും. വാരിണാ, വാരിണേ, വാരിണഃ, വാരിണി; മൃദുനാ, മൃദുനേ, മൃദുനഃ, മൃദുനി; കൎത്തൃണാ, കൎത്തൃണേ, കൎത്തൃണഃ, കൎത്തൃണി.

3. ഇ, ഉ, ഋ എന്ന ഹ്രസ്വങ്ങളിൽ അവസാനിക്കുന്ന സ്ത്രീലിംഗത്തിലേ രൂപങ്ങൾ പ്രായേണ പുല്ലിംഗത്തിലേ രൂപങ്ങളെപ്പോലെ തന്നെ. ദ്വിതീയാബഹുവചനത്തിലേ നകാരത്തിന്നു വിസൎഗ്ഗം വരും. തൃതീയൈകവചനത്തിൽ നകാരാഗമം വരികയില്ല.

മതിഃ മതീ മതയഃ; മതിം മതീ മതീഃ; മത്യാ ശേഷം ഹരിയെപ്പോലെ. ധേനുഃ ധേനൂ ധേനവഃ; ധേനും ധേനൂ ധേനൂഃ; ധേന്വാ ശേഷം ഗുരുവിനെപോലെ. മാതാ മാതരൌ മാതരഃ; മാതരം മാതരൌ മാതൄഃ ശേഷം പിതൃശബ്ദംപോലെ.

4. മാതൃ, ദുഹിതൃ, നനാന്തൃ, യാതൃ, സ്വസൃ ഇവ മാത്രം ഋകാരാന്തസ്ത്രീലിംഗങ്ങൾ ആകുന്നു.

5. ആ, ഈ, ഊ എന്നീ ദീൎഘസ്വരങ്ങളിൽ അവസാനിക്കുന്ന സ്ത്രീലിംഗരൂപങ്ങളെ താഴെ ചേൎത്തിരിക്കുന്നു.

ഏകവചനം.

പ്രഥമ	ദ്വി	തൃ	ച	പ. ഷ	സ
രമാ	രമാം	രമയാ	രമായൈ	രമായാഃ	രമായാം
സതീ	സതീം	സത്യാ	സത്യൈ	സത്യാഃ	സത്യാം
ലക്ഷ്മീഃ	ലക്ഷ്മീം	ലക്ഷ്മ്യാ	ലക്ഷ്മ്യൈ	ലക്ഷ്മ്യാഃ	ലക്ഷ്മ്യാം
വധൂഃ	വധൂം	വധ്വാ	വധ്വൈ	വധ്വാഃ	വധ്വാം

ദ്വിവചനം.	ബഹുവചനം.
രമേ, രമാഭ്യാം രമയോഃ	രമാഃ, രമാഃ, രമാഭിഃ രമാഭ്യഃ രമാണാം രമാസു
സത്യൌ സതീഭ്യാം സത്യോഃ	സത്യഃ സതീഃ, സതീഭിഃ സതീഭ്യഃ സതീനാം സതീഷു
ലക്ഷ്മ്യൌ, ലക്ഷ്മീഭ്യാം ലക്ഷ്മ്യോഃ	ലക്ഷ്മ്യഃ, ലക്ഷ്മീഃ ലക്ഷ്മീഭിഃ ലക്ഷ്മീഭ്യഃ ലക്ഷ്മീണാം, ലക്ഷ്മീഷു
വധ്വൌ, വധൂഭ്യാം വധ്വോഃ	വധ്വഃ, വധൂഃ വധൂഭിഃ വധൂഭ്യഃ വധൂനാം വധൂഷു.

പരീക്ഷ 136—138.

1. താഴെ വരുന്ന വാക്യങ്ങളിലെ സംസ്കൃതവിഭക്തികളുടെ പേരും വാക്യാർത്ഥവും പറക.

(1) ഉഗ്രനാകുന്ന മഗധഭൂപതി ധൃഷ്ടത കൊണ്ടു ഭൂമീപാലകന്മാരെ പെട്ടെന്നു ജയിച്ചു രണാംകണേ കെട്ടിയിട്ടു ഗിരിവ്രജകാനനേ. (2) സഹജൈർവ്വാരണാവതേ വാഴുന്നേൻ. (3) അഥ വിദുരഗിരാ ചെന്നങ്ങു തേഷാം സമീപേ. (4) ബഹുകാലമായഹോ നാം മഹതി വിപിനേ ചെന്നു. (5) നിന്നെ വധിപ്പൻ കംസനിദേശാൽ. (6) അന്തികസീമനി കളിയാടുന്നു. (7) ചിത്രരഥേന നടന്നു തിരിച്ചു. (8) ചിത്രസുഖേന വസിച്ചു സഭായാം. (9) എണ്ണമില്ലാതോളം ദാനവും ചെയ്തു ഭൂദേവാനാം. (10) പോകം ദശായാം.

2. യഥാവിൽ, വൃഥാവിൽ, ദിവസേനാൽ, ജാത്യാലുള്ള ഗുണം, ഇഹത്തിൽ ഇവയിലെ വിശേഷവിധികളെ കാണിക്ക.

6. വിഭക്ത്യാഭാസം.

139. 1. ദ്വിതീയാദിപ്രത്യയങ്ങൾ ചേരുന്ന ആദേശരൂപം നാമപ്രകൃതിയാകയാൽ അതിന്നു സ്വതന്ത്രപ്രയോഗമില്ല. സപ്തമി, ഷഷ്ഠി, ചതുൎത്ഥി എന്നീ വിഭക്തികളുടെ അൎത്ഥത്തിൽ പ്രയോഗിച്ച ആദേശരൂപത്തെ അതതു വിഭക്തിയുടെ **ആഭാസം** എന്നു പറയും.*

2. ക്രിയാവ്യാപാരം നടക്കുന്ന സ്ഥലത്തേയും കാലത്തേയും കാണിക്കുന്ന ത്തുപ്രത്യയം സപ്തമ്യാഭാസവും ഷഷ്ഠിയുടെ അൎത്ഥത്തിൽ വരുന്ന ഇൻപ്രത്യയം ഷഷ്ഠ്യാഭാസവും ആകും.

സപ്തമ്യാഭാസം — a. ദിക്കു—അകത്തു ചെന്നു, പുറത്തു ഓടി, നിലത്തു വീണു, രാജ്യത്തെത്തി.

b. കാലം — കാലത്തുണൎന്നു, തക്കസമയത്തു വന്നു.

ഷഷ്ഠ്യാഭാസം – ആട്ടിൻ പാല്, പശുവിൻ നെയ്യ്, പൊന്നിൻ പാത്രം, എൻമനം, നിൻമുഖം.

140. 1. ദിക്കാലവാചികളായി മകാരാന്തമല്ലാത്ത ചില നാമങ്ങളോടു ചേൎന്നു വരുന്ന അത്തു സപ്തമ്യാഭാസമാകുന്നു.

അടുപ്പത്തു, അരങ്ങത്തു, ഇരുട്ടത്തു, ഇറയത്തു, ഇവിടത്തു, (ഇവിടുത്ത). ഒടുക്കത്തു, കടവത്തു, കാററത്തു, കൊമ്പത്തു, ചെകിടത്തു, തണലത്തു, താഴത്തു, തുഞ്ചത്തു, തെരുവത്തു, തെമ്പത്തു, തോളത്ത്, നിലാവത്തു, നെഞ്ചത്ത്, നെഞ്ഞത്തു, പകലത്തു, പറമ്പത്തു, മഞ്ഞത്തു, മറയത്തു, മഴയത്തു, മാറത്തു, മാവ്ത്തു, മുക്കത്തു, വക്കത്തു, വയററത്തു, വെയിലത്തു, വിളക്കത്തു.

ആദേശരൂപങ്ങളോടു വിഭക്തിപ്രത്യയങ്ങൾ ചേരുമ്പോലേ അത്തുപ്രത്യയാന്തരൂപങ്ങളോടു ചേരുകയില്ല. ഇതു കൊണ്ടു ഇവ രണ്ടും ഭിന്നപ്രത്യയങ്ങൾ ആകുന്നു.

2. ആംപ്രത്യയാന്തപൂരണികളോടു സൎവ്വനാമങ്ങൾ ചേ

---

*ആദേശരൂപങ്ങളെ തന്നെ സ്വതന്ത്രവിഭക്തിയായി കാരകാൎത്ഥത്തിൽ പ്രയോഗിച്ചിരിക്കയാൽ വിഭക്ത്യാഭാസമായി ഗണിക്കേണമെന്നില്ല. എന്നാൽ അത്തു മുതലായ പ്രത്യയങ്ങൾ വിഭക്ത്യാഭാസങ്ങൾ തന്നെ.

ന്നു പൂരണീനാമങ്ങൾ ജനിക്കുമ്പോൾ പ്രത്യയത്തിന്നും സൎവ്വനാമത്തിന്നും ഇടയിൽ അത്തേ ആഗമം വരും. (18.1.)

ഒന്നാം + അവൻ = ഒന്നാം + അത്തേ + അവൻ = ഒന്നാമത്തേവൻ, ഒന്നാമത്തേവൾ, ഒന്നാമത്തേതു.

3. ത്തു, അത്തു പ്രത്യയങ്ങളിൽ അവസാനിക്കുന്ന രൂപങ്ങളോടു് ഏപ്രത്യയം ചേൎന്നാൽ അവ നാമവിശേഷണങ്ങളാകും.

ഒടുക്കത്തേ കഥ, താഴത്തേ സ്ഥിതി, ഒരാണ്ടത്തേ അനുഭവം, ഇപ്പോഴത്തേ അവസ്ഥ, ഇവിടത്തേ വൃത്താന്തം, നടയത്തേ പൊടി, നടേത്തേപ്പുറം, നെഞ്ഞത്തേ എല്ലു, മുററത്തേ മുല്ല, ഏഴു മാസത്തേ കിടാവു, അന്നേത്തേ ദിവസം, ഇത്ര നാളത്തേ ബന്ധുക്കൾ, അവിടത്തേ, ഇന്നേത്തേ.

4. തെക്കർ ഈ നാമവിശേഷണങ്ങളെ അനുകരിച്ചു സംഭാവനയോടും അത്തേപ്രത്യയം ചേൎക്കും.

ചേൎത്തലത്തേ, ആയാലത്തേ.

5. ത്തുപ്രത്യയാന്തരൂപം സമാസപൂൎവ്വപദമായ്വരും.

i. കപിലത്തരചൻ, അന്നനടത്താൾ, പൊന്നിറത്താൾ ഇത്യാദി രാമചരിതപ്രയോഗങ്ങൾ ഇപ്പോൾ നടപ്പില്ല.

ii. വലത്തുകൈ, ഇടത്തുഭാഗം, ആയിരത്തഞ്ചു.

iii. ഏലത്തരി, കുവലത്തില.

iv. എത്രത്തോളം, പ്രസവത്തോളം, ഒരു കൊല്ലത്തോളം.

141. 1. സപ്തമിയോടു് ഏപ്രത്യയം ചേൎത്താൽ 'അതിലുള്ള' എന്ന അൎത്ഥം കിട്ടും. ഈ സപ്തമ്യാഭാസം നാമവിശേഷണമായ്വരും.

കാട്ടിലേ ആന, നാട്ടിലേ വൎത്തമാനം, വീട്ടിലേ കാൎയ്യം, വിഷ്ണുവിങ്കലേ ഭക്തി, ബാല്യത്തിലേ അഭ്യാസം, വെള്ളത്തിലേ പോള.

2. സപ്തമിയോടും ആദേശരൂപത്തോടും ഏക്കുപ്രത്യയം ചേൎത്താൽ 'അതിന്റെ നേരേ' എന്ന അൎത്ഥമുള്ള ചതുൎത്ഥ്യാഭാസമുണ്ടാകും.

a. നാട്ടിൽ+ഏക്കു=നാട്ടിലേക്കു, കാട്ടിലേക്കു, വെള്ളത്തിലേക്കു. ഇതു ഗമനക്രിയകളോടു ചേൎന്നു ലക്ഷ്യാൎത്ഥം കാണിക്കും. വീട്ടിലേക്കു പോയി=വീട്ടിനെ ലക്ഷ്യമാക്കി പോയി=വീട്ടുള്ള ദിക്കിനെ നോക്കി അതിന്റെ നേരെ ചെന്നു.

b. ദേശത്തെക്കു, രാജ്യത്തെക്കു.

3. ദിക്കാലനാമങ്ങളുടെ സപ്തമിയോട് അത്തേപ്രത്യയം ചേൎത്തു നാമവിശേഷണങ്ങളെ ഉണ്ടാക്കും.

മുമ്പിലത്തെ (മുമ്പിലെത്തെ), പിമ്പിലത്തെ, രാവിലെത്തെ.

മുമ്പിലേ + അത്തെ എന്നിരിക്കെ ഏപ്രത്യയത്തിന്നു ഹ്രസ്വവും അത്തേപ്രത്യയത്തിന്റെ അകാരത്തിന്നു ലോപവും വരും.

4. ദിഗ്ദേശനാമങ്ങളോട് ഏപ്രത്യയം ചേൎന്നു മാൎഗ്ഗം എന്ന അൎത്ഥം കാണിക്കും.

കിഴക്കെ, പടിഞ്ഞാറെ, വഴിയേ, ചുവടേ, കീഴേ, മീതേ, പിന്നേ, പിമ്പേ, അരികെ, അകലേ ഇത്യാദി ക്രിയാവിശേഷണങ്ങളായ അവ്യയങ്ങളാകുന്നു.

പരീക്ഷ 139—141.

1. വിഭക്ത്യാഭാസമെന്തെന്നു വിവരിച്ചുദാഹരിക്കുക. 2. വിഭക്തിക്കും വിഭക്ത്യാഭാസത്തിന്നും തമ്മിൽ ഭേദം എന്തു? 3. ത്തു, അത്തു എന്ന പ്രത്യയങ്ങൾ തമ്മിൽ ഭേദം എന്തു? 4. ക്രുത്തരങ്ങത്തു പുക്കു; വെളിച്ചത്തു കാട്ടുന്നു; കാലത്തെ നേരത്തെ എഴുന്നീല്ക്കും; കടവത്തെത്തും; മുക്കത്തു കൈ വെച്ചു; ചെമ്പിൻ പാവു; ധാതാവിന്നതുല്പാട്ടു. ഇവയിലേ വിഭക്ത്യാഭാസങ്ങളെക്കാണിച്ചു വിശേഷവിധികളെ വിവരിക്കുക.

ജ്ഞാപകം. ഗതികളെ വാക്യകാണ്ഡത്തിൽ വിഭക്ത്യൎത്ഥങ്ങളെ വിവരിച്ച ശേഷം പറയും.

II. ധാത്വധികാരം.

1. ധാതുസ്വരൂപം.

142. 1. **അനേകവാക്കുകളിൽ സമമായുള്ളതും രൂപത്തിലും അൎത്ഥത്തിലും ഒക്കുന്നതുമായ ഭാഗം ആകുന്നു ധാതു.** ഒരു പദത്തിലേ പ്രത്യയങ്ങളെല്ലാം നീക്കിയ ശേഷം വിഭജിപ്പാൻ കഴിയാത്ത ഭാഗം ധാതുവാകയു കൊണ്ടു് അതിനെക്കാൾ ചെറുതായ രൂപം ഭാഷയിൽ ഉണ്ടായിരിക്കയില്ല.

പോകുന്നു, പോയി, പോകും, പോയാൽ, പോവാൻ, പോകേണം, പോ-

കാഞ്ഞു, പോകും, പോകുന്നു, പോക്കി, പോക്കിയാൽ മുതലായ ശബ്ദങ്ങൾക്കു അർത്ഥത്തിലും രൂപത്തിലും തുല്യമായ പോ എന്ന ഭാഗം **ധാതു**വാകുന്നു.

പോ എന്നതിന്റെ പകാരത്തിൽ നിന്നോ ഓകാരത്തിൽ നിന്നോ ഗമനാർത്ഥമുള്ള അംശം കിട്ടാത്തതു കൊണ്ടു പോവിനെക്കാൾ ചെറുതായ രൂപം ഇല്ല.

വ്യാകരണം പദങ്ങളെ ധാതുപ്രത്യയങ്ങളാക്കിപ്പിരിച്ച് ഓരോന്നിന്റെ അർത്ഥം നിർണ്ണയിക്കും. ഇങ്ങനെ വിഭജിച്ച് അർത്ഥം പറവാൻ കഴിയുന്ന പദങ്ങൾ **വ്യുൽപന്നശബ്ദങ്ങളും** കഴിയാത്തവ **അവ്യുൽപന്നശബ്ദങ്ങളും** ആകുന്നു (103. 2). ഈ ക്രമത്തെ അനുസരിച്ചു ധാതുക്കളെയും രണ്ടു വിധമായ്ത്തരം തിരിക്കും.

2. ധാതുക്കളെ ആഖ്യാതരൂപങ്ങളായി ഉപയോഗിപ്പാൻ അവയോടു തിങ്പ്രത്യയങ്ങളെ ചേർക്കുന്നതിന്നു അവക്കുണ്ടാകുന്ന രൂപാന്തരമാകുന്നു **പ്രകൃതി**. ധതുക്കളിലേ വർണ്ണങ്ങൾ മാറിയും അവയോടു വർണ്ണങ്ങൾ ചേർന്നും പ്രകൃതികൾ ജനിക്കും. പ്രകൃതിയുണ്ടാക്കാൻ ചേർക്കുന്ന വർണ്ണയോഗങ്ങളെ **വികരണങ്ങൾ** എന്നു പറയും. വികരണം കൂടാതെ ഉളവാകുന്ന പ്രകൃതി **ലുപ്തവികരണം** ആകുന്നു. പ്രകൃതിനിഷ്പത്തിക്കായി ചേർന്ന വികരണം ലോപിച്ചു ധാതുരൂപം മാറിയതാകുന്നു ലുപ്തവികരണം. വികരണത്തിന്നു അർത്ഥമില്ല; ധാതുരൂപം മാറ്റുന്നതു വികരണത്തിന്റെ പ്രവൃത്തി.

ധാതു, പ്രകൃതി, പ്രത്യയം എന്നീ ഭാഗങ്ങൾ വ്യാകരണം ശബ്ദനിഷ്പത്തിയെ വിവരിപ്പാൻ ചെയ്യുവയാകയാൽ അവകൾ തനിച്ചു നിത്യവ്യവഹാരത്തിൽ പ്രയോഗമില്ല. അതു കൊണ്ടു അവയെ **അലൌകികശബ്ദങ്ങൾ** എന്നു പറയും. അണുക്കളുടെ സംയോഗത്താൽ വിശ്വം ആവിർഭവിച്ചു എന്നു രസതന്ത്രവും ധാതുക്കൾ ചേർന്നു ഭാഷയുണ്ടായി എന്നു ഭാഷാശാസ്ത്രവും സമർത്ഥിക്കുന്നു. ദ്രവ്യത്തിന്റെ മൂലതത്വം അണുക്കളാകുന്നതു പോലെ ഭാഷയുടെ മൂലം ധാതുവാകുന്നു.

143. 1. ആഖ്യാതമായ്ത്തീരുന്ന ധാതു **ആഖ്യാതധാതുവും** ആഖ്യ, ആഖ്യാതം മുതലായവയോടു ചേർന്നു അർത്ഥവിശേഷങ്ങളെ ദ്യോതിപ്പിക്കുന്നതു **നിർദ്ദേശകധാതുവും** ആകുന്നു. ഇവ രണ്ടിന്റേയും ചേർച്ചയാൽ ഭാഷയുണ്ടായി. പ്രത്യയ

ങ്ങൾ അവിഭജ്യങ്ങളാക കൊണ്ടു് അവയെ നിർദ്ദേശകധാതുക്കളായി ഭാഷാശാസ്ത്രം ഗണിക്കുന്നു. ഇവ രണ്ടിന്റേറയും വ്യുൽപത്തി തീർച്ചപ്പെടുത്തിയാൽ ഭാഷാശാസ്ത്രത്തിന്നു പരിപൂർത്തി വരും.

വ്യവഹാരസൌകൎയ്യത്തിന്ന് ആവശ്യമായ നവീനപദങ്ങളെ ധാതുക്കളിൽനിന്നു നിൎമ്മിക്കുമെങ്കിലും നവീനധാതുക്കളെ നിൎമ്മിച്ചതായി അറിവിൽപ്പെട്ടിട്ടില്ല. ഭാഷകളിലേ അന്യഭാഷാപദങ്ങളെ വിട്ടിട്ട് അനാദിയായ മൂലപദങ്ങളെ ധാതുപ്രത്യയങ്ങളായി ഭാഗിച്ച് ഇവയുടെ രൂപാൎത്ഥസാമ്യം അറിഞ്ഞു ഭാഷകളുടെ ജന്മം നിശ്ചയിക്കാം. ദ്രാവിഡഭാഷകൾക്കു ധാതുപ്രത്യയസാമ്യം ധാരാളമുള്ളതു കൊണ്ട് അവ **സജാതീയഭാഷകൾ** ആകുന്നു. ആംഗ്ലഗീൎവ്വാണഭാഷകൾക്ക് ഈ സാമ്യം ചുരുങ്ങുമെങ്കിലും അവയും സജാതീയഭാഷകൾ തന്നെ. അസ്മി asmi = Eng. am, അസ്തി asti, Lat. est; Greek es-ti, Eng. is. ദധൌ dadhau = Eng. did. ഈ രൂപങ്ങൾക്കു വികാരങ്ങൾ വന്നിട്ടുണ്ടെങ്കിലും രൂപസാമ്യം പ്രത്യക്ഷം തന്നെ.

ഇപ്പോൾ നിർദ്ദേശകധാതുക്കളായി ഗണിച്ചിരിക്കുന്ന പ്രത്യയങ്ങൾ ഒരിക്കൽ സ്വതന്ത്രപദങ്ങളായിരുന്നു. അവ അൎത്ഥവിശേഷം കാണിപ്പാൻ മററു പദങ്ങളോടു ചേൎന്ന് ഏകാൎത്ഥീഭാവം പ്രാപിച്ച് അവയിൽ ലയിച്ചു സ്വാതന്ത്ര്യം കളഞ്ഞു ദ്യോതകങ്ങളായ്ത്തീൎന്നു. സൎവ്വനാമങ്ങൾ ലിംഗവചനപ്രത്യയങ്ങളായ്ത്തീൎന്നുവല്ലോ. (121. 3.)

കൾ, ഇ, തി, ആൽ, ഇൽ, ഉന്നു, ഉം, ഈ, ആൻ മുതലായ പ്രത്യയങ്ങളുടെ ആദ്യസ്വരൂപം എന്തെന്നു നിശ്ചയിപ്പാൻ നമുക്കു യാതൊരു മാൎഗ്ഗവും ഇല്ലല്ലോ. ഇവകൾ സ്വതന്ത്രമായി പ്രയോഗമില്ലാത്തതു കൊണ്ടും അന്യപദങ്ങളോടു ചേൎന്നാൽ മാത്രം അൎത്ഥവത്തായിത്തീരുന്നതു കൊണ്ടും അവയെ പ്രത്യയങ്ങളായി എടുക്കുന്നു. അതുകൊണ്ടു പ്രത്യയങ്ങളും വ്യുൽപന്നങ്ങളും അവ്യുൽപന്നങ്ങളുമാകുന്നു.

2. ധാതുപ്രത്യയസാമ്യമുള്ള സജാതീയഭാഷകളുടെ സമൂഹമാകുന്നു ഭാഷാഗോത്രം. ആൎയ്യഭാഷാഗോത്രം, സെമിടിൿഭാഷാഗോത്രം, ഉറാലാല്ത്താിക്‌ഭാഷാഗോത്രം മുതലായവയിൽ ഒടുവിലേ ഗോത്രത്തിൽ ചേൎന്നവയാകുന്നു ദ്രാവിഡഭാഷകൾ. ഈ ദ്രാവിഡഭാഷകളെ സ്വതന്ത്രഗോത്രമായും ചിലർ ഗണിക്കും.

ധാതുക്കളുടെ ഉത്ഭവത്തെപ്പററി മൂന്നുവിധം അഭിപ്രായങ്ങൾ ഉണ്ടു.

a. തിൎയ്യഗ്ജീവികളുടേയും മററും രോദനം മുതലായ ശബ്ദത്തെ അനുകരിച്ച മനുഷ്യർ പുറപ്പെടിച്ച ധ്വനി അതതു വസ്തുവിനെ കാണിപ്പാനുള്ള അടയാളങ്ങൾ ആയ്ത്തീൎന്നു; ഇവയാകുന്നു ഭാഷയിലേ ധാതുക്കൾ. ഇതിനെ രുതവാദം എന്നു പറയാം.

b. സുഖദുഃഖാദിമനോവികാരം ഹേതുവായി മനുഷ്യർ ഉച്ചരിക്കുന്ന അയ്യോ, ആ, ഹ, ഛീ മുതലായ വ്യാക്ഷേപകശബ്ദങ്ങളിൽ നിന്നു ധാതുക്കൾ ജനിച്ചു. ഇതു് ഉദീരതവാദമാകുന്നു.

c. മനുഷ്യർ ഒന്നിച്ചു കൂടി ഒരു പ്രവൃത്തി ചെയ്യുമ്പോൾ സ്വാഭാവികമായി പുറപ്പെടിക്കുന്ന ശബ്ദങ്ങൾ പലപ്പോഴും ആവൎത്തിക്കേണ്ടിയതു കൊണ്ടു് അവ അതതു പ്രവൃത്തിയുടെ പേരുകളായി. ഈ ശബ്ദങ്ങൾ എല്ലാവരും അംഗീകരിച്ചതു കൊണ്ടു് അവ സമുദായസ്വത്തായി എല്ലാവൎക്കും ഉപയോഗിപ്പാൻ അധികാരമുള്ള ധാതുക്കളായി. ഇതു സഹകരണവാദം.

ഭാഷകളിൽ ഈ മൂന്നു പ്രകാരത്തിലും ഉൽപന്നമായ പദങ്ങൾ ഉണ്ടെന്നു കാണിക്കാം. മൂന്നാം അഭിപ്രായപ്രകാരം വിവരിക്കാവുന്ന പദങ്ങൾ അത്യധികമാകയാൽ മൂന്നാം സിദ്ധാന്തത്തെ സയുക്തികമെന്നു വിചാരിച്ചു് അതിനെ ഭൂരിപക്ഷം അംഗീകരിക്കുന്നു. സംസ്കൃതധാതുക്കൾ ഇതിനെ ഉറപ്പിക്കും.

144. 1. ഭാഷാധാതുക്കളുടെ അൎത്ഥം വാക്യത്തിലേ പ്രയോഗം കൊണ്ടു നിശ്ചയിക്കേണ്ടതാകുന്നു. സംസ്കൃതധാതുക്കളെല്ലാം ക്രിയാവാചികളാകുന്നു.

ഉദാ. അടി, ആട്ട, ഇടി, മുറി, പട, പെരു. 'അവിടെ അടി ഉണ്ടായി എന്നതിൽ അടി നാമവും 'അവനെ അടി' എന്നതിൽ അതു ക്രിയയും ആകും.

2. ഭാഷാധാതുക്കളെ നാമങ്ങളായും നാമവിശേഷണങ്ങളായും ക്രിയകളായും ക്രിയാവിശേഷണങ്ങളായും ഉപയോഗിക്കും.

നാമം — അടി, മുറി, വള, കടി, തല, കള, എരു, തീ, കറ്, മേയ്.

ക്രിയ — ചെയ്യ, തീൻ, കേൾ, കടിക്ക, ഇരി, നട, കൊട്ട, എട്ട.

നാമവിശേഷണം — മറ(കുട), നന്മൊഴി കരു(മീൻ), ഇള(ന്നീർ), ഇള(കുറ), പഴ(ന്തുണി).

ക്രിയാവിശേഷണം — എല്ലുമുറിയെ പണിതാൽ പല്ലുമുറിയെ തിന്നാം.

3. ക്രിയാവാചകധാതുക്കൾ ഫലവ്യാപാരങ്ങളെക്കാണിക്കും.

'പോകുന്നു' — നിന്ന സ്ഥലത്തു നിന്നു കാൽ ഉയൎത്തി നിലത്തു വെക്കുമ്പോൾ തന്നെ മറേറക്കാലും ഉയൎത്തി വെക്കുന്നു. അപ്പോൾ ശരീരം മുഴുവനും പൃഷ്ഠ

സ്ഥാനം വിട്ടു പോകുന്നു. പോകുന്നു എന്നതു കർത്താവിന്റെ പ്രവൃത്തിയെ കാണിക്കുന്നു. ഈ വ്യാപാരത്താൽ നിന്ന സ്ഥലം വിട്ടു മറ്റൊരു സ്ഥലത്തു് എത്തുന്നതു വ്യാപാരത്തിന്റെ ഫലം ആകുന്നു. അതു പോലെ കളിക്കു, വെക്കുക, ഭക്ഷിക്ക മുതലായ ക്രിയാപദങ്ങൾ കാണിക്കുന്ന വ്യാപാരവ്യക്തികളെ വിവരിച്ചു കാണിക്കുക. ഈ വിവരങ്ങൾ സൂക്ഷിച്ചു് അറിഞ്ഞാൽ വിവരണത്തിലും വർണ്ണനയിലും സാമർത്ഥ്യം സമ്പാദിക്കാം.

4. ശരീരത്തിന്റെയോ അവയവങ്ങളുടെയോ ചലനം, ഗതി മുതലായവയാൽ പ്രത്യക്ഷമായ്വരുന്ന വ്യാപാരത്തെ ചേഷ്ട എന്നു പറയും.

അറിയുക, ഓർമ്മിക്ക, ഗ്രഹിക്ക, ബോധിക്ക മുതലായ മാനസികക്രിയകൾക്കു ബാഹ്യചേഷ്ടകൾ ഇല്ലാത്തതു കൊണ്ടു് അവയുടെ വ്യാപാരം പ്രത്യക്ഷമല്ല. ഉറങ്ങുക, കിടക്ക, ചാക മുതലായ ക്രിയകൾ അവസ്ഥാന്തരപ്രാപ്തിയെക്കാണിക്കുന്നതു കൊണ്ടു് അവയുടേയും വ്യാപാരം പ്രത്യക്ഷമല്ല.

5. ദ്രവ്യം, ഗുണം, സ്ഥിതി എന്നിവയിൽ മാറ്റം ഉണ്ടാകുന്നതാകുന്നു **വ്യാപാരം**. ഒരു വ്യാപാരത്തിന്നു മറ്റൊരു വ്യാപാരത്തേയും മാറ്റുവാൻ കഴിയും. ഈ മാറ്റം അവസ്ഥാന്തരപ്രാപ്തിയും ആകും.

'കോതമ്പം പൊടിക്കുന്നു' എന്നതിൽ നിന്നു പൊടിക്കുക എന്ന വ്യാപാരത്താൽ മാറ്റം ഉണ്ടായിട്ടു കോതമ്പം പൊടിയായ്ത്തീരുന്നു എന്നു് അറിയാം. 'അവന്റെ മുഖം കറുത്തു' എന്ന വാക്യത്തിൽ നിന്നു മുഖത്തിൽ മുമ്പുള്ള ഗുണം പോയിട്ടു കറുത്ത നിറം ഉണ്ടാകുന്നു എന്ന അർത്ഥം കിട്ടുന്നതു കൊണ്ടു ഗുണത്തെ ക്രിയ മാറ്റും. 'വെള്ളം കാച്ചുന്നു' വെള്ളത്തിൽ ഉള്ള തണുപ്പു് എന്ന സ്ഥിതിയെ മാറ്റി ചൂടു് എന്ന വേറൊരു സ്ഥിതി വരുത്തുന്നു എന്നു് അർത്ഥം. 'ഓടുന്ന കുട്ടിയെ നിറുത്തി' കുട്ടിയുടെ ഓട്ടമെന്ന വ്യാപാരത്തെ നിറുത്തുക എന്ന മറ്റൊരു വ്യാപാരത്താൽ മാറ്റി. കുട്ടി ഉറങ്ങുന്നു, കുട്ടി ജാഗ്രദവസ്ഥയെ വിട്ടു നിദ്രാവസ്ഥയെ പ്രാപിക്കുന്നു.

145. 1. വ്യാപാരത്തിന്റെ ഫലം കർത്താവിൽ ചേർന്നു നില്ക്കുന്നുവെങ്കിൽ ക്രിയ **അകർമ്മകവും** അതു് അന്യനിൽ സങ്ക്രമിക്കുന്നുവെങ്കിൽ ക്രിയ **സകർമ്മകവും** ആകും.

നാം ഈശ്വരനെ ആരാധിക്കുന്നു. നിങ്ങൾ മാതാപിതാക്കന്മാരെ സദാ

ബഹുമാനിപ്പിൻ. സത്യം നിൎഭയമായിപ്പറ. അസത്യം വിട്ടുകളക. അന്യായം പ്രവൃത്തിക്കൊല്ലാ.

ഇവയിലെ കൎത്താവു, കൎമ്മം, ക്രിയ എന്നിവയുടെ സ്വഭാവം പറക.

2. കൎത്താവു ക്രിയയുടെ **ആശ്രയവും** കൎമ്മം അതിന്റെ **വിഷയവും** ആകുന്നു.

കുട്ടി പാഠം പഠിക്കുന്നു എന്നതിൽ കൎത്താവായ കുട്ടി പഠിക്കുക എന്ന ക്രിയയുടെ ആശ്രയവും കൎമ്മമായ പാഠം വിഷയവും ആകുന്നു.

3. ക്രിയയുടെ ആശ്രയവും കൎമ്മവും ആയിരിക്കുന്ന പ്രഥമയോട് അന്വയിക്കുന്ന ക്രിയകളെ **കൎമ്മകൎത്തൃക്രിയകൾ** എന്നു പറയും.

പാത്രം ഉടഞ്ഞു. അരി പൊടിയുന്നു. കപ്പൽ പൊളിയും. ഇവയിലെ അകൎമ്മകക്രിയകൾ പാത്രം, അരി, കപ്പൽ എന്ന കൎത്തൃപദങ്ങളോട് അന്വയിക്കുന്നു. ക്രിയകളുടെ ഫലമായ ഉടവു, പൊടി, പൊളിയൽ എന്നിവ കൎത്താക്കളിൽ തന്നെ ഫലിക്കയും ചെയ്യുന്നതു കൊണ്ടു ക്രിയകളുടെ കൎത്താവും കൎമ്മവും ഒരു വസ്തുവിൽ തന്നെ ഇരിക്കുന്നു. ഈ കൎമ്മകൎത്തൃക്രിയകളുടെ കൎത്താവ് അചേതനവസ്തുവായിരിക്കും. ഇവ പ്രായേണ ഉകവികരണത്തിൽ അവസാനിക്കും.

a. അകാരാന്തധാതുക്കൾ — അടയുക, ഇണയുക, കറയുക, തിരയുക, തിളയുക, തുളയുക, തുഴയുക, നിറയുക, നരയുക, പുകയുക, വലയുക, വളയുക.

b. ഇകാരാന്തധാതുക്കൾ — ഉരിയുക, എരിയുക, കഴിയുക, ചുഴിയുക, ചൊറിയുക, തെളിയുക, തൊലിയുക, പണിയുക, പിരിയുക, പൊടിയുക, പൊളിയുക, മുടിയുക, മുറിയുക.

c. വ്യഞ്ജനാന്തധാതുക്കൾ — ഇളകുക, അലരുക, അഴലുക, ഉരുളുക, കീറുക, കൂനുക, കൂമ്പുക, കൂട്ടുക, കുളിരുക, മുഴലുക, മുഴറുക, മലരുക.

4. ക്രിയ കാണിക്കുന്ന വ്യാപാരം സംഭവിച്ചിട്ടുണ്ടെന്നു മാത്രം കാണിക്കുന്ന ക്രിയകളുടെ കൎത്താവു പ്രഥമയിൽ വരാതെ ചതുൎത്ഥിയിൽ ചിലപ്പോൾ വരും. ഈ വിധം ക്രിയകളെ **നിഗീൎണ്ണകൎത്തൃകക്രിയകൾ** എന്നു പറയും.

കുട്ടിക്കു പനിക്കുന്നു. എനിക്കു ദാഹിക്കുന്നു. കുഞ്ഞന്നു വിശന്നു. പണിക്കാരന്നു പോകാം. കുംഭകൎണ്ണന്നുറങ്ങണം. അവളെ എത്തീല യതാതിക്കു. cf methinks, meseems.

146. 1. സംസ്കൃതത്തിൽ എന്ന പോലെ ഭാഷയിലും ധാതുക്കൾ പ്രായേണ ഏകാക്ഷരങ്ങളാകുന്നു.

ആ, ഇർ, ഇല്, ഈർ, ഉൺ, ഉൾ, ഊർ, എഴ്, എട്, ഓട്, എയ്, കൊല്, കൂട്, ചാ, ചാട്, തർ, തല്, തീർ, പോ, പൂ, മൂ, വർ, വീയ്.

2. ദീൎഘസ്വരമുള്ള ധാതു ദീൎഘധാതുവും ഹ്രസ്വമുള്ളതു ഹ്രസ്വധാതുവും ആകുന്നു.

ദീൎഘധാതു:—ആക്, ഈൺ, ഈർ, ഏല്, കാൺ, ചാ, ചായ്, താഴ്, നീൾ, പൂ, മൂ, വീഴ്.

ഹ്രസ്വധാതു:—അകല്, ഇളക്, ഉരുൾ, കലങ്ങ്, തുടർ, പൊരുത്, വളർ, ഉയർ, കയറ്.

3. ഹ്രസ്വധാതുക്കളിൽ അനേകം സ്വരങ്ങളുണ്ടായിരിക്കാം. ദീൎഘധാതുക്കളിൽ ഒരു സ്വരം മാത്രമേ ഉണ്ടാകയുള്ളൂ. അതിന്നും ചിലപ്പോൾ ഹ്രസ്വം വരും.

കാൺ — കണ്ടു. ചാ — ചത്തു. നോക — നൊന്തു. വേക — വെന്തു.

4. ഈ ദൃഷ്ടാന്തങ്ങളിൽ നിന്നു ധാതുക്കളുടെ ദീൎഘം ആഗന്തുകമെന്നു ചിലർ അഭിപ്രായപ്പെടുന്നു. സന്ധിയിൽ വിവരിച്ച ആ, ഈ, ഊ, ഏ, ഓ, ഐ, ഔ ഇവയുടെ ഉത്ഭവത്തെ നോക്കുക. (80. 3.)

147. 1. ഭാഷയിലേ പെടുധാതു തമിഴിൽ പടു എന്നും കൎണ്ണാടകത്തിൽ പഡു എന്നും, തെലുങ്കിൽ ബഡു എന്നും മാറിക്കാണുന്നതു കൊണ്ടു ധാതുക്കളുടെ ആദ്യരൂപം നിൎണ്ണയിപ്പാൻ അന്യഭാഷാജ്ഞാനം അവശ്യം വേണം. ഭാഷയിലും ധാതുവൎണ്ണങ്ങൾ മാറിക്കാണുന്ന പ്രകൃതികളെ ലുപ്തവികരണങ്ങൾ എന്നു പറയും. (142, 2.)

ധാതുസ്വരവികാരങ്ങളെ ഉദാഹരിക്കുന്നു.

a. ഇ — എ, തിളങ്ങു — തെളങ്ങു, വിൾ — വെൾ, വിള — വെള

b. ഉ — ഒ, ഉട — ഒട, ഉറ — ഒറ, പുതി — പൊതി, കുല — കൊല, കുറ — കൊറ.

ഈ ഭേദം ഉച്ചാരണം നിമിത്തം ഉളവായതാകുന്നു.

c. ഇ — ഉ, ചിര — ചുര, ഇരി — ഇരു, ചിവ് — ചുവ് — ചൊവ്.

d. അ — എ, കട്ട് — കെട്ട്, പട്ട — പെട്ട.

e. ഒ — വ, ഒല്യ — വല്യ, ഒല്ലു — വല്ലു.

f. ധാതുസ്വരദൈൎഘ്യം — നറു — നാറു, പുക — പൂക, പൊരു — പോരു

2. ധാതുക്കളുടെ അന്ത്യവ്യഞ്ജനത്തിന്നു ദ്വിത്വവും, അന്ത്യഖരത്തിന്നു മുമ്പായി സവൎണ്ണാനുനാസികത്തിന്റെ ആഗമവും, ഈ ആഗമത്തിന്നു് ഉഭയാദേശവും വരും. ഈ മൂന്നു വിധം മാറ്റത്തിന്നും സവൎണ്ണാശ്ലേഷം എന്നു പേർ.

(a) ക—ക്ക—ങ്ക—ങ്ങ. (b) ച—ച്ച—ഞ്ച—ഞ്ഞ. (c) ട—ട്ട—ൺ+ട (=ണ്ട), ണ്ണ. (d) ത—ത്ത—ന്ത—ന്ന. (e) പ—പ്പ—മ്പ—മ്മ. (f) യ—യ്യ, ല—ല്ല, റ—റ്റ, ള്—ള്ള, ന്റ.

3. അ, ഇ, ഉ എന്ന മൂലസ്വരങ്ങളോടു മേൽ കാണിച്ച സംയോഗങ്ങൾ ചേൎന്നു വികരണങ്ങൾ ഉണ്ടാകും.

ദ്വിത്വം—ആക്—ആക്ക, ഇളക—ഇളക്ക, ഞെടു—ഞെട്ടു, തുൾ—തുള്ളു, പൊട്—പൊട്ടു, പറു്—പറ്റു.

ക്ക—കനക്ക, കൊട്ടുക്ക, മണക്ക, പഴക്ക, അടിക്ക, മുറിക്ക, വിളിക്ക, എടുക്ക, കൊടുക്ക, തടുക്ക.

ങ്ങു—അടങ്ങു, കുടുങ്ങു, ചുരുങ്ങു, തുടങ്ങു, പതുങ്ങു, വിളങ്ങു, ഒരുങ്ങു.

ഞ്ചു—ഉറിഞ്ചു.

ണ്ടു—ചുരണ്ടു—പുരണ്ടു.

ന്തു—മടന്തു.

ന്നു—പൊരുന്നു.

മ്പു—തുളുമ്പു, ചെതുമ്പു, തേമ്പു.

4. അർ, അൽ, അൾ, കു, തു എന്നിവയെ ചില ധാതുക്കളോടു ചേൎത്തു ക്രിയാപ്രകൃതികൾ ഉണ്ടാക്കും.

അർ—വളർ, തൊടർ, തികർ, അടർ, ഇടർ.

അൽ—ചുഴൽ.

അൾ—വറൾ, തിരൾ, ഇരുൾ.

കു—തിരു—തിരുകു, പഴകു, പൊരുകു, പൊളുകു.

5. ക്ക എന്ന വികരണത്തിൽ അവസാനിക്കുന്നവ ബലക്രിയകളും ശേഷമുള്ളവ അബലക്രിയകളും ആകുന്നു.

അബലക്രിയ. പോക, വരിക, തങ്ങുക, അടങ്ങുക, ഇഴയുക, വാങ്ങുക.

ബലക്രിയ. പോക്ക, ആട്ടുക്ക, തട്ടുക്ക, കൊടുക്ക, അടക്ക, പിടിക്ക.

148. അവ്യുൽപന്നധാതുസ്വഭാവം വിവരിച്ചു കഴിഞ്ഞു. ഇനി

വ്യുൽപന്നധാതുക്കളായ പ്രയോജകധാതുക്കൾ, സമഭിഹാരക്രിയകൾ, നാമധാതുക്കൾ, ഭാഷീകൃതസംസ്കൃതധാതുക്കൾ എന്നിവയെ വിവരിക്കും.

ഈ നാലു വിധം വ്യുൽപന്നധാതുക്കൾ അർത്ഥത്തെ ആശ്രയിച്ചുണ്ടായ ഭാഗങ്ങൾ ആകുന്നു. ബലാബലപ്രകൃതിഭേദം വ്യുൽപന്നധാതുക്കളിലും ഉണ്ടു.

(a) പ്രയോജകപ്രകൃതികൾ.

149. 1. മററുള്ളവരുടെ സാഹായ്യം, ആനുകൂല്യം, പ്രേരണം മുതലായവ ഇല്ലാതെ തന്റെ ഇഷ്ടം പോലെ വ്യാപാരം ചെയ്യുന്നവൻ സ്വതന്ത്രകർത്താവു് ആകുന്നു.

'കുട്ടി പാൽ കുടിക്കുന്നു' എന്ന വാക്യത്തിൽ കുട്ടിക്കു് ഇഷ്ടം പോലെ പാൽ കുടിപ്പാനും കുടിക്കാതിരിപ്പാനും കഴിയുന്നതു കൊണ്ടു കുട്ടി സ്വതന്ത്രകർത്താവു് ആകുന്നു. 'അമ്മ കുട്ടിയെപ്പാൽ കുടിപ്പിക്കുന്നു' ഈ വാക്യം കുട്ടിക്കു് ഇഷ്ടം പോലെ പ്രവൃത്തിച്ചു കൂടാ എന്നും അമ്മയുടെ ആജ്ഞ അനുസരിച്ചു പാൽ കുടിക്കാതിരിപ്പാൻ നിർവ്വാഹമില്ലെന്നും കാണിക്കുന്നു. ഒന്നാം വാക്യത്തിൽ സ്വതന്ത്രനായ കുട്ടി രണ്ടാം വാക്യത്തിൽ പരതന്ത്രനായി.

കുട്ടി പാൽ കുടിക്കുന്നതിൽ അമ്മ അനുകൂലിക്കുന്നതു കൊണ്ടു് അധികം കർത്തൃത്വം ഉള്ള കാരണം അമ്മശബ്ദം പ്രഥമാന്തം ആയ്തുന്നു. കുട്ടി പാൽ കുടിക്കുന്നതു കൊണ്ടു് അവനും കർത്താവു തന്നെ എങ്കിലും സ്വതന്ത്രനല്ല. കുടിപ്പിക്കുന്നു എന്ന ക്രിയക്കുള്ള രണ്ടു കർത്താക്കളിൽ അമ്മയെ **പ്രയോജകകർത്താവു്** എന്നും കുട്ടിയെ **പ്രയോജ്യകർത്താവു്** എന്നും പറയും. കർത്താക്കൾ തമ്മിലുള്ള ഭേദം നിമിത്തം കുടിക്ക എന്നതിനെ **കേവലപ്രകൃതി**യെന്നും കുടിപ്പിക്ക എന്നതിനെ **പ്രയോജകപ്രകൃതി**യെന്നും പറയും.

2. ഒരു വ്യാപാരം ചെയ്യുന്ന രണ്ടു കർത്താക്കളിൽ ഒരുവൻ മററവനു് അനുകൂലമായി പ്രവൃത്തിക്കുന്നു എന്നു തോന്നിപ്പിക്കുന്ന ക്രിയയെ പ്രയോജകക്രിയയെന്നും ഹേതുക്രിയയെന്നും പറയും.

3. പ്രയോജകൻ പ്രയോജ്യന്റെ വ്യാപാരത്തിന്നു് അനുകൂലിക്കുന്നതു പ്രവർത്തനം അല്ലെങ്കിൽ പ്രേരണം. പ്രവൃത്തി ചെയ്വാനുള്ള കാരണം പ്രവർത്തനം.

പ്രസംഗാനുസാരമായി പ്രവർത്തനപദത്തിന്നു പല ഭേദങ്ങൾ ഉണ്ടു. ഭൃത്യാദികളെ പ്രവൃത്തിപ്പിക്കുന്നതു പ്രേരണയും, സമനെയോ ഉൽകൃഷ്ടനെയോ

പ്രേരിപ്പിക്കുന്നതു് അദ്ധ്യേഷണയും ആകുന്നു. പ്രാൎത്ഥന, അഭ്യൎത്ഥന, യാചന എന്നിവ അദ്ധ്യേഷണയിൽ അടങ്ങും. അനുമതി, അനുമോദനം, അനുവാദം, ആജ്ഞാപനം, ഉപദേശം, പ്രോത്സാഹനം, ശാസനം മുതലായ പരപ്രേരണാവാചകങ്ങൾക്കും അൎത്ഥം പ്രവൎത്തനം തന്നെ. ധൎമ്മം വിധിക്കുന്ന വേദവാക്യത്തെ വിധിയെന്നും വിധി ഉപദേശിക്കുന്ന ധൎമ്മത്തെ ചോദന എന്നും പറയും.

150. 1. അകൎമ്മകക്രിയകളിൽ നിന്നു ജനിക്കുന്ന സകൎമ്മകക്രിയകൾക്കു രണ്ടു കൎത്താക്കൾ ഇല്ലെങ്കിൽ അവ ഹേതുക്രിയകൾ ആകയില്ല. ഇവയെ പ്രാപ്തകൎമ്മകക്രിയകൾ എന്നു പറയും.

വളയുക — വളക്കു; മുങ്ങുക — മുക്കുക; താഴുക — താഴ്ത്തുക; ഉടയുക — ഉടക്കു.

2. അബലക്രിയകളെ ബലക്രിയകളാക്കിയാൽ അവ പ്രാപ്തകൎമ്മകങ്ങളാകും. അ, ഇ, ഉ, ക്, യ്, ർ എന്നിവയിലവസാനിക്കുന്ന ധാതുക്കളുടെ ക, ഉക എന്ന വികരണത്തിന്റെ സ്ഥാനത്തു ക്കു ചേൎത്താൽ അബലക്രിയകൾ സകൎമ്മകങ്ങളാകും.

അ — തഴയുക — തഴക്കു, നിറയുക — നിറക്കു.

ഇകാരാന്തധാതുക്കൾ — അലിയുക — അലിക്കു; അവിയുക; അഴിയുക; ഉമിയുക; ഉരിയുക; ഉഴിയുക; എരിയുക; ഒഴിയുക; ഒലിയുക; ഒളിയുക; കഴിയുക; കിഴിയുക; കനിയുക; കമിയുക; കവിക; കഴിയുക; ചുളിയുക; ചുഴിയുക; ഞെളിയുക; തിരിയുക; തൊഴിയുക; പടിയുക; പതിയുക; പറിയുക; പൊളിക; പൊളിക; പൊടിയുക; പൊരിയുക; പൊഴിയുക; മറിയുക; മുടിയുക; മുഷിയുക.

ഉകാരാന്തധാതുക്കൾ — അറുക — അറുക്കു. അഴുകുക, ഒഴുകുക, കറുകുക, കെട്ടുക, ചിരകുക, ചൊരുകുക, പുകുക, പുതുകുക, മുറുക.

കകാരാന്തങ്ങൾ — ആകുക, ഇളകുക, ഉരുകുക, കറുകുക, ക്രുകുക, (ക്രുവുക), ചിരകുക, ചൊരുക, ചീക, പുതുകുക.

യകാരാന്തം — മേയുക.

രേഫാന്തം — ഉയരുക, എതിരുക, കലരുക, കളിരുക, (കളുക്കു), ചോരുക, തകരുക, തിമിരുക, തീരുക, നീരുക, നേരുക്കു, പകരുക, പിളരുക, പുളരുക,

3. അബലക്രിയകളിലേ 'അയ്' എന്നതിന്നു 'എ' ആദേശം വരും. ഇപ്പോൾ എല്ലാ പകരം മലബാറിൽ അകാരവും മറ്റു ദിക്കുകളിൽ അയ്-ഉം എഴുതും.

അടയ്ക്കുക—അടെക്ക—അടക്ക—അടയ്ക്ക | അമയ്ക്കുക, അരയ്ക്കുക, അലയ്ക്കുക, അഴയ്ക്കുക, ഇടയ്ക്കുക, ഇണയ്ക്കുക, ഇഴയ്ക്കുക, ഉടയ്ക്കുക, ഉരയ്ക്കുക, ഉറയ്ക്കുക, ഉലയ്ക്കുക, ഉളയ്ക്കുക, ഉഴയ്ക്കുക, കിടയ്ക്കുക, കുറയ്ക്കുക, കുലയ്ക്കുക, കുഴയ്ക്കുക, ചതയ്ക്കുക, ചമയ്ക്കുക, ചുറയ്ക്കുക, തടയ്ക്കുക, തറയ്ക്കുക, തുലയ്ക്കുക, തുളയ്ക്കുക, നുരയ്ക്കുക, പിടയ്ക്കുക, പിണയ്ക്കുക, പുറയ്ക്കുക, പുനയ്ക്കുക, മറയ്ക്കുക, പരയ്ക്കുക.

ജ്ഞാപകം. അടെക്ക, ഉടെക്ക, തുലെക്ക, മറെക്ക മുതലായവയായിരുന്നു പൂർവ്വരൂപങ്ങൾ എന്നു ബെലിയുടേയും ഗുണ്ടർട്ടിന്റെയും കോശങ്ങളിൽ നിന്നു നിശ്ചയിക്കാം.

4. ങ്ങു വികരണം നീക്കി ക്കു ചേർത്താൽ പ്രാപ്തകർമ്മകക്രിയകൾ ഉണ്ടാകും.

അടങ്ങു – അടക്കു, തിങ്ങു — തിക്കു, മുങ്ങു — മുക്കു, കലങ്ങു — കലക്കു.

അതങ്ങു, അനങ്ങു, അമുങ്ങു, അചങ്ങു, ഇടുങ്ങു, ഇണങ്ങു, ഇറങ്ങു, ഇഴങ്ങു, ഉഴങ്ങു, ഉണങ്ങു, ഉറങ്ങു, ഒടുങ്ങു, ഒതുങ്ങു, ഒരുങ്ങു, കലങ്ങു, കില്പങ്ങു, കുടുങ്ങു, കുലുങ്ങു, കുഴങ്ങു, ചളുങ്ങു, ചുളുങ്ങു, ചിനങ്ങു, ചുരുങ്ങു, ചുളുങ്ങു, ഞെങ്ങു, ഞെരുങ്ങു, തിങ്ങു, തുളങ്ങു, തുങ്ങു, തേങ്ങു, നടങ്ങു, നിരങ്ങു, നീങ്ങു, നുറങ്ങു, പതുങ്ങു, പിണങ്ങു, പിതുങ്ങു, പുഴങ്ങു, പുഴുങ്ങു, പെരുങ്ങു, പൊങ്ങു, മടങ്ങു, മയങ്ങു, മരുങ്ങു, മിനുങ്ങു, മെരുങ്ങു, വണങ്ങു, വിളങ്ങു.

5. അന്ത്യടറകാരങ്ങൾക്കു ദ്വിത്വം വന്നു് അകർമ്മകക്രിയകൾ സകർമ്മകങ്ങൾ ആകും.

ടകാരാന്തം. ആടു — ആട്ടു, ഓടു — ഓട്ടു, കൂടു — കൂട്ടു, വാടു — വാട്ടു.

റകാരാന്തം. ആറു — ആററു, ഏറു — ഏററു, കേറു — കേററു, പാറു — പാററു.

151. സകർമ്മകധാതുക്കളോടു് ഇക്കു, പ്പിക്കു, ത്തുക എന്നീ പ്രത്യയങ്ങളിൽ ഒന്നു ചേർത്തു ഹേതുക്രിയകളെ ഉണ്ടാക്കും. അബലക്രിയകളിൽ ഇക്കുയും ബലക്രിയകളിൽ പ്പിക്കുയും ചേർന്നു ഹേതുക്രിയകൾ ഉണ്ടാകും. ഉകവികരണത്തിന്റെ മുമ്പിലുള്ള ധാതുസ്വരം താലവ്യമായാൽ യകാരവും, ഓഷ്ഠ്യമായാൽ വകാരവും, ഇക്കുപ്രത്യയത്തിന്നു മുമ്പിൽ ആഗമം

വരും. ധാത്വന്തം വ്യഞ്ജനമായാൽ സന്ധികാൎയ്യം വിശേഷിച്ചൊന്നുമില്ല.

ഉദാ. എഴുതുക — എഴുതിക്ക, ഉന്തുക — ഉന്തിക്ക, നീന്തുക — നീന്തിക്ക, ഓതുക — ഓതിക്ക.

അററുക, അരളുക, അലരുക, അലസുക, അലിയുക, അഴിയുക, ആറുക, ആളുക ഇടിയുക, ഇടുക (ഇടുവിക്ക), ഈറുക, ഉണ്ണുക, ഉന്തുക, ഉഴലുക, ഉഴിയുക, ഊതുക, ഊന്നുക, എണ്ണുക, എത്തുക, എറിയുക, ഒടിയുക, ഒട്ടുക, ഒററുക, ഒലിയുക, ഒളിയുക, ഓടുക, കക്കുക, കടയുക, കത്തുക, കരയുക, കരളുക, കവരുക, കവളുക, കളയുക, കഴകുക, കാണ്ക, കാളുക, കിഴിയുക, കുത്തുക, കുന്തുക, കലമ്പുക, കൂച്ചുക, കൂട്ടുക, കൂപ്പുക, കൂമ്പുക, കേഴുക, കൊട്ടുക, കൊത്തുക, കൊയ്യു, കൊല്ലുക, കൊളുത്തുക, കൊൾക, കോരുക, ചമയുക (ചമയിക്ക) ചവിട്ടുക, ചാടുക, ചായുക, ചാരുക, (ചാരിക്ക), (ചാൎത്തുക), ചിക്കുക, ചിതറുക, ചിന്തുക, ചിമ്പുക, ചീന്തുക, ചൂടുക (— ചൂടുവിക്ക), ചൂണ്ടുക, ചെങ്ങുക, ചെത്തുക, ചെയ്യു, ചെല്ലു, ചേരുക, ചൊട്ടുക, ചൊരിയുക, ചോരുക, ഞാലുക, ഞെട്ടുക, തണ്ടുക, തടവുക, തട്ടുക, തപ്പുക, തല്ലുക, തള്ളുക, തഴയുക, താങ്ങുക, താഴ്ത്തുക, തിക്കുക, തിരയുക, തിരക്കുക, തിരിയുക, തിരുകുക, തീണ്ടുക തുടങ്ങുക, തുന്നുക, തുമ്മുക, തുളുമ്പുക, തെററുക, തെളിയുക, തേടുക, തോണ്ടുക, തോന്നിക്ക, നക്കുക, നടുക, നടങ്ങുക, നനയുക, നാണുക, നീളുക (നീട്ടുക), നീന്തുക, നുള്ളുക, നുഴുക, നൊണ്ടുക, നോകുക, നോക്കുക, പണിയുക, പതറുക, പയററുക, പറയുക, പറിയുക, പററുക, പാടുക, പായുക, പാളുക, പുലൎത്തുക, പുളയുക (= പുളയിക്ക), പുകുക, പൂചുക, പൂട്ടുക പെടുക, (പെടുവിക്ക), പെയ്യുക, പൊട്ടുക, പൊന്തുക, പൊയ്യുക, പൊരുതുക (പൊരുവിക്ക), മണ്ടു, മറുകുക, മാന്തുക, മുട്ടുക, മുഴുകുക, മൂടുക, മൂളുക, മെതിയുക, വകയുക, വരയുക, വരുക, വററുക, വഴങ്ങുക, വാങ്ങുക, വാളുക, വാഴുക, വാഴ്ത്തുക, (വാഴ്ത്തിക്ക), വിടുക, വിലങ്ങുക, വിളയുക, വിളമ്പുക, വീയുക, വീഴുക, വെട്ടുക, വെതുമ്പുക, വേകുക, വൈകുക.

ഇക്ക ചേൎന്നിരിക്കുന്ന ചില അകൎമ്മകധാതുക്കൾ മേലുദാഹരിച്ചവയിലുണ്ടു. അവ വ്യുൽപന്നസകൎമ്മകങ്ങളാകും.

സന്ധികാൎയ്യം. a. അലി + ഇക്ക — അലിയിക്ക; ഇടു + ഇക്ക — ഇടുവിക്ക; കള + ഇക്ക — കളയിക്ക, കര — കരയിക്ക. b. ഉച്ചാരണലാഘവാൽ ഇടുവിക്ക വിടുവിക്ക മുതലായവ ഇടീക്ക, വിടീക്ക എന്നിങ്ങനെ മാറിക്കാണും.

152. 1. പ്രാപ്തകൎമ്മകങ്ങളും, സംസ്കൃതധാതുക്കളും, നാമ

ധാതുക്കൾ മുതലായ എല്ലാവിധം ബലക്രിയകളോടും 'പ്പിക്ക' ചേൎന്നു ഹേതുക്രിയകൾ ജനിക്കും.

അടുക്ക—അടുപ്പിക്ക. അയക്ക—അയപ്പിക്ക, ഏല്ക്ക—ഏല്പിക്ക, കേൾക്ക—കേൾപ്പിക്ക.

ഓടിക്ക—ഓടിപ്പിക്ക, കളയിക്ക—കളയിപ്പിക്ക.

2. പ്രാപ്തകൎമ്മകക്രിയകളിൽ ആദേശമായ്വരുന്ന എകാരം ചിലപ്പോൾ ഹേതുക്രിയകളിൽ അകാരമായ്വരും.

എകാരം—അടെക്ക—അടെപ്പിക്ക, അലെപ്പിക്ക, കറെപ്പിക്ക, തുടെപ്പിക്ക, നിലെപ്പിക്ക, പതെപ്പിക്ക, മലെപ്പിക്ക, അരെപ്പിക്ക, ഇഴെപ്പിക്ക.

അകാരം. തഴെക്ക—തഴപ്പിക്ക, തളെക്ക—തളപ്പിക്ക, തുളെക്ക—തുളപ്പിക്ക, നനെക്ക—നനപ്പിക്ക, നരെക്ക—നരപ്പിക്ക, പിഴെക്ക—പിഴപ്പിക്ക, മുളെക്ക—മുളപ്പിക്ക; വിതെക്ക—വിതപ്പിക്ക, വിറെക്ക—വിറപ്പിക്ക.

ഞെളുക—എളുപ്പുക.

3. അറിയിപ്പു, പഠിപ്പു മുതലായ കൃന്നാമങ്ങളോട് ഇക്ക ചേൎത്ത് അറിയിപ്പിക്ക, പഠിപ്പിക്ക മുതലായ ഹേതുക്രിയകളെ ഉണ്ടാക്കി എന്നു തോന്നുന്നു.

153. 1. സ്വരാന്തങ്ങളായ ചില ബലാബലക്രിയകളിലും ര്, റ്, ല്, ള്, ഴ് എന്നീ മധ്യമങ്ങളിലും ണകാരത്തിലും അവസാനിക്കുന്ന ധാതുക്കളിലും ഹേതുക്രിയകളിൽ ത്തുപ്രത്യയം വരും.

i. സ്വരാന്തങ്ങൾ — ഇരിക്ക — ഇരുത്തുക, ഉലാവുക — ഉലാത്തുക, കടക്ക — കടത്തുക; കിടക്ക — കിടത്തുക; ചുമക്ക — ചുമത്തുക; ചുരക്ക — ചുരത്തുക; തുറുക — തുറുത്തുക; നടക്ക — നടത്തുക; നികക്ക — നികത്തുക; നിരക്ക — നിരത്തുക; നിറക്ക — നിറത്തുക; പരക്ക — പരത്തുക, പിറക്ക — പിറത്തുക, വരുക — വരുത്തുക; വിടുക — വിടുത്തുക; വിരിക്ക — വിരിത്തുക;

ii. രേഫാന്തങ്ങൾ. അടർ — അടൎത്തുക; അമർ — അമൎത്തുക; ഉയർ — ഉയൎത്തുക, ഉലർ — ഉലൎത്തുക, കമിഴുക — കമിഴ്ത്തുക; കവിഴുക — കവിഴ്ത്തുക; = കമുത്തുക. കലരുക — കലൎത്തുക; കിളർ — കിളൎത്തുക; ചെല്ലു — ചെലുത്തുക; തളർ — തളൎത്തുക; തുവരുക — തുവൎത്തുക. തോരുക — തോൎത്തുക — തുവൎത്തുക; പടർ — പടൎത്തുക; പുലരുക — പുലൎത്തുക; മലരുക — മലൎത്തുക; വളർ — വളൎത്തുക.

ജ്ഞാപകം. ഇവിടെ പ്രകൃത്യന്തത്തിലേ ഉകവികരണം വിട്ടിരിക്കുന്നു.

iii. ലകാരാന്തം — നില്ക്കു — നിൽത്തുക — നിറുത്തുക; അകൽ + തുക — അകല്ത്തുക, അകററുക; കഴല്ക — കഴററുക; ഞേല്ക — ഞേൽത്തുക — ഞേററുക; ചെല്ക — ചെല്ത്തുക;

iv. ളകാരാന്തം — ചുരുൾ — ചുരുട്ടുക. തിരളുക — തിരട്ടുക; നീളുക — നീട്ടുക, വിരളുക — വിരട്ടുക, പുരളുക — പുരട്ടുക, വരളുക — വരട്ടുക; വറളുക — വറട്ടുക, വീളുക — വീട്ടുക.

2. ലകാരത്തിന്നു തകാരം പരമായാൽ രണ്ടും ററ ആകും. ററ ഇപ്പോൾ ത്ത ആയിരിക്കുന്നു.

അകല് + തുക = അകററുക അകത്തുക. വില് + തു — വിററു.

ഴകാരാന്തം — അമിഴുക — അമിഴ്ത്തുക. ആഴുക — ആഴ്ത്തുക. കമിഴുക — കമിഴ്ത്തുക; കവിഴുക — കവിഴ്ത്തുക. താഴുക — താഴ്ത്തുക — താത്തുക; നികളുക — നികഴ്ത്തുക; പുകഴുക — പുകഴ്ത്തുക. വാഴുക — വാഴ്ത്തുക; വീഴുക — വീഴ്ത്തുക.

കാൺ + തുക = കാട്ടുക; ഊൺ + തുക = ഊട്ടുക.

ചില ഹേതുക്രിയകളുടെ പ്രാചീനരൂപങ്ങൾ:— അകപ്പെടുക — അകപ്പെടുക്ക. അമരുക — അമക്ക, അരളുക — അരട്ടുക, തളരുക — തളക്ക, ഉയരുക — ഉയക്ക, തുയരുക — തുയക്ക, തുരുക — തുക്ക, തൊടുക = തൊടുക്ക, മലരുക — മലക്ക.

ഇവയുടെ ആധുനികരൂപങ്ങളെ പറഞ്ഞു വ്യത്യാസം കാണിക്ക.

154. 1. പ്രാപ്തകർമ്മങ്ങളിൽ നിന്നും ഹേതുക്രിയകൾ ഉത്ഭവിക്കും.

അടങ്ങു — അടക്കു — അടക്കിക്കു; അടയു — അടെക്ക — അടെപ്പിക്ക; അരളുക — അരട്ടുക — അരാളിക്ക; അറുക — അറുക്ക — അറുപ്പിക; ആടുക — ആട്ടുക — ആട്ടിക്ക.

2. ചില ധാതുക്കളുടെ ഹേതുക്രിയകൾക്കു് ഒന്നിലധികം രൂപങ്ങൾ ഉണ്ടാകും.

i. അറിയുക — അറിയിക്ക — അറിവിക്ക, അറിയിപ്പിക്ക; ii. അലയുക — അലക്ക — അലെക്കിക്ക — അലെപ്പിക്ക; iii. ആറുക — ആറിക്ക, ആററുക — ആററിക്ക; iv. ഇടയുക, ഇടെക്ക, ഇടയിക്ക; v. ഇരിക്ക, ഇരുത്തുക, ഇരുത്തിക്ക,. vi. ഉണങ്ങു — ഉണക്കിക്ക — ഉണക്കിപ്പിക്ക. vii. ഉണരുക — ഉണത്തുക — ഉണത്തിക്ക; viii. എത്തുക — എത്തിക്ക — എത്തിപ്പിക്ക;

ix. കാൺ — കാണിക്ക — കാട്ടുക. x. കെട്ടുക — കെട്ടിക്ക — കെട്ടിപ്പിക്ക. xi. കൊല്ലുക — കൊല്ലിക്ക — കൊല്ലിപ്പിക്ക. xii. ചെയ് — ചെയ്യിക്ക — ചെയ്യിപ്പിക്ക. xiii. നടക്ക — നടത്തുക, നടത്തിക്ക — നടത്തിപ്പിക്ക. xiv. വരിക, വരുത്തുക, വരുവിക്ക, വരുത്തിക്ക.

(b) സമഭിഹാരക്രിയകൾ.

155. 1. ധാതുവിനോടു 'ങ്ങു' ചേൎത്തുണ്ടാകുന്ന പ്രകൃതിക്രിയാവ്യാപാരം പല പ്രാവശ്യവും ആവൎത്തിച്ചു കൊണ്ടിരിക്കുന്നു എന്നു കാണിക്കുമ്പോൾ അതിനെ സമഭിഹാരക്രിയ എന്നു പറയും.

മിന്നു — മിന്നുങ്ങു; ഞെള്ളു — ഞെളുങ്ങു; ചൂള്ളു — ചുള്ളുങ്ങു; പാളു — പളുങ്ങു.

അഭ്യാസം—ധാതുക്കളുടെ വികാരങ്ങളെ വിവരിക്കുക.

2. ധാതുവിന്റെ അഭ്യാസത്താൽ വ്യാപാരത്തിന്റെ ഭൃശാൎത്ഥം (ആധിക്യാൎത്ഥം) കാണിക്കാം.

കുതികുതിച്ചു മണ്ടുന്ന കുതിരകൾ. മുഖം വെളുവെളുത്തു വരുന്നു. അംഗം നുറുനുറുങ്ങി വീഴും.

കിടുകിടുക്ക, കിരുകിരുക്ക, കിറുകിറുക്ക, കിലുകിലുക്ക, കശുകശുക്ക, കുളുകുളുക്ക, ചുളുചുളുക്ക, ഞെണുഞെണുക്ക, തെളുതെളുക്ക, പതുപതുക്ക, പിണുപിണുക്ക, പിറുപിറുക്ക, മൊറുമൊറുക്ക, വെളുവെളുക്ക.

ഇങ്ങനെ ഇരട്ടിച്ച ധാതുക്കൾ ഭാവരൂപങ്ങളായി ക്രിയയെ വിശേഷിക്കും.

3. ചില അകൎമ്മകക്രിയകളിൽ നിന്നുണ്ടായ ഹേതുക്രിയകൾക്കു പ്രേരണാൎത്ഥമില്ലാഴ്കയാൽ അവ വ്യാപാരത്തിന്റെ ഭൃശാൎത്ഥം കാണിക്കുന്ന സമഭിഹാരക്രിയകളാകുന്നു.

അലറിക്ക, ഉന്നിക്ക, കന്നിക്ക, ക്രമ്പിക്ക, കൊഞ്ചിക്ക, ചുവത്തുക, ചെങ്ങിക്ക, ഞൊറിക്ക, നരുമ്പിക്ക, നൊണ്ടിക്ക, പിടെക്ക, പുളെക്ക, പൊടിക്ക, മിന്നിക്ക, മുറിക്ക, മെല്ലിക്ക, മോയിക്ക, വൈകിക്ക.

(c) ഭാഷീകൃതസംസ്കൃതധാതുക്കൾ.

156. സംസ്കൃതക്രിയാപദങ്ങളെ പരിഭാഷ ചെയ്യുമ്പോൾ സംസ്കൃതധാതുക്കളെ എളുപ്പം അറിവാൻ ചെയ്ത നിശ്ചയങ്ങൾ ഹേതുവായി ഭാഷയിൽ സംസ്കൃതധാതുക്കളെ ധാരാളം പ്രയോഗിക്കാറുണ്ടു.

1. സംസ്കൃതധാതുക്കളെ ഭാഷീകരിപ്പാൻ അവയോട് ഇക്കപ്രത്യയം ചേൎക്കും. അപ്പോൾ ധാതുക്കളുടെ അന്ത്യസ്വരത്തിന്നും ഉപാന്ത്യഹ്രസ്വത്തിന്നും ഗുണം വരും. (40)

a. ജി + ഇക്ക. ഗുണം വന്നിട്ടു ജേ + ഇക്ക എന്നാകും. ജേയിലെ ഏകാരത്തിന്ന് അയ് ആദേശം വന്നാൽ ജയ് + ഇക്ക എന്നാകും. സംഹിതയിൽ ജയിക്ക എന്ന രൂപം കിട്ടും. അതു പോലെ ക്ഷി + ഇക്ക—ക്ഷേ + ഇക്ക—ക്ഷയ് + ഇക്ക – ക്ഷയിക്ക. ആശ്രി + ഇക്ക = ആശ്രയിക്ക; നീ + ഇക്ക = നയിക്ക. (92)

b. ദ്രു + ഇക്ക = ദ്രോ + ഇക്ക = ദ്രവ് + ഇക്ക = ദ്രവിക്ക; ഭൂ + ഇക്ക = ഭവിക്ക; ശ്രു + ഇക്ക = ശ്രവിക്ക. സ്രു + ഇക്ക = സ്രവിക്ക.

c. ഹൃ + ഇക്ക = ഹർ + ഇക്ക = ഹരിക്ക; ഭൃ + ഇക്ക = ഭരിക്ക; മൃ + ഇക്ക = മരിക്ക; സൃ + ഇക്ക = സരിക്ക; ധൃ + ഇക്ക = ധരിക്ക, വൃ + ഇക്ക – വരിക്ക, ഉപകൃ + ഇക്ക – ഉപകരിക്ക; സ്മൃ + ഇക്ക – സ്മരിക്ക.

d. ഉപാന്ത്യഹ്രസ്വം – ബുധ് + ഇക്ക – ബോധിക്ക; ഉപദിശ് + ഇക്ക – ഉപദേശിക്ക; ഘുഷ് + ഇക്ക = ഘോഷിക്ക, യുജ് + ഇക്ക – യോജിക്ക, കൃഷ് + ഇക്ക – കൎഷിക്ക, വൃഷ് + ഇക്ക – വൎഷിക്ക, ഹൃഷ് + ഇക്ക – ഹൎഷിക്ക; സംതുഷ് + ഇക്ക – സന്തോഷിക്ക, വൃൽ + ഇക്ക = വൎത്തിക്ക = സൃജ + ഇക്ക = സൎജ്ജിക്ക, സ്പൃശ് + ഇക്ക – സ്പൎശിക്ക. അന്ത്യവൎണ്ണത്തിന്നു മുമ്പുള്ള ഹ്രസ്വം ഉപാന്ത്യഹ്രസ്വം. പുഷ് എന്നതിലേ അന്ത്യഷകാരത്തിന്നു മുമ്പുള്ള ഉകാരം ഉപാന്ത്യഹ്രസ്വമാകുന്നു.

2. ആശ്രി, ഉദി, ദൃഷ്, ദൃഹ്, രുച്, രുദ്, സ്ഫുട്, സ്ഫുർ ഇത്യാദിധാതുക്കൾക്ക് ഇക്ക പരമായാൽ ഗുണമില്ല. വിലസ് ധാതുവിന്നു ഇക്ക വേണ്ടാ.

ആശ്രിക്ക, ഉദിക്ക, ദൃഷിക്ക, സ്ഫുടിക്ക, സ്ഫുരിക്ക. വിലസുക. അസ്തം + ഇ + ഇക്ക = അസ്തമിക്ക. ഉപനി + ഇക്ക – ഉപനയിക്ക; ഉപനിക്ക. ഉപദ്രു + ഇക്ക = ഉപദ്രിക്ക. ഉപദ്രവിക്ക, ആശ്രയിക്ക എന്നും ഉണ്ടു.

3. സംസ്കൃതനാമങ്ങളോട് ഇക്ക ചേൎന്നുണ്ടായ ക്രിയകൾ നാമധാതുക്കൾ ആകുന്നു.

i. പ്രസ്താവം – പ്രസ്താവിക്ക; പ്രവാഹിക്ക; (പ്രവഹിക്ക), ഗൎവ്വിക്ക, മദ്യപിക്ക, പ്രയോഗിക്ക, അനുശോകിക്ക, ശോചിക്ക, താമസിക്ക, അഹംഭാവിക്ക,